www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 06 | 2017 FEBRUARY 18 | ₹ 10

## പുഷ്ടിപ്പെടുത്തേണ്ട മതേതര രാഷ്ട്രീയ ഐക്യം

# മതേതര ഗവൺമെന്റും മുസ്‌ലിം ന്യൂനപക്ഷവും




ആശിച്ചാൽ കിട്ടുമോ പ്രവാചകത്വം?

ഭിന്നതകൾക്കുള്ള പരിഹാരം

സ്വന്തമായി എന്തുണ്ടിവിടെ?

മനുസ്മൃതിയും ജാതി വ്യവസ്ഥിതിയും

ജനാധിപത്യ ജെല്ലിക്കെട്ട്

WISDOM
GLOBAL ISLAMIC MISSION

EMPOWER
campus chapter

# MSM PROFCON

to the right goal...
through the right path...

## 21ST PROFESSIONAL STUDENTS' GLOBAL CONFERENCE

2017
MARCH 10 11 12
PALAKKAD

## Share the contacts of professional students that you know

| Place | Contact |
|---|---|
| DELHI | 9539773494<br>8547563411 |
| CHENNAI | 7736615875<br>9809100201 |
| HYDERABAD | 8129038430<br>9633307729 |
| BANGALORE | 9447792182<br>8150047868 |
| COIMBATORE | 7200742635<br>9497636899 |
| PONDICHERRY | 9645266962 |
| MANGALORE | 9633771616 |
| ERODE | 9633397957<br>9544088477 |
| MUMBAI | 9746169778 |
| PUNE | 9497153499 |
| WAALAYAR | 7736952100 |
| TRICHY | 8122357785 |
| MANIPAL | 7259500438 |
| SELAM | 9656287619 |
| OOTY | 9947786738 |
| MYSORE | 9048494906 |
| THANJAVUR | 9486748546 |
| NAGARCOIL | 8891011220 |
| BIJAPUR | 9061997204 |

National Team: 7736615875 , 9746985135, 9633014375
Kerala: 9633014375, 8089170487, 8943495272

നേർപഥം
വാരിക

0006 / 2017 ഫെബ്രുവരി 18 / 1438 ജമാദുൽ അവ്വൽ 23 / പുസ്തകം 01 / ലക്കം 06



10

# മതേതര ഗവൺമെന്റും മുസ്‌ലിം ന്യൂനപക്ഷവും

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**മുഖമൊഴി**

വിഘടിക്കുവാനല്ല സംഘടന / 05
എഡിറ്റർ

**സമകാലികം**

പുഷ്ടിപ്പെടുത്തേണ്ട മതേതര രാഷ്ട്രീയ ഐക്യം / 06
സുഫ്‌യാൻ അബ്ദുസ്സലാം

**കാഴ്ച**

കണ്ണുനീർ കുടിപ്പിക്കുന്ന ന്യൂജെൻ തലമുറ / 9
ഇബ്നു അലി എടത്തനാട്ടുകര

**ബാലപഥം**

തുള വീണ മനസ്സുകൾ / 18
തൻസീൽ

**പാരന്റിംഗ്**

ഗർഭകാല ചിന്തകൾ / 30
അഷ്റഫ് എകരൂൽ

**കൂട്ടായ്മ**

ഭിന്നതകൾക്കുള്ള പരിഹാരം / 22
ടി.കെ.അശ്റഫ്

**ലേഖനങ്ങൾ**

മനുസ്മൃതിയും ജാതി വ്യവസ്ഥിതിയും / 14
ഉസ്മാൻ പാലക്കാഴി

സ്വന്തമായി എന്തുണ്ടിവിടെ?/ 20
എസ്.എ ഐദീദ് തങ്ങൾ

ആശിച്ചാൽ കിട്ടുമോ പ്രവാചകത്വം? / 26
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**

ബന്ധം മുറിക്കാൻ പ്രേരിപ്പിക്കുന്ന ഭർത്താവ് / 29
ഹാരിസ് ബിൻ സലീം

**നമുക്ക് ചുറ്റും**

ജനാധിപത്യ ജെല്ലിക്കെട്ട് / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### മാധ്യമധർമം മറക്കുന്ന പത്രങ്ങൾ

പത്രങ്ങൾക്ക് വ്യാപകമായ ധർമം നിർവഹിക്കാനുണ്ട്. അത് ഇല്ലാതാകുമ്പോൾ അവ വെറും കടലാസ് തുണ്ടുകളാകുന്നു. വർത്തമാന കാലത്ത് ചില മലയാള പത്രങ്ങൾ ധർമം മറന്ന് പ്രവർത്തിക്കുന്നതായി കാണുന്നു. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെയും വക്കം മൗലവിയുടെയും അതുപോലെ പ്രശസ്തരായ, ധീരന്മാരും ധിഷണാശാലികളും മൂല്യബോധമുള്ളവരുമായ കുറെ പഴയകാല പത്രപ്രവർത്തകരുടെ ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണിത്. അവരെല്ലാം പത്രപ്രവർത്തന രംഗത്ത് ഉണ്ടാക്കിയെടുത്ത മൂല്യബോധങ്ങളെ ചില സ്ഥാപിത താൽപര്യക്കാരായ പത്രമുതലാളിമാർ പത്രപ്രവർത്തകരിലൂടെ തകർക്കുന്ന കാഴ്ചയാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

ഫാസിസ്റ്റുകളുടെ കൂലി എഴുത്തുകാരായി പല പത്രപ്രവർത്തകരും മാറിയിരിക്കുന്നു; അഥവാ പത്രമുതലാളിമാർ അവരെക്കൊണ്ട് അങ്ങനെ ചെയ്യിക്കുന്നു. ഇത് വെറും ആരോപണമല്ല; വസ്തുതയാണ്.കേരളത്തിനു പുറത്തും വിദേശ രാജ്യങ്ങളിലുമുള്ള നിരവധി പത്രങ്ങളും ഇതര മാധ്യമങ്ങളും ചില വാർത്തകളെ തമസ്കരിക്കുകയും ചില വാർത്തകളെ ഊതിവീർപ്പിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നത് കണ്ടില്ലെന്ന് നടിക്കാനാവില്ല.

ഉദാത്ത സംസ്കാരത്തിന്റെയും ധർമത്തിന്റെയും ഈറ്റില്ലമെന്നും ദൈവത്തിന്റെ സ്വന്തം നാടെന്നും വിശേഷിപ്പിക്കപ്പെടുന്ന മലയാളനാടിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. സത്യത്തിനും നീതിക്കും ന്യായമായ അവകാശങ്ങൾക്കും വേണ്ടി തൂലിക ചലിപ്പിച്ച മുൻഗാമികളെ മറക്കുന്ന കാഴ്ചകൾ ഏറെ വേദനാജനകമാണെന്ന് പറയാതെ വയ്യ.

മുമ്പ് ഈ അസുഖം ഇത്ര വ്യാപകമായിരുന്നില്ല. ഇന്ന് വലിയ പാരമ്പര്യവും പഴക്കവും അവകാശപ്പെടുന്ന ചില പത്രങ്ങളും ഒളിഞ്ഞും തെളിഞ്ഞും ഇരുട്ടിന്റെ ശക്തികൾക്ക് ചൂട്ട് പിടിക്കുന്നതായി നാം കാണുന്നു. ഒരു സമുദായത്തെ അപകീർത്തിപ്പെടുത്താൻ തക്കം പാർത്തിരിക്കുന്നു. അവസരങ്ങൾ ലഭിക്കുമ്പോൾ ചാടിവീഴുന്നു. അടിസ്ഥാനമില്ലാത്ത വാർത്തകൾ പടച്ചുവിടുന്നു. പ്രകോപനപരമായി പ്രതികരിക്കാനും തെറ്റുധാരണകൾ സൃഷ്ടിക്കാനും അവസരമൊരുക്കുന്നു. വിവാദമായാൽ ആരും കാണാത്ത ഒരു മൂലയിൽ ഖേദപ്രകടനത്തിന്റെ ഏതാനും പദങ്ങൾ അടിച്ചുവിടുന്നു. ഉദ്ദേശം നടക്കുകയും ചെയ്തു; ഖേദപ്രകടനത്തിലൂടെ വിവാദത്തിൽനിന്ന് തടിയൂരുകയും ചെയ്തു!

സ്വന്തം മതത്തിന്റെ വിശ്വാസാചാരങ്ങളിൽ ഉറച്ച് നിന്ന് കൊണ്ട്, മറ്റുള്ളവരുടെ വിശ്വാസാചാരങ്ങളെ നിന്ദിക്കാതെ സത്യത്തിന്റെയും നീതിയുടെയും പത്ര പാതയിൽ കണ്ണികളായ മുൻഗാമികൾ. അവർ പത്രധർമം തിരിച്ചറിഞ്ഞവരായിരുന്നു.

പത്രമാധ്യമങ്ങൾ രാജ്യത്തിന്റെ നാലാം തൂണായി വിശേഷിപ്പിക്കപ്പെടുന്നവയാണ്. ജനങ്ങളെ വഴിനടത്താൻ കെൽപുള്ളവ. എന്നാൽ എവിടെയാണ് പത്രങ്ങൾക്ക് തെറ്റിയത്? കടലാസ് തുണ്ടുകൾക്കും പേരുകൾക്കും ഏതായാലും പിഴവുപറ്റില്ല. അത് ആരാണോ നടത്തുന്നത് അവർ തന്നെയാണ് പ്രതികൾ.

ഒരു പ്രത്യേക സമുദായത്തിന്റെ വിശ്വാസ, ആചാര, അനുഷ്ഠാനങ്ങൾക്ക് നേരെ കുതിരകയറുക. അവർ ആദരിക്കുന്നവരെ അധിക്ഷേപിക്കുക...! ഇതൊക്കെ ധാർമികബോധമുള്ള പത്രങ്ങൾക്ക് യോജിച്ചതാണോ?

സാമ്പത്തിക നേട്ടം മാത്രം ലക്ഷ്യമാക്കിയുള്ള പത്രനടത്തിപ്പും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കാൻ കാരണമാകുന്നു. കാശ് കിട്ടിയാൽ മതി; ഏത് പരസ്യവും പ്രസിദ്ധീകരിക്കും. കുത്തക മുതലാളിമാർക്ക് അലോസരമുണ്ടാക്കുന്ന ചില വാർത്തകൾ മൂടിവെക്കും. അവർ നൽകുന്ന പരസ്യം മുടങ്ങരുതല്ലോ. ഇതിനൊരു മാറ്റമുണ്ടാകാൻ സാധ്യതയുണ്ടോ? ആശിക്കാം; അത്രമാത്രം.

'നേർപഥം' 5-ാം ലക്കത്തിലെ 'വംശവെറിയുടെ വമ്പ് പറയുന്ന ട്രംപ്', 'കാനഡയിൽനിന്ന് ഒരു മനുഷ്യ ശബ്ദം' എന്നീ ലേഖനങ്ങൾ കാലികവും ഏറെ ശ്രദ്ധേയവുമായിരുന്നു. കുട്ടികൾക്ക് നേർവഴി കാട്ടുന്ന കൊച്ചു കഥയുമായി 'നേർപഥ'ത്തിന്റെ എല്ലാ ലക്കവും അണിഞ്ഞൊരുങ്ങുന്നതിൽ സന്തോഷമുണ്ട്.

**-മൂനിസ് അൻസാരി ബാലുശ്ശേരി**

**വായനക്കാരുടെ പ്രതികരണങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

മുഖമൊഴി

# വിഘടിക്കുവാനല്ല സംഘടന!

“അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അദ്ദേഹത്തോടൊപ്പം അവർ വല്ല പൊതുകാര്യത്തിലും ഏർപെട്ടിരിക്കുകയാണെങ്കിൽ അദ്ദേഹത്തോട് അനുവാദം ചോദിക്കാതെ അവർ പിരിഞ്ഞു പോകുകയില്ല. തീർച്ചയായും നിന്നോട് അനുവാദം ചോദിക്കുന്നവരാരോ അവരാകുന്നു അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നവർ. അങ്ങനെ അവരുടെ എന്തെങ്കിലും ആവശ്യത്തിന് വേണ്ടി (പിരിഞ്ഞ് പോകാൻ) അവർ നിന്നോട് അനുവാദം ചോദിക്കുകയാണെങ്കിൽ അവരിൽ നീ ഉദ്ദേശിക്കുന്നവർക്ക് നീ അനുവാദം നൽകുകയും, അവർക്ക് വേണ്ടി നീ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു” (ക്വുർആൻ 24:62).

വിശ്വാസികൾ അവരുടെ സംഘടിത ജീവിതത്തിലും സംഘടനാകാര്യങ്ങളിലും അനുഷ്ഠിക്കേണ്ട ഇസ്‌ലാമിക ബാധ്യതകളാണ് ഈ വചനത്തിൽ അല്ലാഹു പഠിപ്പിക്കുന്നത്. സത്യവിശ്വാസികൾ ഒരുഭാഗത്തും സത്യനിഷേധികളുടെ മുഴുവൻ സംഘങ്ങളും മറുഭാഗത്തും അണിനിരന്നുകൊണ്ട് അഹ്സാബ് യുദ്ധത്തിനൊരുങ്ങുന്ന സന്ദർഭമാണ് ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം എന്ന് വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ട്.

നബിﷺയും അനുയായികളും ശത്രുക്കളെ തടുക്കുവാൻ വേണ്ടി ഒരു കിടങ്ങ് (ഖൻദക്) കുഴിക്കുകയാണ്. ധൃതിപിടിച്ച ജോലി നടക്കുന്നതിനിടയിൽ കപടന്മാരിൽ ചിലർ രംഗത്തുനിന്ന് ഒഴിഞ്ഞുമാറി. അവർക്ക് വിശ്വാസികളെ സംരക്ഷിണമെന്ന ബോധത്തെക്കാൾ സ്വന്തം കാര്യമായിരുന്നു പ്രധാനം. സത്യവിശ്വസികളാകട്ടെ അത്യാവശ്യം വരുമ്പോൾ നബിﷺയോട് സമ്മതം വാങ്ങി പുറത്തുപോകുകയും ആവശ്യം കഴിഞ്ഞാൽ തിരിച്ചുവന്ന് കാര്യത്തിൽ സഹകരിക്കുകയും ചെയ്തു. ഇതാണ് ഖൻദക്വിൽ സംഭവിച്ചത്.

അവതരണ പശ്ചാത്തലം എന്തായിരുന്നാലും സംഘടിത ജീവിതത്തിന്റെ മര്യാദകൾ നാം ഇതിൽ കാണുന്നു. ഒരു സംഘവും അതിന്റെ നേതാവും തമ്മിലുള്ള ബന്ധത്തെയും ആ നേതാവിനെ അനുസരിച്ചുകൊണ്ട് സംഘടിതമായ പ്രവർത്തന പരിപാടികളിൽ അച്ചടക്കത്തോടെ സഹകരിക്കുന്നതിന്റെ പ്രാധാന്യത്തെയും ഇതിൽ അല്ലാഹു പഠിപ്പിക്കുന്നു. പ്രവാചകൻﷺനേതാവായ നബിﷺയും അനുയായികൾ എന്ന നിലക്ക് സ്വഹാബികൾ അനുവർത്തിക്കേണ്ട അച്ചടക്ക മര്യാദകൾ മാത്രമല്ല ഈ പറയുന്നത്. പ്രകൃതിമത; പ്രമാണബദ്ധമായി പ്രബോധനം ചെയ്യുവാൻ വേണ്ടി പ്രബോധനം ചെയ്യുവാൻ വേണ്ടി സംഘടിച്ച എല്ലാവരും ഈ നേതൃ-അനുയായിബന്ധം നിലനിർത്താൻ ബാധ്യസ്ഥരാണ്. സംഘടന, സംഘടിത പ്രവർത്തനങ്ങൾ എന്നിവ വ്യക്തികളെക്കൊണ്ട് നിലനിൽക്കുന്നതാണെങ്കിലും വ്യക്തികൾക്കതീതമായ ഒരസ്തിത്വം സംഘടനക്കുണ്ട്.

വിശുദ്ധ ക്വുർആനിനെയും നബിചര്യയെയും കലവറയില്ലാതെ പിൻപറ്റുന്ന ഒരു സംഘടനയുടെ അസ്തിത്വം പവിത്രമാണ്. ഈ പവിത്ര സംരക്ഷിക്കാൻ നാം ബാധ്യസ്ഥരുമാണ്.

ഉബാദതുബ്നു സ്വാമിത്ﷺ പറയുന്നു: “ഞങ്ങൾ നബിﷺയോട് പ്രതിജ്ഞ ചെയ്തു; പ്രയാസത്തിലും എളുപ്പത്തിലും ഇഷ്ടത്തിലും അനിഷ്ടത്തിലും കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്നും അക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് ശണ്ഠ കൂടുകയില്ലെന്നും; അല്ലാഹുവിങ്കൽനിന്നുള്ള വ്യക്തമായ തെളിവുകളുള്ളവിധം സത്യനിഷേധം കണ്ടാലൊഴികെ. ഞങ്ങൾ ഏതുഘട്ടത്തിലും എവിടെയും സത്യം പറയുമെന്നും അല്ലാഹുവിന്റെ കാര്യത്തിൽ ആക്ഷേപകന്റെ ആക്ഷേപം ഞങ്ങൾ ഭയപ്പെടുകയില്ല എന്നും ഞങ്ങൾ നബിﷺയോട് കരാർ ചെയ്തു” (ബുഖാരി, മുസ്‌ലിം). സംഘടിത ജീവിതത്തിന്റെ ഇരുതട്ടിലുമുള്ള ബാധ്യതകൾ ഈ ഹദീഥിൽനിന്നും വ്യക്തമാണ്.

റസൂലിന്റെ കൂടെ പൊതുകാര്യത്തിലായിരിക്കുമ്പോൾ സമ്മതം ചോദിച്ചു പോകുന്നവരാണ് അല്ലാഹുവിനെയും റസൂലിനെയും വിശ്വസിക്കുന്നവർ എന്ന ക്വുർആനിന്റെ പ്രസ്താവന അച്ചടക്കത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഏതൊരു സംഘടിത സമൂഹത്തിന്റെയും ശക്തിയാണ് ഈ അച്ചടക്കം. സംഘടനക്ക് ഈ ശക്തി നഷ്ടപ്പെട്ടാൽ അതിനെ നയിക്കുന്ന വ്യക്തികൾ മാറിവന്നാലും ഈ ബലക്ഷയം അവശേഷിക്കുമെന്നതാണ് വസ്തുത. അനുയായികളുടെ അനുസരണ ബാധ്യത പോലെത്തന്നെ നായകന്മാരുടെ ഉത്തരവാദിത്തവും ഇതോടൊപ്പം ചേർത്തു പറയേണ്ടതാണ്. നബിﷺ പറഞ്ഞു: “ഒരാളെ അല്ലാഹു ഒരു സമൂഹത്തിന്റെ നായകത്വം ഏൽപിച്ചു. എന്നിട്ടവരെ അയാൾ വഞ്ചിച്ചുകൊണ്ട് മരണപ്പെട്ടാൽ സ്വർഗം അവന് നിഷിദ്ധമായിരിക്കും” (ബുഖാരി, മുസ്‌ലിം).

ചുരുക്കത്തിൽ നേതൃസ്ഥാനത്തിരിക്കുന്നവരുടെ ആദർശ പ്രതിബദ്ധതയും സത്യനിഷ്ഠയും അനുയായികളുടെ അനുസരണവുമാണ് ഇസ്‌ലാമിക സംഘടിത വ്യവസ്ഥയിലെ അടിസ്ഥാനശിലകൾ. ഇവയ്ക്ക് ഇളക്കംതട്ടിയാൽ കൂട്ടായ്മ ശിഥിലമാകും. മുജാഹിദ് സംഘടനയിൽ നടക്കുന്ന ആനുകാലിക സംഭവ വികാസങ്ങൾ അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. വ്യക്തികളുടെ ഒറ്റപ്പെട്ടതും യുക്തിചിന്തയിൽ അധിഷ്ഠിതവുമായ അഭിപ്രായങ്ങളിലേക്ക് സംഘടനയെ ചുരുട്ടിക്കൂട്ടാൻ ശ്രമിച്ചാലുള്ള ദുരന്തഫലം ഭീകരമായിരിക്കും. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# പുഷ്ടിപ്പെടുത്തേണ്ട മതേതര രാഷ്ട്രീയ ഐക്യം

**രാജ്യം ഫാഷിസത്തിന് അടിയറവ് പറഞ്ഞു കൊണ്ടിരിക്കുന്നു. മതേതര കക്ഷികളുടെ മൗനം പലപ്പോഴും ഭീതി സൃഷ്ടിക്കുന്നു. ഭരണഘടന വിഭാവനം ചെയ്ത ലക്ഷ്യത്തിൽ നിന്ന് ബഹുദൂരം നാം വ്യതിചലിച്ചു പോയോ? ഒരു മതേതര രാഷ്ട്രീയ ഐക്യത്തിന് പ്രസക്തിയുണ്ടോ? സമകാലിക രാഷ്ട്രീയ സംഭവവികാസങ്ങളെ മുൻനിർത്തിയുള്ള വിലയിരുത്തൽ**

**അ**ഞ്ച് സംസ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഗോവയിലും പഞ്ചാബിലും തെരഞ്ഞെടുപ്പ് പൂർത്തിയായി. ഉത്തർപ്രദേശിലും ഉത്തരാഖണ്ഡിലും തെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. മണിപ്പൂരിൽ മാർച്ചിലാണ് തെരഞ്ഞെടുപ്പ്. രാജ്യം അപകടകരമാം വിധം ഫാഷിസത്തിന്റെ നീരാളിപ്പിടുത്തത്തിൽ അമർന്നെരിയുമ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ തെരഞ്ഞെടുപ്പ് രാജ്യത്തിന്റെ ഭാവി ഭാഗധേയം തന്നെ നിർണയിക്കാൻ പര്യാപ്തമാണ്. 2019ൽ വരാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പിന്റെ റിഹേഴ്സൽ ആയി ഈ തെരഞ്ഞെടുപ്പിനെ കാണുന്നവരുണ്ട്. യു.പി. തെരഞ്ഞെടുപ്പ് ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമാണ്. ലോകസഭക്ക് ശേഷം രാജ്യസഭയിലും കേവലഭൂരിപക്ഷം ലഭിക്കുന്നതിന് അവർക്ക് യു.പിയിൽ വലിയ വിജയം അനിവാര്യമാണ്.

നിരവധി പാർട്ടികളും മുന്നണികളും കേന്ദ്രം ഭരിച്ചിട്ടുണ്ട്. ഭരിച്ചുകൊണ്ടിരിക്കുന്ന പാർട്ടികൾക്കും മുന്നണികൾക്കുമെതിരെ കാലാകാലങ്ങളിൽ രാഷ്ട്രീയമായ വിമർശനങ്ങളും എതിർപ്പുകളും ഉണ്ടാവാറുണ്ട്. എന്നാൽ 2014ലെ ലോകസഭാ തെരഞ്ഞെടുപ്പിന് ശേഷം നരേന്ദ്രമോദിയും അമിത്ഷായും ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരകേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. ഭരണകൂടം നിശ്ചയിക്കുന്നതെന്തും അനുസരിച്ചേ മതിയാവൂ എന്ന് നിശ്ചയിച്ചുറപ്പിച്ചുകൊണ്ടാണ് ബി. ജെ. പി. ഭരിച്ചുകൊണ്ടിരിക്കുന്നത്. പഴയ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിൽ പ്രജകൾക്ക് പ്രതികരണാവകാശമില്ലായിരുന്നു. എന്നാൽ ജനാധിപത്യവ്യവസ്ഥയിൽ അവർ പ്രജകളാണെന്നതിനെക്കാൾ അവർ പൗരന്മാരാണ്. പൗരന്മാർ

ക്ക് മൗലികമായ അവകാശങ്ങളുണ്ട്. തീന്മേശയിൽ നിന്ന് തുടങ്ങി മരണക്കിടക്കയിൽ വരെ ഫാഷിസം ഇടപെട്ടുകൊണ്ടിരിക്കുന്നു. എന്തെഴുതണമെന്നും എന്ത് ആവിഷ്‌ക്കരിക്കണമെന്നും എന്ത് ധരിക്കണമെന്നും എന്ത് ഭക്ഷിക്കണമെന്നും ഭരണകൂടം നിശ്ചയിക്കും. അതിനെതിരെ പ്രതികരിക്കുന്നവരെയൊക്കെ രാജ്യദ്രോഹികളായി പ്രഖ്യാപിച്ചുകൊണ്ട് ഭീതിയുടെ സാഹചര്യം നിലനിർത്തും. ജനങ്ങളുടെ കൈവശമുള്ള കറൻസികളിൽ പോലും ഫാഷിസം സമർഥമായി ഇടപെടുന്നു. ചുരുക്കത്തിൽ രാജ്യവും രാജ്യത്തെ ജനങ്ങളും അസ്വസ്ഥരാണ്. സഹിഷ്ണുതയും സഹവർത്തിത്വവും സ്വാതന്ത്ര്യവും അനുഭവിച്ചും ആസ്വദിച്ചും ജീവിച്ച ഒരു ജനസഞ്ചയത്തിനു മുമ്പിൽ ഇത്തരം അസഹിഷ്ണുതയും പാരതന്ത്ര്യവും അടിച്ചേൽപിക്കുമ്പോൾ തിരിച്ചടി സ്വാഭാവികമാണ്. അതുകൊണ്ടാണ് നരേന്ദ്ര മോഡി അധികാരത്തിൽ വന്ന ശേഷം നടന്ന ദൽഹി, ബീഹാർ തെരഞ്ഞെടുപ്പുകളിൽ തന്നെ ജനങ്ങൾ നിലവിലുള്ള ബി.ജെ.പി സർക്കാരിനെതിരെ അതിശക്തമായി പ്രതികരിച്ചത്. യു.പിയിലെയും തെരഞ്ഞെടുപ്പ് നടക്കുന്ന ഇതര സംസ്ഥാനങ്ങളിലെയും സമാധാനവും സ്വസ്ഥതയും ആഗ്രഹിക്കുന്ന മഹാഭൂരിപക്ഷം ഈ തെരഞ്ഞെടുപ്പിനെ യുക്തിഭദ്രമായി ഉപയോഗിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ആറു പ്രധാന മതങ്ങളും 6400 ജാതികളും 1618 ഭാഷകളും വിവിധ നരവംശ വിഭാഗങ്ങളുമൊക്കെയുള്ള ഇന്ത്യ വൈവിധ്യത്തിന്റെതാണ്. ഇത്രയും വൈവിധ്യം നിലനിൽക്കുന്ന മറ്റൊരു രാജ്യവും ലോകത്തില്ല. പക്ഷേ, ഈ വൈവിധ്യങ്ങളെയെല്ലാം യോജിപ്പിക്കുന്നത് ഇന്ത്യ എന്ന വികാരമാണ്. അതായിരുന്നു ബ്രിട്ടീഷ് കൊളോണിയൽ മേധാവിത്തത്തിനെതിരെയുള്ള സമരങ്ങൾക്കും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിനും കാരണമായിരുന്നത്. അതുകൊണ്ടുതന്നെ മതേതരത്വത്തിലധിഷ്ഠിതമായ ശക്തമായ ദേശീയവികാരം ഇന്ത്യയിൽ ജാതിമത വ്യത്യാസമില്ലാതെ രൂപപ്പെട്ടിരുന്നു. അല്ലാമാ ഇഖ്ബാലിന്റെ 'സാരേ ജഹാംസെ അഛാ, ഹിന്ദോസ്താം ഹമാരാ' എന്ന് തുടങ്ങുന്ന പ്രസിദ്ധമായ വരികളിൽ അത് നമുക്ക് ദർശിക്കാൻ സാധിക്കും.

ഗാന്ധിജി നേതൃത്വം നൽകിയിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിന്നിൽ ജാതിമത ചിന്തകൾക്കതീതമായി ജനങ്ങൾ അണിനിരക്കാൻ കാരണമായത് ഇന്ത്യയെന്ന വികാരത്തിന്റെ പേരിലായിരുന്നു. മതചിന്തകളെ എതിർത്തിരുന്നവരും കോൺഗ്രസ്സിന്റെ സാമ്പത്തികനയങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നവരും മതേതരത്വത്തെ അംഗീകരിച്ചുകൊണ്ട് തന്നെ കമ്യൂണിസ്റ്റ് -ഇടത് പ്രസ്ഥാനങ്ങളായി പ്രവർത്തിക്കുകയും ചെയ്തു. അതേസമയം വിഭജനാനന്തര ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ അവരുടേതായ അവകാശ സംരക്ഷണങ്ങളുടെ പേരിൽ സംഘടിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലായിരുന്നു ഇന്ത്യയുടെ മതേതര ഭാവത്തെ പുഷ്ടിപ്പെടുത്തിക്കൊണ്ട് തന്നെ ഇന്ത്യൻ ഭരണഘടന പ്രഖ്യാപിച്ചിട്ടുള്ള മുസ്‌ലിംകളടക്കമുള്ള മതന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിന് വേണ്ടി മുസ്‌ലിംലീഗ് ഇന്ത്യയുടെ രാഷ്ട്രീയമണ്ഡലങ്ങളിൽ സജീവമായത്.

വിവിധങ്ങളായ മതങ്ങളും ജാതികളും സംസ്‌കാരങ്ങളുമുള്ള ഒരു രാജ്യത്ത് മതവിദ്വേഷമില്ലാതെ, അസഹിഷ്ണുതകളില്ലാതെ, പരസ്പരം അറിഞ്ഞും അറിയിച്ചും കൊണ്ടും കൊടുത്തും ജീവിക്കേണ്ടതെങ്ങനെ എന്നതിനെക്കുറിച്ച് വളരെ സുചിന്തിതമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. മതപരമായ വിശ്വാസങ്ങളും ആചാരങ്ങളും ഓരോ വിഭാഗവും കണിശമായി പുലർത്തുമ്പോൾ തന്നെ രാജ്യത്തിനു വേണ്ടിയും രാജ്യക്കാർക്ക് വേണ്ടിയും ഒന്നിച്ച് നിൽക്കണമെന്ന സാമൂഹ്യബോധം അവർക്കുണ്ടായിരുന്നു. ഭൂരിപക്ഷ മതവിഭാഗങ്ങളിൽ പെട്ട വിവിധ ജാതികളും ഉപജാതികളും അവരുടേതായ കാര്യങ്ങൾക്ക് വേണ്ടി സംഘടിക്കുന്നതും ന്യൂനപക്ഷ വിഭാഗങ്ങൾ അവരുടേതായ അവകാശങ്ങൾക്ക് വേണ്ടി സംഘടിക്കുന്നതും രാജ്യത്തിന്റെ അഖണ്ഡതക്ക് എതിരാണെന്ന് ആരും ധരിച്ചിരുന്നില്ല. എന്നാൽ അപ്പോഴും ഒരു ചെറിയ ന്യൂനപക്ഷം മതത്തിന്റെ പേരിൽ അധീശത്വം സ്ഥാപിക്കാൻ വേണ്ടി കൊച്ചുകൊച്ചു സംഘങ്ങൾ രൂപീകരിച്ചിരുന്നു. രാഷ്ട്രശില്പികൾ വൈവിധ്യങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള വിശാലമായ ദേശീയതയിൽ അടിയുറച്ച് നിന്നപ്പോഴും ചിലർ കുറുവടികൾ കയ്യിലേന്തി രാജ്യത്തെ രാമരാജ്യമാക്കാൻ ശ്രമമാരംഭിച്ചു. മതത്തിൽ ബലാൽക്കാരമില്ലെന്ന് പഠിപ്പിച്ച ഇസ്‌ലാമിന്റെ അനുയായികളിൽ ഒരു കൊച്ചുസംഘവും ഇസ്‌ലാമിക രാഷ്ട്രവാദമുന്നയിച്ചിരുന്നു. ഇന്ത്യയിലെ മുസ്‌ലിം രാഷ്ട്രീയ നേതാക്കളും മതപണ്ഡിതന്മാരും ഇത്തരം ചിന്താഗതികൾക്കെതിരെ രംഗത്ത് വരികയും മുസ്‌ലിംകൾക്കിടയിൽ രാജ്യസ്‌നേഹവും ബഹുസ്വരതയും പഠിപ്പിച്ചതുകൊണ്ടുമാണ് അവർക്കിടയിൽ മതേതര കാഴ്ചപ്പാടുകൾ വേരൂന്നിയത്.

1947ൽ സ്വതന്ത്രമാവുകയും 1950ൽ റിപ്പബ്ലിക്കാവുകയും ചെയ്ത ശേഷം ആദ്യമായി ഇന്ത്യയിൽ തെരഞ്ഞെടുപ്പ് നടന്നത് 1951 ഒക്ടോബറിലാണ്. ഈ തെരഞ്ഞെടുപ്പിൽ ആകെയുള്ള 489 ലോകസഭാ മണ്ഡലങ്ങളിൽ 364ലും കോൺഗ്രസ്സായിരുന്നു വിജയിച്ചത്. രണ്ടാം സ്ഥാനത്ത് സ്വതന്ത്രരായിരുന്നു. 16 സീറ്റ് നേടിയ അവിഭക്ത സി.പി.ഐ ആയിരുന്നു പ്രധാന പ്രതിപക്ഷം. ഹിന്ദുരാഷ്ട്രത്തിനു വേണ്ടി വാദിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് ഗോദയിലിറങ്ങിയ ഭാരതീയ ജനസംഘം, അഖില ഭാരതീയ രാമരാജ്യ പരിഷത്ത്,

അഖില ഭാരതീയ ഹിന്ദു മഹാസഭ എന്നീ ഹിന്ദുത്വ സംഘടനകളെ ഇന്ത്യയുടെ മതേതര മനസ്സ് പിഴുതെറിഞ്ഞു. മൂന്ന് സംഘടനകൾക്കും കൂടി ആകെ കിട്ടിയത് പത്ത് സീറ്റായിരുന്നു. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലപ്പുറത്തു നിന്നും മുസ്‌ലിംലീഗിന്റെ ബി. പോക്കർ സാഹിബ് ലോകസഭയിൽ എത്തിയ തെരെഞ്ഞെടുപ്പ് കൂടിയായിരുന്നു അത്. ആർ. എസ്. എസ്സിന്റെ രാഷ്ട്രീയ സ്വരൂപമായിരുന്ന ജനസംഘത്തിന് അക്കാലത്ത് ഇന്ത്യൻ മനസ്സിനെ സ്വാധീനിക്കാൻ കഴിഞ്ഞിരുന്നില്ല. 1977ൽ ജനസംഘം പിരിച്ചുവിട്ടു. ജനസംഘത്തിലെ അംഗങ്ങൾ അടിയന്തരാവസ്ഥയെ തുടർന്ന് രൂപംകൊണ്ട ജനതാപാർട്ടിയിൽ ചേർന്നു. എന്നാൽ ആർ. എസ്. എസ്സുമായുള്ള ബന്ധം വിച്ഛേദിക്കണമെന്ന ജനത പാർട്ടി നേതാക്കളുടെ ആവശ്യവുമായി ഒത്തുപോവാൻ സാധിക്കാതിരുന്ന ജനസംഘം ജനതാപാർട്ടിയിൽ നിന്നും ബന്ധം വേർപെടുത്തി 1980ൽ മറ്റൊരു സംഘടന രൂപീകരിച്ചു. അതാണ് ഭാരതീയ ജനത പാർട്ടി (ബി.ജെ.പി).

എന്നാൽ അധികാരത്തിനു വേണ്ടിയുള്ള മത്സരത്തിനിടയിൽ വർഗീയ ഫാഷിസ്റ്റ് സ്വഭാവമുള്ള സംഘടനകൾക്ക് കൂടി മുന്നണികളിൽ ഇരിപ്പിടം നൽകുമ്പോൾ രാജ്യത്തിന്റെ മതേതരത്വമെന്ന ഇരിക്കുന്ന കൊമ്പിനെയാണ് മുറിക്കുന്നതെന്ന് പല മതേതര പ്രസ്ഥാനങ്ങളും വിസ്മരിച്ചു പോയി. ഗാന്ധിയൻ സോഷ്യലിസത്തിന്റെ പേരിൽ രൂപംകൊണ്ട ജനതാപാർട്ടി ഹിന്ദുത്വ വർഗീയ സംഘടനയായ ജനസംഘത്തെ ഉൾക്കൊള്ളാൻ തയ്യാറായി എന്നത് ഒരു ഹിസ്റ്റോറിക്കൽ ബ്ലണ്ടർ ആയി അവശേഷിക്കുന്നു. എന്നിട്ടും ജനതാപാർട്ടിയിൽ നിന്ന് തെറ്റിപ്പിരിഞ്ഞ ബി. ജെ. പിക്ക് 1984 ൽ നടന്ന അവരുടെ ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഒറ്റക്ക് മത്സരിച്ചപ്പോൾ കേവലം രണ്ട് സീറ്റുകൾ മാത്രമായിരുന്നു ലഭിച്ചത്. എന്നാൽ 1989 ആയപ്പോഴേക്കും വിഘടിച്ച് നിന്ന ജനതാപാർട്ടികൾക്ക് വി.പി സിംഗിന്റെ നേതൃത്വത്തിൽ ജനതാദൾ എന്ന പേരിൽ ഒരു പൊതു പ്ലാറ്റ്ഫോം ഉണ്ടാവുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. ആ മുന്നേറ്റത്തിൽ ബി. ജെ.പിക്കും ഒരു കണ്ണിയാവാൻ അവസരം ലഭിച്ചു. അങ്ങനെ കേവലം രണ്ട് എം. പിമാർ ഉണ്ടായിരുന്ന ബി ജെ പിക്ക് 85 എം.പിമാരെ ലഭിച്ചു. മതേതര പാർട്ടികളുടെ അധികാരത്തിനുവേണ്ടിയുള്ള കുറുക്കുവഴികളിൽ സംഭവിച്ച ഭീമാബദ്ധമായിരുന്നു ഇത്.

ഇന്ന് മറ്റു പ്രസ്ഥാനങ്ങളുടെ സഹായമൊന്നുമില്ലാതെ ഒറ്റക്ക് തന്നെ രാജ്യം ഭരിക്കാമെന്ന സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ എത്തിയപ്പോൾ ഹിന്ദുത്വ പാർട്ടിയുടെ തനിനിറം പുറത്ത് വന്നുകൊണ്ടിരിക്കുന്നു. യു.പി തെരഞ്ഞെടുപ്പിൽ സ്വീകരിക്കുന്ന നിലപാടുകൾ പ്രസക്തമാവുന്നതിവിടെയാണ്. മോഡിയുടെ രംഗപ്രവേശനത്തിന് മുമ്പ് യു.പി രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിർണയിച്ച ഒട്ടനവധി സംഭവങ്ങളുണ്ട്. 1989ലെ മണ്ഡൽ സംവരണ പ്രക്ഷോഭം, 1992ലെ ബാബരി മസ്ജിദ് തകർത്ത സംഭവം എന്നിവ ബി.ജെ.പിയുടെ സംഘടന ബലം വർധിപ്പിക്കാൻ ഉപകരിച്ചുവെന്നത് നേരാണ്. രണ്ട് സംഭവങ്ങൾക്കും നിമിത്തമായത് മതേതര പാർട്ടികളുടെ പിടിപ്പ്കേടും. അതോടൊപ്പം ബി.എസ്.പി, സമാജ്‌വാദി തുടങ്ങി ഒട്ടനവധി പാർട്ടികളുടെ രൂപീകരണം മതേതരവോട്ടുകൾ ഭിന്നിക്കുവാനും കാരണമായി. ഇടക്ക് ബി.ജെ.പിയുമായി സംഖ്യമുണ്ടാക്കി ഭരണത്തിൽ കയറിപ്പറ്റാനും മതേതര സ്വഭാവമുള്ള പാർട്ടികൾ തയ്യാറായി എന്നത് ഫാഷിസത്തിന്റെ കടന്നുവരവിന് ആക്കം കൂട്ടി.

ഇന്ത്യയിലെ മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി ഒരു തീരുമാനമെടുത്താൽ മാത്രം മതി രാജ്യത്തെ ഫാഷിസത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും സംരക്ഷിക്കാൻ. മതേതരവോട്ടുകൾ ഭിന്നിക്കാതെ ഏകീകരിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി രാജ്യത്തിന്റെ ബഹുസ്വരതയെ സ്നേഹിക്കുന്ന പ്രസ്ഥാനങ്ങൾക്കുണ്ടാവേണ്ടതുണ്ട്. അതിന്റെ ഒരു സൂചനയാണ് രാഹുൽ ഗാന്ധിയുടെയും അഖിലേഷ് യാദവിന്റെയും കൈകോർക്കൽ എന്ന് വേണമെങ്കിൽ കരുതാം. അപ്പോഴും ബി.എസ്.പിയെ പോലെയുള്ള പാർട്ടികൾ ഒറ്റക്ക് മത്സരിക്കുന്നതും മുസ്‌ലിംകൾ ഒന്നിച്ച് ഒരു പാർട്ടിക്കും വോട്ട് ചെയ്യില്ല എന്നതും ഫാഷിസ്റ്റുകൾക്ക് ആശ്വാസം പകരുന്നുണ്ട്. മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ പടിഞ്ഞാറൻ യു.പിയിൽ 2014 ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി നേട്ടം കൊയ്തത് ഇങ്ങനെയായിരുന്നു.

മതേതര പ്രസ്ഥാനങ്ങളെ ഒന്നിപ്പിച്ചു നിർത്താൻ കെൽപുള്ള നേതൃത്വത്തിന്റെ അഭാവമാണ് നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഇ. അഹ്മദ് എന്ന ധിഷണാശാലിയായ രാഷ്ട്രീയ നേതാവിന്റെ പ്രസക്തിയും ഇവിടെയാണ്. അദ്ദേഹത്തെ പോലെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിലുള്ള മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായും നേതാക്കളുമായും നിരന്തര സമ്പർക്കം പുലർത്തി ഫാഷിസത്തിന്റെ അടിവേരറുക്കാൻ കെൽപുള്ള, വിനയവും വിവേകവുമുള്ള, പക്വതയും അവധാനതയുമുള്ള നേതാക്കൾ ഇനിയുമുണ്ടാവട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. അതോടൊപ്പം വിവിധ ജാതിമത വിഭാഗങ്ങൾക്കിടയിൽ വർധിച്ചുകൊണ്ടിരിക്കുന്ന അകൽച്ചകളെ ഇല്ലാതാക്കി അവർക്കിടയിൽ സ്നേഹവും സൗഹാർദവും കളിയാടാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് മതേതര ചിന്തകൾ വളർത്താനും ചെയ്യാനും നമുക്ക് സാധിക്കണം.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച




# കണ്ണുനീർ കുടിപ്പിക്കുന്ന ന്യൂജെൻ തലമുറ

**ഓ**ഫീസിൽ, എന്റെ മുന്നിലെ കസേരയിലിരുന്ന് അയാൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. അയാളുടെ കവിളിലൂടെ കണ്ണുനീർ ചാലിട്ടൊഴുകി. ജാള്യതയോടെ അയാൾ കണ്ണീർ തുടച്ചെങ്കിലും കൂടുതൽ ശക്തിയോടെ അത് ഒഴുകിക്കൊണ്ടേയിരുന്നു. സംസ്ഥാന സർക്കാരിലെ സാമാന്യം നല്ല പോസ്റ്റിൽ നിന്ന് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനാണയാൾ.

മകനായിരുന്നു അയാളുടെ പ്രശ്നം. മകനൊരു കച്ചവടം നടത്തിയിരുന്നു; മറ്റൊരു സംസ്ഥാനത്തു നിന്ന് ആരോഗ്യസംബന്ധിയായ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യൽ. എന്നാൽ നികുതി വകുപ്പിന് ആവശ്യമായ രേഖകൾ സമർപ്പിക്കുകയോ നികുതി ഒടുക്കുകയോ ചെയ്യില്ല. ഓഫീസർമാർ അയക്കുന്ന മുന്നറിയിപ്പ് നോട്ടീസുകൾക്ക് മറുപടി ബോധിപ്പിക്കുകയോ വൈകിയെങ്കിലും ആവശ്യമായ റിട്ടേണുകൾ സമർപ്പിക്കുകയോ നികുതി അടക്കുകയോ ചെയ്തതുമില്ല. ഒടുവിൽ വകുപ്പ് നിയമ നടപടികളും പെനാൽറ്റി നടപടികളുമായി മുന്നോട്ട് പോയപ്പോഴാണ് വയോധികൻ മൂന്ന് നില കോണിപ്പടികൾ കയറി ഓഫീസിലെത്തി ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടിരുന്നത്.

മകന് കുറച്ച് രാഷ്ട്രീയജ്വരമൊക്കെയുണ്ടായിരുന്നു. സൂത്രക്കാരായ കുറച്ച് കൂട്ടുകാരും രാഷ്ട്രീയക്കാരും തരം പോലെ അവനെ കയ്യിലെടുത്തു. നാലാളുകൾക്ക് മുമ്പിൽ ദയാലുവും ദീനാനുകമ്പയുമുള്ള നിസ്വാർഥനുമായി അവതരിപ്പിക്കപ്പെട്ടപ്പോൾ മകൻ പ്രശസ്തിയിലും മാധ്യമ ശ്രദ്ധയിലും വീണുപോയി.

വിലകൊടുത്ത് വാങ്ങിയ ലക്ഷങ്ങളുടെ മെഷീനറി സൗജന്യമായി നൽകി. പുറമെ ലക്ഷങ്ങൾ സംഭാവനയായി നൽകാൻ തുടങ്ങി. ചെക്ക് മടങ്ങിയപ്പോൾ കേസായി.

തിരഞ്ഞ് വരുന്ന ആളുകളെയും കാശ് കൊടുക്കാനുള്ളവരെയും കൂടുതൽ ആനുകൂല്യങ്ങൾ കൈപ്പറ്റാൻ വന്നവരെയും കൊണ്ട് പിതാവിന് സ്വൈര്യം നഷ്ടപ്പെട്ടു. പെൻഷൻ പറ്റിയപ്പോൾ കിട്ടിയ തുകയൊക്കെയും മകന്റെ കടം വീട്ടാൻ വിനിയോഗിച്ചു. തികയാഞ്ഞിട്ട് സ്ഥലം വിറ്റും കടം വീട്ടി. പിന്നെയും കടം ബാക്കി...!

മകളുടെ വിവാഹച്ചെലവിനായി വിൽക്കാൻ മാറ്റിവെച്ചിരുന്ന സ്ഥലവും കടംവീട്ടാൻ വിൽക്കേണ്ടി വന്നതിനാൽ വിവാഹം മുടങ്ങി. ഇങ്ങനെയൊരു മകനെയെന്തിന് ദൈവം നൽകിയെന്ന് അയാൾ വിലപിച്ചു. മകനുമായി ഇപ്പോൾ ബന്ധമൊന്നുമില്ലെന്നും അവനുമായി ബന്ധപ്പെട്ട ഒന്നിനും തന്നെ കാണാൻ ആരും വരരുതെന്നും ആ പിതാവ് പ്രഖ്യാപിച്ചിരുന്നു. പക്ഷേ, പോറ്റിവളർത്തി വലുതാക്കിയ മകനല്ലേ, കളയാനൊക്കുമോ?

പരിമിതികളിൽ നിന്ന് പരമാവധി സഹായിക്കാമെന്നും അവസാന ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് അദ്ദേഹത്തെ കൂടി അറിയിക്കാമെന്നും പറഞ്ഞ് യാത്രയാക്കി.

മക്കളില്ലാത്തവർ അതിന്റെ പേരിൽ ദുഃഖം അനുഭവിക്കുമ്പോൾ മക്കൾ ഉണ്ടായതിന്റെ പേരിൽ സമാധാനവും കുടുംബജീവിതവും മാനവും പോയവർ എത്ര!

ആ പിതാവിനെവിടെയാണ് പിഴച്ചത്? സ്നേഹവും പണവും കൂടുതൽ കൊടുത്തതിലോ? മകൻ പ്രശസ്തനാവുന്നത് കണ്ട് ആഹ്ലാദിച്ചതിലോ? വലിയ ബിസ്നസ്സും സെറ്റപ്പും മറ്റും കണ്ടപ്പോൾ മതിമറന്നതിലോ? അതല്ല ദൈവ വിശ്വാസവും ധാർമിക ബോധവും നൽകാതെ മകനെ വളർത്തിയതിലോ?

ഇത്തരം മുടിയരായ പുത്രന്മാർ ഇനിയും മാതാപിതാക്കളെയും കുടുംബത്തെയും കണ്ണീർ കുടിപ്പിക്കാതിരിക്കാൻ 'ന്യൂജെൻ' തലമുറയെ ധാർമിക മൂല്യങ്ങളിലധിഷ്ഠിതമായ ജീവിതം ചിട്ടപ്പെടുത്താൻ ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
mail@nerpatham.com

കവർ സ്റ്റോറി




# മതേതര ഗവൺമെന്റും മുസ്‌ലിം ന്യൂനപക്ഷവും

**ഇന്ത്യ ഒരു മതേതര ജനാധിപത്യ രാജ്യമാണ്. ഒരു മതത്തിനും പ്രത്യേക പരിഗണന നൽകാത്തതും ഒരു മതത്തോടും പ്രത്യേക അകൽച്ച കാണിക്കാത്തതുമാണ് ഇന്ത്യൻ ഭരണഘടന. ആർക്കും ഏതു മതവും സ്വീകരിക്കാം. അതിന്റെ ആചാരങ്ങൾ അനുഷ്ഠിക്കാം. മറ്റുള്ളവർക്കിടയിൽ പ്രബോധനം നടത്താം. ഇങ്ങനെയുള്ള ഒരു നാട്ടിൽ ജീവിക്കുന്ന മുസ്‌ലിംകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? ക്വുർആനും നബിചര്യയുമാകുന്ന പ്രമാണങ്ങൾ അനിസ്‌ലാമിക ഭരണകൂടത്തിനു കീഴിൽ ജീവിക്കുന്നതിൽനിന്ന് മുസ്‌ലിംകളെ വിലക്കുന്നുവോ? അങ്ങനെയുള്ള ഒറ്റപ്പെട്ട ശബ്ദങ്ങൾക്ക് പ്രാമാണികമായ പിന്തുണയുണ്ടോ? ഒരന്വേഷണം.**

ലോകത്ത് നിലനിൽക്കുന്ന തിന്മകളെ ഇല്ലായ്മ ചെയ്യുവാനും നന്മകൾ പരമാവധി പ്രചരിപ്പിക്കുവാനും പ്രേരിപ്പിക്കുന്ന ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. മനുഷ്യകുലത്തിന്റെ ചരിത്രം പഠിപ്പിച്ചുകൊണ്ട് പ്രസ്തുത കൃത്യത്തിന് നാന്ദിക്കുറിച്ച പ്രവാചകന്മാരെ ക്വുർആൻ അതിനായി പരിചയപ്പെടുത്തുന്നുണ്ട്.

ആദം നബി عليه السلام മുതൽ നൂഹ് നബി عليه السلام വരെയുള്ള പത്ത് തലമുറകൾ ഒരേ വിശ്വാസവും ആദർശവും സ്വീകരിച്ചവരായിരുന്നു. അവരെക്കുറിച്ച് 'മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു' എന്നാണ് ക്വുർആൻ സാക്ഷ്യപ്പെടുത്തിയത് (ക്വുർആൻ 2:213). എന്നാൽ നൂഹ് നബി عليه السلامയുടെ കാലഘട്ടത്തിൽ ആ നാട്ടിലെ ബഹുഭൂരിപക്ഷമാളുകളും ബഹുദൈവാരാധകരായിരുന്നു. പുണ്യപുരുഷന്മാരെ ആരാധിക്കുന്ന ദുരാചാരം അവർക്കിടയിലുണ്ടായിരുന്നു. അവിടേക്കാണ് ഒന്നാമത്തെ റസൂലായ നൂഹ് നബി عليه السلام നിയോഗിതനായത്. അന്നേരം 'ഈ നാട്ടിൽ കൂടുതലും ബഹുദൈവാരാധകരാണ്. ആയതിനാൽ ഞാൻ ഇവിടംവിട്ട് പോകുകയാണ്' എന്ന് നൂഹ് നബി عليه السلام പ്രഖ്യാപിച്ചില്ല. ഉത്തരവാദിത്ത ബോധത്തോ

ടെ പ്രബോധന ദൗത്യം നിർവഹിച്ചുകൊണ്ട് അവരുമായി ഇടപഴകി ജീവിക്കുകയാണ് ആ മഹാനായ പ്രവാചകൻ ചെയ്തത്.

'ബഹുദൈവാരാധകരുടെ കൂട്ടത്തിൽ വസിക്കാൻ പാടില്ല, പൂർണമായും മുസ്‌ലിംകൾ ഉള്ളിടത്തേ നിൽക്കാൻ പാടുള്ളൂ' എന്നൊരു വാദം നമ്മുടെ നാട്ടിൽ ചിലയാളുകൾ പ്രചരിപ്പിക്കുന്നുണ്ട്. ഇത് തിരുത്തപ്പെടേണ്ട ഒന്നാണ്. ലോകത്ത് നിയോഗിതരായ മുഴുവൻ റസൂലുകളും ബഹുദൈവാരാധനയുള്ള അമുസ്‌ലിം സമൂഹത്തിലേക്കാണ് കടന്നുവന്നത്. ഇവ്വിധമുള്ള ഒരു സമൂഹത്തിൽ നിൽക്കാൻ പാടില്ലായിരുന്നെങ്കിൽ അല്ലാഹു പ്രവാചകന്മാരെ അവിടേക്കയക്കുമായിരുന്നില്ല. അല്ലാഹു പറഞ്ഞത് 'ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു...'' (ക്വുർആൻ 49:13) എന്നാണ്. മാനവസമൂഹം ഒരു മാതാവിന്റെയും പിതാവിന്റെയും മക്കളാണ്. ഒരേയൊരു ദൈവത്തിന്റെ സൃഷ്ടികളാണ്. അകാരണമായി ആരെയെങ്കിലും വെറുക്കുക, എതിർക്കുക എന്ന തത്ത്വശാസ്ത്രവുമായിട്ടല്ല മഹാന്മാരായ പ്രവാചകന്മാർ നിയുക്തരായത്.

അല്ലാഹു പഠിപ്പിച്ച നീതിബോധത്തിൽനിന്ന് മനുഷ്യർ വ്യതിചലിക്കുമ്പോഴൊക്കെ സത്യത്തിന്റെയും നന്മയുടെയും ഐക്യത്തിന്റെയും പാന്ഥാവിലേക്ക് മനുഷ്യരെ തിരിച്ചുവിളിക്കുക എന്ന കർത്തവ്യമായിരുന്നു പ്രവാചകന്മാർ ചെയ്തത്. അല്ലാഹുപറഞ്ഞു: "തീർച്ചയായും നാം നമ്മുടെ ദൂതന്മാരെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് അയക്കുകയുണ്ടായി. ജനങ്ങൾ നീതിപൂർവം നിലകൊള്ളുവാൻ വേണ്ടി അവരോടൊപ്പം വേദഗ്രന്ഥവും തുലാസും ഇറക്കിക്കൊടുക്കുകയും ചെയ്തു"(ക്വുർആൻ 57:25).

മനുഷ്യവർഗം മുഴുവൻ നീതിബോധത്തിൽ അധിഷ്ഠിതമായ ഒരു സമൂഹമായി മാറണം. സൃഷ്ടിച്ചവനും ഏകനുമായ ദൈവത്തെ ആരാധിക്കേണ്ടതിനു പകരം സൃഷ്ടികളെ ആരാധിക്കുന്നത് അനീതിയാണ്. അതിൽ നിന്നും ജനങ്ങളെ രക്ഷപ്പെടുത്തി ഏകനായ ദൈവത്തെ മാത്രം ആരാധിക്കുന്ന ഉൽകൃഷ്ടമായ നീതിബോധത്തിലേക്ക് മനുഷ്യൻ എത്തേണ്ടതുണ്ട്.

ഒരേ മാതാവിന്റെയും പിതാവിന്റെയും മക്കളായ മനുഷ്യർ അകാരണമായി പരസ്പരം വെറുപ്പ് കാണിക്കേണ്ടവരല്ല. സത്യവിശ്വാസികൾ പാലിക്കേണ്ട ഏറ്റവും വലിയ മര്യാദകൾ പറഞ്ഞ കൂട്ടത്തിൽ അല്ലാഹുപറഞ്ഞു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യംവഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്"(ക്വുർആൻ 5:8).

നീതിയിലും നന്മയിലുമായിരിക്കണം മുസ്‌ലിം സമൂഹം ഏതു നാട്ടിലും കഴിഞ്ഞുകൂടേണ്ടത്. ലോകത്ത് നീതി സ്ഥാപിക്കുക എന്നത് ക്വുർആനിന്റെ താൽപര്യമാണ്.

ലോകത്തിന്റെ വിവിധകോണുകളിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാർ അവർ നിയോഗിക്കപ്പെട്ട നാട്ടിലെ വിശ്വാസം സ്വീകരിച്ച ആളുകളുമായി മറ്റൊരു പ്രദേശത്തേക്ക് രക്ഷപ്പെടുകയോ, അല്ലെങ്കിൽ വിശ്വാസം സ്വീകരിക്കാത്തവരോട് യാതൊരു നിലക്കും ബന്ധപ്പെടാതെ 'ഞാൻ ഈ നാട്ടിൽ നിന്ന് പോകുകയാണ്' എന്ന പ്രഖ്യാപനം നടത്തുകയോ ചെയ്തിട്ടില്ല. അവർ പുറത്താക്കപ്പെടുകയോ അല്ലെങ്കിൽ കഠിനമായ പീഡനങ്ങൾക്ക് വിധേയമാക്കപ്പെടുകയോ ചെയ്തിട്ടല്ലാതെ അവർ ജനിച്ചുവളർന്ന നാട് ഉപേക്ഷിട്ടില്ല. അല്ലാഹു ഏൽപിച്ച പ്രബോധനദൗത്യം പൂർത്തീകരിക്കുവാൻ അനുകൂല സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കുകയാണ് അവർ ചെയ്തത്. ഞങ്ങൾ നിങ്ങളുടെ വിശ്വസ്തരും ഗുണകാംക്ഷികളുമാണ് എന്ന മഹത്തായ പ്രഖ്യാപനമാണ് കാപട്യമുക്തമായ മനസ്സോടെ അവർ സമൂഹത്തോട് പറഞ്ഞത്.

മക്കയിലെ പതിമൂന്ന് വർഷം പ്രബോധന പ്രവർത്തനങ്ങളിൽ സജീവമായിരുന്ന മുഹമ്മദ് നബിﷺക്ക് ഒട്ടനവധി പീഡനങ്ങളും പ്രയാസങ്ങളും സഹിക്കേണ്ടി വന്നു. എന്നിട്ടും സ്വന്തം നിലയ്ക്കായിരുന്നില്ല ആ പ്രവാചകൻ ജനിച്ചുവളർന്ന നാടുപേക്ഷിച്ചത്. 'നീ എനിക്ക് പ്രിയപ്പെട്ട നാടാണ്. ഈ നാട്ടിലെ ജനങ്ങൾ എന്നെ പുറത്താക്കിയിട്ടില്ലായിരുന്നെങ്കിൽ ഞാൻ ഈ നാട്ടിൽ നിന്ന് പോകുമായിരുന്നില്ല' എന്നാണ് നബിﷺ സ്വദേശം വിട്ട് മദീനയിലേക്ക് പോകുമ്പോൾ പറഞ്ഞത്. നബിﷺക്ക് ജന്മനാട്ടിൽ നിൽക്കാൻ സത്യപ്രബോധനത്തിന്റെ ശത്രുക്കൾ സമ്മതിക്കാതിരുന്ന സാഹചര്യത്തിൽ, ഒട്ടനവധി ത്യാഗങ്ങളും സഹനങ്ങളും സഹിച്ചുകൊണ്ട് ഇനി ഒരുനിലയ്ക്കും അവിടെ നിൽക്കാൻ കഴിയില്ല എന്ന ഘട്ടമെത്തിയപ്പോൾ മാത്രമാണ് അദ്ദേഹം മദീനയിലേക്ക് പലായനം ചെയ്തതെന്നർഥം.

'എന്റെ റബ്ബിന്റെ വാക്കുകൾ ജനങ്ങളുടെ കാതുകളിൽ എത്തിക്കുന്നതിൽനിന്ന് ക്വുറൈശികൾ എന്നെ തടഞ്ഞിരിക്കുന്നു. അതുകൊണ്ട് എന്നെ സഹായിക്കാൻ നിങ്ങളുടെ (അമുസ്‌ലിംകളുടെ) കൂട്ടത്തിൽ ആരെങ്കിലുമുണ്ടോ?' എന്ന് നബിﷺ മക്കക്കാരോട് ചോദിച്ചത് മക്കയിലെ ജീവിതകാലഘട്ടത്തിലാണ്. നബിﷺയുടെ ഈ അഭ്യർഥന ഇബ്നുമാജയുടെ സു

നനിൽ ഉദ്ധരിച്ച ജാബിർ ബിൻ അബ്ദുല്ലാഹ്ﷺ നിവേദനം ചെയ്ത സ്വഹീഹായ ഹദീഥാണ്. ഇസ്‌ലാമിന്റെ മഹത്തായ പ്രബോധന പ്രവർത്തനങ്ങൾക്കായി, തൗഹീദിന്റെ ശബ്ദം ജനങ്ങളുടെ കാതുകളിൽ എത്തിക്കുവാനായി മുസ്‌ലിംകളല്ലാത്തവരുടെ സംരക്ഷണ സഹായം ആവശ്യപ്പെടാനും അത് സ്വീകരിക്കാനും കഴിയുമെന്നുള്ളതിന് ഈ ഹദീഥിൽ തെളിവുണ്ട്. പ്രഗത്ഭ പണ്ഡിതനും സുഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ്(റഹി) ഇക്കാര്യം വളരെ കൃത്യമായി ഈ ഹദീഥിന്റെ വിവരണത്തിൽ വിശദീകരിക്കുകയും അനുബന്ധമായ തെളിവുകൾവച്ച് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ശരീഅത്തിൽ (മതനിയമത്തിൽ) വേണ്ടത്ര വിജ്ഞാനം നേടിയിട്ടില്ലാത്തവരും അൽപജ്ഞാനികളുമായ ആളുകളാണ് അമുസ്‌ലിംകളുടെ സഹകരണത്തോടും സഹായത്തോടും കൂടി പ്രബോധനം നിർവഹിക്കുന്നതിനെ വിമർശിക്കുന്നത്. ഇത് സലഫിയ്യത്തിനും മൻഹജിനും വിരുദ്ധമാണെന്ന് അവർ പ്രചരിപ്പിക്കുന്നു. സഹജീവികളുടെ കാതുകളിൽ തൗഹീദിന്റെ ശബ്ദം എത്തിക്കാൻ അവിശ്വാസികളുടെ സഹായം സ്വീകരിച്ച ചരിത്രം പ്രാമാണികതയുള്ളതാണ്. അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ച ശുഐബ് നബിﷺയെ നാട്ടിൽനിന്നും പുറാത്താക്കാതിരുന്നത്, വിശ്വാസം സ്വീകരിച്ചിട്ടില്ലാത്ത അദ്ദേഹത്തിന്റെ കുടുംബക്കാരുടെയും സുഹൃത്തുക്കളുടെയും സംരക്ഷണത്തിലായിരുന്നു അദ്ദേഹമെന്നതുകൊണ്ടാണ്. ആ ജനത പറഞ്ഞ കാര്യം അല്ലാഹു അറിയിക്കുന്നു:

“അവർ പറഞ്ഞു: ശുഐബേ, നീ പറയുന്നതിൽ നിന്ന് അധികഭാഗവും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. തീർച്ചയായും ഞങ്ങളിൽ ബലഹീനനായിട്ടാണ് നിന്നെ ഞങ്ങൾ കാണുന്നത്. നിന്റെ കുടുംബങ്ങൾ ഇല്ലായിരുന്നെങ്കിൽ നിന്നെ ഞങ്ങൾ എറിഞ്ഞ് കൊല്ലുക തന്നെ ചെയ്യുമായിരുന്നു. ഞങ്ങളെ സംബന്ധിച്ചേടത്തോളം നീയൊരു പ്രതാപവാനൊന്നുമല്ല” (ക്വുർആൻ 11:91).

മുസ്‌ലിംകളല്ലാത്തവരിലൂടെ പ്രബോധനത്തിന് സഹായം ലഭിക്കുന്നത് അല്ലാഹു നിശ്ചയിച്ച അവന്റെ നടപടിക്രമത്തിൽ പെട്ട കാര്യമാണെന്ന് മേൽ സൂക്തത്തിന്റെ വ്യാഖ്യാനമായി ശൈഖ് അബ്ദുർറഹ്മാൻ അന്നാസിർ അസ്സഅ്ദി (റഹി) രേഖപ്പെടുത്തിയിട്ടുണ്ട്. സത്യനിഷേധികളിൽ പെട്ട സഹൃദയരായ ആളുകളിലൂടെ ഇസ്‌ലാമിക പ്രബോധനത്തെ അല്ലാഹു സഹായിക്കുന്നത് തിരിച്ചറിയാത്തവരാണ് പ്രത്യേക താൽപര്യങ്ങൾ ലക്ഷ്യംവെച്ചുകൊണ്ട് ഈ ദൗത്യത്തിൽ നിന്നും പിൻമാറി നിൽക്കുന്നതും പ്രബോധകരെ നിരുത്സാഹപ്പെടുത്തുന്നതും.

അല്ലാഹുവിന്റെ പ്രവാചകൻﷺ അബൂത്വാലിബിന്റെ മരണംവരെ അദ്ദേഹത്തിന്റെ സംരക്ഷണത്തിലായിരുന്നു പ്രബോധനം നിർവഹിച്ചത്. അതിനുശേഷം പ്രവാചകൻﷺ സഹായം ആവശ്യപ്പെട്ടുകൊണ്ട്ത്വാഇഫിലേക്ക് പോകുകയും അവിടുത്തുകാർ അദ്ദേഹത്തെ മർദിക്കുകയും ആട്ടിയോടിക്കുകയും ചെയ്തു. പിന്നീട് തിരിച്ചുവന്ന പ്രവാചകൻﷺ അവിശ്വാസിയായിരുന്ന മുത്അം ഇബ്നു അദിയ്യിന്റെ സംരക്ഷണത്തിലാണ് മക്കയിൽ പ്രവേശിച്ചത്. മുഹമ്മദ് നബിﷺ കഴിഞ്ഞാൽ ഈ സമുദായത്തിൽ ഏറ്റവും മഹാനായ വ്യക്തിത്വമാണ് അബൂബക്കർ സ്വിദ്ദീക്ﷺ. അദ്ദേഹവും മക്കയിൽ ഇസ്‌ലാമിക പ്രബോധനം നിർവഹിച്ചത് ഇബ്നു ദുഗ്നഎന്ന അമുസ്‌ലിം വ്യക്തിയുടെ സംരക്ഷണത്തിന് കീഴിലായിരുന്നു. അബൂബക്കർﷺ കഴിഞ്ഞാൽ ഇസ്‌ലാമിൽ വലിയ സ്ഥാനമുള്ള വ്യക്തിയാണ് ഉമർബിൻ അൽഖത്ത്വാബ്ﷺ. അദ്ദേഹം അവിശ്വാസികളുടെ കൂട്ടത്തിൽ പെട്ട ആസിബ് ബ്നു വാഇൽ അസ്സഅമി എന്നവ്യക്തിയുടെ സംരക്ഷണത്തിലാണ് മക്കയിൽ കഴിഞ്ഞിരുന്നത്. ഖുലഫാഉർറാശിദുകളിൽ മൂന്നാമനും നബിﷺയുടെ അറിയപ്പെട്ട അനുചരനുമാണ് ഉസ്മാൻ ഇബ്നു അഫ്ഫാൻﷺ. അദ്ദേഹം അബ്സീനിയയിലേക്ക് ഹിജ്റ പോയതിന് ശേഷം വീണ്ടും മക്കയിലേക്ക് പ്രവേശിക്കുന്നത് അവിശ്വാസിയായ മുഗീറയുടെ സംരക്ഷണത്തിലായിരുന്നു. ഒരു വ്യക്തി ഇന്ന വ്യക്തിയുടെ സംരക്ഷണത്തിലാണെന്ന്പ്രഖ്യാപിച്ചാൽ പിന്നീടദ്ദേഹത്തെ ഉപദ്രവിക്കാൻ പാടില്ലെന്നത് മക്കാ രാജ്യത്തുണ്ടായിരുന്ന സമ്പ്രദായമായിരുന്നു. മനുഷ്യന്റെ ജീവനും അവന്റെ വിശ്വാസത്തിനും സംരക്ഷണം നൽകുന്ന പ്രസ്തുത നിയമം മക്കാ രാജ്യത്തെ നിയമമായിരുന്നിട്ടും അതിന്റെ തണൽ സ്വീകരിക്കുന്നതിൽ നബിﷺ വൈമനസ്യം കാണിച്ചില്ല. സ്വഹാബികളെ അതിൽ നിന്നും തടഞ്ഞതുമില്ല. അത് ത്വാഗൂത്തീ സമ്പ്രദായമാണെന്ന് പറഞ്ഞുകൊണ്ട് ആ ഒരു നടപടിയെ തട്ടിമാറ്റിയിട്ടുമില്ല.

‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന മഹനീയ സന്ദേശം ജനങ്ങളുടെ കാതുകളിൽ എത്തിക്കുന്നതിനെക്കാൾ വലിയ ദൗത്യം ഒരു മുസ്‌ലിമിനും ചെയ്യാനില്ല. ഈ ദൗത്യനിർവഹണത്തിന് സഹായകമായിത്തീരുന്ന മതവിരുദ്ധമല്ലാത്ത എല്ലാ വഴികളും കണ്ടെത്താനും സ്വീകരിക്കാനും മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. ഹിൽഫുൽ ഫുളൂൽ എന്ന പേരിൽ അറിയപ്പെടുന്ന മഹത്തായ കരാർ അവിശ്വാസിയായിരുന്ന അബ്ദുല്ലാഹിബ്നു ജുദ്ആനിന്റെ വീട്ടിൽ വെച്ചുണ്ടാക്കിയതാണ്. മക്കയിൽ ഒരു സ്വദേശിയോ വിദേശിയോ അക്രമത്തിന് ഇരയായിക്കൂടാ, ആരോടും അനീതി ചെയ്തുകൂടാ എന്നറിയിക്കുന്ന നന്മ നിറഞ്ഞ ഈ കരാർ ഒരു അവിശ്വാസിയുടെ നേ

തൃത്വത്തിലാണ് ഉണ്ടാക്കിയതെന്നർഥം. ജാഹിലിയ്യ കാലഘട്ടത്തിൽ രൂപംനൽകിയ ഈ കരാറിനെ പ്രശംസിച്ചുകൊണ്ട് പ്രവാചകത്വത്തിന് ശേഷം നബിﷺ സംസാരിച്ചിട്ടുണ്ട്. ഒരു ചുവന്ന ഒട്ടകത്തെക്കാൾ വിലമതിക്കുന്നതാണതെന്നും ഇസ്‌ലാമിലായിരിക്കെ ഇതുപോലുള്ള വ്യവസ്ഥകൾക്ക് വിളിക്കപ്പെട്ടാൽ ഞാനതിന് ഉത്തരം നൽകുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അല്ലാഹുവിന്റെ പ്രവാചകനിﷺൽസത്യവിശ്വാസികൾക്ക് ഉത്തമ മാതൃകയുണ്ട്. മതത്തെക്കുറിച്ചറിയാത്ത തൽപരകക്ഷികൾ ഇടുങ്ങിയ ചിന്താഗതികൾകൊണ്ട് പ്രചരിപ്പിക്കുന്നതൊന്നും മതമല്ല, ധർമമല്ല.

മുഹമ്മദ് നബിﷺ മക്കയിൽ നിന്നും മദീനയിലെത്തി അവിടുത്തെ നേതൃത്വം ഏറ്റെടുത്ത ശേഷം നടത്തിയ പ്രഖ്യാപനം ചരിത്രകാരന്മാർ ഏകകണ്ഠമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. യഹൂദർ മദീനയിലെ ഒരു മത സമൂഹമായി പരിഗണിക്കപ്പെടുമെന്നും അവർക്ക് അവരുടെ മതമനുസരിച്ച് ജീവിക്കുന്നതിന് തടസ്സമുണ്ടാകില്ലെന്നും അക്രമിക്കപ്പെടുന്നവർക്ക് മതം നോക്കാതെ തന്നെ നീതി ലഭ്യമാകുമെന്നും നബിﷺ ഊന്നിപ്പറഞ്ഞു. ലോകത്തിലെ മുഴുവൻ രാഷ്ട്രങ്ങൾക്കും ബഹുസ്വര രാഷ്ട്രങ്ങളുടെ അധിപന്മാർക്കും പ്രവാചകൻﷺയുടെ ജീവിതത്തിൽ വ്യക്തമായ പാഠങ്ങളുണ്ട്. അക്രമിക്കപ്പെടുന്നവർക്ക് നീതി ലഭിക്കുകയും അക്രമികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് നല്ലൊരു സൗഹാർദ അന്തരീക്ഷമാണ് സൃഷ്ടിക്കുക. അതാണ് നബിﷺ പ്രായോഗികമാക്കിയത്.

"തീർച്ചയായും നിനക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു" (ക്വുർആൻ 48:1). ഇതിൽ പരാമർശിച്ച 'പ്രത്യക്ഷമായ വിജയം' കൊണ്ട് ഉദ്ദേശിക്കുന്നത് ഹുദൈബിയ്യ സന്ധിയാണെന്ന് ബഹുഭൂരിപക്ഷം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. ഒരു മുസ്‌ലിമിന് അവിശ്വാസികളോട് ആശയവിനിമയം നടത്താൻ പറ്റിയെന്നതാണ് ഹുദൈബിയ്യ സന്ധി വിജയമാകാനുള്ള കാരണമെന്ന് ഈ സൂക്തം വിശദീകരിച്ചുകൊണ്ട് ഇബ്നുകഥീർ(റഹി) സമർഥിക്കുന്നുണ്ട്. ഉപകാരപ്രദമായ അറിവും ഈമാനും സകല ജനങ്ങളുടെയും കാതുകളിൽ എത്തിക്കുവാനുള്ള ഒരു അവസരമാണ് മഹത്തായ ഈ സമാധാന സന്ധിയിലൂടെ ഉണ്ടായത്. അതിനെയാണ് പരിശുദ്ധ ക്വുർആൻ പ്രത്യക്ഷമായ ഒരു വിജയം എന്ന് വിശേഷിപ്പിച്ചത്. പ്രബോധന മേഖലയിൽ നിലനിന്നിരുന്ന അതിർവരമ്പ് അകന്നുപോയത് കാരണം മുസ്‌ലിംകൾക്ക് അവിശ്വാസികളുമായി പരസ്പരം ബന്ധപ്പെടാനും ആശയവിനിമയം നടത്താനും പ്രബോധനം ചെയ്യാനുമുള്ള അവസരങ്ങൾ തുറന്നുകിട്ടുകയാണ് അതിലൂടെ ഉണ്ടായത്. അങ്ങനെയുള്ള അവസരങ്ങൾ ലഭിക്കുന്ന സ്ഥലങ്ങളിൽ സത്യവിശ്വാസം സ്വീകരിക്കാത്ത ആളുകളോട് സൗഹാർദാന്തരീക്ഷത്തിൽ വർത്തിക്കുന്നത് കരണീയമായ കാര്യമാണെന്ന് അബ്ദുർറഹ്മാൻ അന്നാസിർ അസ്സഅ്ദി(റഹി)യും ഇതേ സൂക്തത്തിന്റെ വിശദീകരണത്തിൽ പറയുന്നു. സമൂഹത്തിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന്റെ അനിവാര്യതയാണ് ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്.

അല്ലാഹു പറയുന്നു: "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

ഏകദൈവാരാധനയിൽ നിന്നും തെറ്റിപ്പോയ, അധർമത്തിൽ മുഴുകിയ മനുഷ്യരെ നേർവഴിയിലേക്ക് ക്ഷണിക്കേണ്ട ഉത്തരവാദിത്തമുള്ളവരാണ് മുസ്‌ലിംകൾ. ഇന്ത്യ ഒരു മുസ്‌ലിം രാഷ്ട്രമല്ല. പക്ഷേ, വീടുവീടാന്തരം കയറിയിറങ്ങി ഇസ്‌ലാമിക സന്ദേശം എത്തിക്കാനുള്ളസ്വാതന്ത്ര്യം നമ്മുടെ രാജ്യത്തുണ്ട്.

അമുസ്‌ലിംകൾ ഭൂരിപക്ഷവും മുസ്‌ലിംകൾ ന്യൂനപക്ഷവുമായി വസിക്കുന്ന ഇന്ത്യയെപോലുള്ള രാജ്യത്ത് ഇസ്‌ലാമിക പ്രബോധനത്തിന് സ്വാതന്ത്ര്യം നൽകുന്നത് അമുസ്‌ലിംകളാണെങ്കിൽ അവരെ ഭരണാധികാരത്തിൽ കൊണ്ടുവരുന്നതിൽ മുസ്‌ലിംകൾ സഹകരിക്കണമെന്നും ഐക്യത്തോടുകൂടി പ്രവർത്തിക്കണമെന്നും അവർക്ക് വോട്ട് ചെയ്ത് അവരെ തിരഞ്ഞെടുക്കണമെന്നുമാണ് സലഫി ലോകത്തെ പ്രഗത്ഭ പണ്ഡിതൻമാർ വ്യക്തമാക്കുന്നത്.

ജനാധിപത്യ മതേതരത്വ വ്യവസ്ഥകളുള്ള നാടുകളിലെ ഭരണ സംവിധാനങ്ങളുമായി സഹകരിക്കുന്നത് മുസ്‌ലിമിന് യോജിച്ചതല്ലെന്ന വാദം ഇടുങ്ങിയ ചിന്താഗതിക്കാരുടേതാണ്. ഇത്തരം നാടുകളിൽ നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നത് പോലും അനുവദനീയമല്ലെന്നാണ് ന്യൂനാൽ ന്യൂനപക്ഷം വരുന്ന ചിലരുടെ വാദം. ഏകദൈവാദർശം അനുസരിച്ച് ജീവിക്കുവാനും അത് പ്രബോധനം ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നമ്മുടെ നാട്ടിൽ, ഈ സ്വാതന്ത്ര്യം നിലനിർത്താൻ സഹായിക്കുന്ന അവിശ്വാസികളുമായി സഹകരിക്കുന്നത് സലഫിയ്യത്തിനും മൻഹജിനും വിരുദ്ധമായ പ്രവർത്തനങ്ങളായി ഇവർ ചിത്രീകരിക്കുന്നത് അവരുടെ അറിവില്ലായ്മയാണ് വ്യക്തമാക്കുന്നത്. ഇത്തരം ചിന്താധാരകൾ പ്രത്യക്ഷപ്പെട്ട ഭൂതകാലചരിത്രം പൊതുസമൂഹം വിസ്മരിക്കാവതല്ല. അണഞ്ഞുപോയെന്നു കരുതിയ രാഷ്ട്രീയ ശിർക്കിന്റെ മുറവിളികൾ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന്റെ പിന്നാമ്പുറ പ്രേരണകൾ ആരുടേതാണെന്ന് വിശ്വാസി സമൂഹം തിരിച്ചറിയേണ്ടതുണ്ട്. ●

അറുതിയില്ലാത്ത ജാതി, വർണ വിവേചനം: 2

ലേഖനം



ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# മനുസ്മൃതിയും ജാതി, വർണ വ്യവസ്ഥിതിയും

**ഹൈ**ന്ദവർ അങ്ങേയറ്റം ആദരിക്കുന്ന ഋഗ്വേദത്തിലെ പത്താം മണ്ഡലത്തിലെ പുരുഷസൂക്തത്തിൽ വിരാട്പുരുഷന്റെ മുഖത്തുനിന്ന് ബ്രാഹ്മണനുണ്ടായി എന്നും ബാഹുക്കളിൽനിന്ന് ക്ഷത്രിയനുണ്ടായി എന്നും തുടയിൽനിന്ന് വൈശ്യനുണ്ടായി എന്നും പാദത്തിൽനിന്ന് ശൂദ്രനുണ്ടായി എന്നും പറയുന്നു! ഗീത ഈ തരംതിരിവ് അംഗീകരിക്കുകയും ചെയ്യുന്നു. 'കാലദേശഭേദമില്ലാതെ മാനവധർമത്തെ ഉൾക്കൊള്ളുന്നത്' എന്ന് പറയപ്പെടുന്ന മനുസ്മൃതിയിലെ ഒന്നാം അധ്യായം 87 മുതൽ 91 വരെയുള്ള വാക്യങ്ങൾ കാണുക:

"ഈ ലോകത്തെ സംരക്ഷിക്കുന്നതിന്നായി അത്യുജ്വല കാന്തിയോടുകൂടിയ അവൻ വിരാട് പുരുഷന്റെ കൈകൾ, തുടകൾ, പാദങ്ങൾ എന്നിവയിൽനിന്നും ഉണ്ടായി വന്നവർക്ക് പ്രത്യേകം ധർമങ്ങൾ നിശ്ചയിച്ചുകൊടുത്തു. ബ്രാഹ്മണർക്ക് വേദങ്ങൾ പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള അവകാശം അവൻനിർണയിച്ചു. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി യജ്ഞങ്ങൾ ചെയ്യുവാനും ദാനങ്ങൾ സ്വീകരിക്കുവാനും അവരെ നിയോഗിച്ചു"(88).

"ജനസംരക്ഷണമാണ് ക്ഷത്രിയന്റെ ധർമം. യജ്ഞങ്ങൾ നടത്തുക, വേദം പഠിക്കുക, ഇന്ദ്രിയലാളനത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക. ഇതൊക്കെയാണ് ക്ഷത്രിയന് നിശ്ചയിച്ചിട്ടുള്ളത്"(89).

"കന്നുകാലികളെ വളർത്തുക, ദാനം ചെയ്യുക, വേദം പഠിക്കുക, കച്ചവടം നടത്തുക, പണം കടംകൊടുക്കുക, കൃഷിചെയ്യുക മുതലായവയ്ക്കായി വൈശ്യരെ നിയോഗിച്ചിരിക്കുന്നു"(90).

"ഈശ്വരൻ ശൂദ്രനു വിധിച്ചിരിക്കുന്നത് മറ്റു മൂന്നു വർണത്തിൽ പറഞ്ഞിരിക്കുന്നവരെയും അനുസരണത്തോടെ പരിചരിക്കുന്നത് മാത്രമാണ്"(91).

"ബ്രാഹ്മണൻ ദുർമാർഗിയാണെങ്കിലും പൂജ്യനാണ്. ശൂദ്രനാകട്ടെ, ജിതേന്ദ്രിയനായാൽ പോലും പൂജ്യനാവുകയില്ല" (പരാശരസ്മൃതി 8:33). വൈയക്തികമായ സ്വഭാവഗുണങ്ങൾ നോക്കേണ്ടതില്ല; എറ്റവും ഉയർന്ന വർണത്തിൽ ജനിച്ചു എന്നതുകൊണ്ടാണ് ബ്രാഹ്മണൻ ശ്രേഷ്ഠനാകുന്നത് എന്നാണിത് വ്യക്തമാക്കുന്നത്. മനു പറയട്ടെ:

"വേദങ്ങൾ പഠിച്ചാലും ഇല്ലെങ്കിലും അവന്ന് ദിവ്യത്വമുണ്ട്. താണ വർണക്കാർക്ക് യോജിച്ച പ്രവൃത്തികളിൽ ഏർപെട്ടാലും ബ്രാഹ്മണൻ ബ്രാഹ്മണൻ തന്നെ. ഏറ്റവും ഉയർന്ന വർണത്തിൽ ജനിച്ചതുകൊണ്ട് അവൻ ദൈവത്തെ പോലെയാണ്. അവൻെറ ഉപദേശങ്ങൾ അലംഘനീയമായ കൽപനകളാണ്. അവനെ എല്ലാവരും അനുസരിക്കണം" (മനുസ്മൃതി 9:317).

വർണം നോക്കിയാണ് കുറ്റങ്ങളുടെ കാഠിന്യം നിർണയിക്കേണ്ടത് എന്നാണ് മനുസ്മൃതി പറയുന്നത്. ബ്രാഹ്മണൻ ശൂദ്രനെ ആക്ഷേപിച്ചാൽ പന്ത്രണ്ടു പണം പിഴ അടച്ചാൽ മതി. ശൂദ്രൻ ബ്രാഹ്മണനെ അപമാനിച്ചാലോ? ശൂദ്രൻെറ നാവ് മുറിച്ചുകളയണം! വർണഘടനയിലെ ഏറ്റവും താഴ്ന്ന പടിയിൽ നിൽക്കുന്ന ശൂദ്രൻമാരെപ്പോലും മനുഷ്യരായിക്കാണാൻ കഴിയാത്തവിധത്തിൽ പ്രതിലോമക സ്വഭാവം പുലർത്തുന്നതാണ് മനുവിൻെറ നീതിശാസ്ത്രം എന്നു വ്യക്തം. ഈ നീതിശാസ്ത്രമനുസരിച്ചല്ലേ ബ്രാഹ്മണമേധാവിത്വം അതിനീചമായ രീതിയിൽ അധഃസ്ഥിതരെ അടിച്ചമർത്തിയത്? ഡോ. വെള്ളായനി അർജുനൻ എഴുതുന്നു:

"...സമൂഹത്തിൽ, സവർണരെന്നും അവർണരെന്നുമുള്ള വിഭാഗീയചിന്ത രണ്ടുകൂട്ടരും ഒരിക്കലും കൂട്ടിമുട്ടാനാകാത്ത തരത്തിൽ സമാന്തരരേഖകൾ പോലെ അനുദിനം വളർന്നുകൊണ്ടിരുന്നു. പല വിധത്തിലുള്ള ചൂഷണങ്ങൾക്കും മർദനങ്ങൾക്കും അധഃസ്ഥിത സമുദായങ്ങൾ എന്നും ഇരയായിക്കൊണ്ടിരുന്നു. ആര്യന്മാരുടെ കേരളീയ രൂപാന്തരമായ നമ്പൂതിരിമാർ സമൂഹത്തിന്റെ അധിപതികളായി മാറിയതോടുകൂടി, അബ്രാഹ്മണരായ നാട്ടുകാരിൽ പലവിധത്തിലുള്ള ആധിപത്യങ്ങൾ അരക്കിട്ടുറപ്പിക്കുവാൻ ശ്രമിച്ചു. മതത്തിന്റെ പേരിൽ ബ്രാഹ്മണ പുരോഹിതന്മാർ ആധ്യാത്മിക മാർഗദർശികളായി മാറി. ക്ഷേത്രങ്ങളും ആരാധനയും മറ്റു ഈശ്വരീയ പരിപാടികളും നിയന്ത്രിക്കുന്നതിനുള്ള അധികാരം ഈ ബ്രാഹ്മണ പുരോഹിതന്മാരുടെ കുത്തകയായിത്തീർന്നു. കേരളത്തിൽ ജന്മിസമ്പ്രദായം പ്രബലമായി വളരുവാനും അജയ്യമായ വർണമേധാവിത്വം മറ്റു സമൂഹങ്ങളെ മുഴുവൻ അടിച്ചമർത്തക്കവിധം പുഷ്ടിപ്രാപിക്കുവാനും ഈ ആധിപത്യസാഹചര്യം വഴിതെളിച്ചു. ക്ഷേത്രങ്ങളും പൂജാവിധികളും ആരാധനാക്രമങ്ങളും മറ്റു തന്ത്രമന്ത്രപരമായ ദൈവിക കർമങ്ങളും പുരോഹിതവർഗത്തിന്റെ കുത്തകയായി മാറി. അവർണർ എന്ന വിഭാഗത്തിൽ പെടുന്ന ജനങ്ങൾക്ക് സർവവിധ ജീവിത സൗകര്യങ്ങളും നിരാകരിച്ചു. പൊതുനിരത്തുകളിൽ സഞ്ചരിക്കുവാനോ, നല്ല വീടുണ്ടാക്കി താമസിക്കുവാനോ, നന്നായി വസ്ത്രം ധരിക്കുവാനോ, സ്വർണം, വെള്ളി തുടങ്ങിയ ലോഹങ്ങളിലുള്ള ആഭരണങ്ങൾ ധരിക്കുവാനോ, ചന്തമുള്ള പന്തലിൽവച്ചു വിവാഹം നടത്തുവാനോ, ബന്ധുജനങ്ങൾക്കു സദ്യകൊടുക്കുവാനോ, ക്ഷേത്രങ്ങളിലെന്നല്ല, ക്ഷേത്രപരിസരത്തുപോലും പ്രവേശിക്കുവാനോ സ്വാതന്ത്ര്യമില്ലാതെ, മേലാളന്മാരിൽനിന്നും വളരെ വളരെ ദൂരെ അകന്നുനിൽക്കുവാനാജ്ഞാപിക്കുന്ന ഭീകരമായ അയിത്ത വ്യവസ്ഥകളും കീഴാളർക്കെതിരായി മേലാളർ കൽപിച്ചുണ്ടാക്കി... ഇങ്ങനെ വ്യവസ്ഥ ചെയ്ത തീണ്ടാപ്പാടകലെ മാറി നിൽക്കാതെ അയിത്തനിയമം ലംഘിക്കുന്ന അവർണരെ, അധഃസ്ഥിതരെ അതിക്രൂരമായി മർദിക്കുകയോ കൊല്ലുകയോ ചെയ്യുവാനുള്ള അധികാരം പോലും മേൽജാതിക്കാർക്ക് അന്നു ലഭിച്ചിരിരുന്നു. ഏകദേശം 19-ാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഈ രാക്ഷസീയസ്ഥിതി കടുകിട തെറ്റാതെ തുടർന്നുകൊണ്ടിരുന്നു. 1936 നവംബർ 12-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ചതോടുകൂടി എല്ലാ അധഃസ്ഥിത സമുദായക്കാർക്കും നിയമപരമായി ആരാധനാസ്വാതന്ത്ര്യം ലഭിച്ചു. എങ്കിലും കേരളസമൂഹത്തിൽനിന്നും ജാതിരക്ഷസ്സിന്റെകൊടുംതാണ്ഡവം പൂർണമായും മാറിപ്പോകാതെ ഒരു ഒഴിയാബാധയായിത്തന്നെ നിലനിന്നിരുന്നു. മനുഷ്യൻ മനുഷ്യനെ ജാതിയുടെ പേരിൽ ആട്ടിയോടിക്കുകയും അവനെ ഹീനനായിക്കരുതി സമൂഹത്തിൽനിന്നും തിരസ്കരിക്കുകയും ചെയ്തുകൊണ്ടിരുന്ന സന്തപ്തമായ കാലയളവിൽ, സഞ്ചാരസ്വാതന്ത്ര്യമോ, വിദ്യാഭ്യാസസ്വാതന്ത്ര്യമോ, ആരാധനാസ്വാതന്ത്ര്യമോ, സാമൂഹികസ്വാതന്ത്ര്യമോ, സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ളസ്വാതന്ത്ര്യമോ, നല്ലവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യമോ നൽകാതെ, സവർണ സമുദായക്കാർ എന്ന പേരിൽ കുറേ മേൽജാതിക്കാരും അവരെ വരുതിക്കു നിറുത്തുന്ന പുരോഹിത വർഗവും ഒത്തുചേർന്നുകൊണ്ട് കേരളത്തെ 'ഭ്രാന്താല'യമാക്കി മാറ്റിയ ഘട്ടത്തിലാണ് ശ്രീനാരായണഗുരു മോചനത്തിൻെറ സന്ദേശങ്ങളുമായി അന്ധകാരാവൃതമായ കേരളത്തിൽ മനുഷ്യസ്വാതന്ത്ര്യത്തിന്റെ സൂര്യതേജസ്സായി ഉദിച്ചുയർന്നത്" (വിജ്ഞാനകൈരളി (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രം), പേജ്. 15,16, ജൂലൈ 2006).

ബ്രാഹ്മണമേധാവികളുടെ പരാമൃഷ്ട പ്രവർത്തനങ്ങൾക്ക് ഹൈന്ദവ പ്രമാണങ്ങളുടെ യാതൊരു പിൻബലവുമില്ല എന്ന് ആർക്കു പറയാനാവും? ഈ യാഥാർഥ്യങ്ങളെ കണ്ടില്ലെന്നു നടിക്കുന്നവർ സത്യത്തിൽ തങ്ങളുടെ ധർമസംഹിതകളെ നിരാകരിക്കുകയല്ലേ ചെയ്യുന്നത്?

ഗുണംകൊണ്ടും കർമംകൊണ്ടുമെല്ലാം ശൂദ്രന്ന് ബ്രാഹ്മണനും ബ്രാഹ്മണന്ന് ശൂദ്രനും ആയിത്തീരാൻ കഴിയും എന്നു പറഞ്ഞ് ജന്മമല്ല, കർമമാണ് വർണം നിർണയിക്കുന്നത് എന്നു വാദിക്കുന്നവരുണ്ട്. ഒരു പ്രത്യേക ജാതിയിലോ വർണത്തിലോ ജനിക്കുന്നതുകൊണ്ടാണ് ജാതിയും വർണവും സ്ഥിരീകരിക്കപ്പെടുന്നത് എന്നതാണ് വാസ്തവം. അവരുടെ പ്രവർത്തനങ്ങളൊന്നും അക്കാര്യത്തിൽ പരിഗണിക്കാറില്ല. ശൂദ്രകുലത്തിൽ ജനിച്ചവൻ ബ്രാഹ്മണകർമം ചെയ്യുന്നുവെങ്കിൽ അത് സ്വധർമ ലംഘനമായിരിക്കുമെന്നല്ലേ പ്രമാണങ്ങൾ പറയുന്നത്? ശൂദ്രനോ വൈശ്യനോ ഗുണകർമങ്ങൾകൊണ്ട് ബ്രാഹ്മണനായി മാറിയതിന് ഉദാഹരണം വല്ലതുമുണ്ടോ? അങ്ങനെയൊരു സ്ഥാനക്കയറ്റം കിട്ടിയ വല്ല വ്യക്തിയും ഇന്ന് ജീവിച്ചിരിപ്പുണ്ടോ?

അവർണർക്കോ, സവർണരിലെ ബ്രാഹ്മണേതരർക്കോ പൂജാരികളാകാൻ കഴിയുമോ? അവർ ഒരുനിലയ്ക്കും ക്ഷേത്രങ്ങളിൽ പൂജാരികളാകാൻ പാടില്ലെന്ന ബ്രാഹ്മണ നിലപാട് ഹൈന്ദവ പ്രമാണങ്ങളുടെ പിൻബലമുള്ളതുതന്നെയാണ്. ക്ഷേത്രപൂജാധികാരം അവർണർക്കു നിഷേധിക്കുന്ന ബ്രാഹ്മണ-സവർണപക്ഷ നിലപാടിന് സവർണ ജനങ്ങളോ അവരുടെ സംഘടനകളോ അല്ല ഒരർഥത്തിൽ ഉത്തരവാദികൾ; മറിച്ച് ഹൈന്ദവ പ്രമാണങ്ങൾ തന്നെയാണ്. ബ്രാഹ്മണ്യം കർമത്താൽ നേടാവുന്നതാണ് എന്നും, ജന്മമല്ല കർമമാണ് ബ്രാഹ്മണ്യത്തിന്റെ അടിസ്ഥാനമെന്നുമുള്ള വീക്ഷണത്തിന് മൗലിക ഹൈന്ദവപ്രമാണങ്ങൾ പിന്തുണ നൽകുന്നില്ല. പിൽകാലത്ത് ഹിന്ദുധർമ പരിഷ്കർത്താക്കളും ഹിന്ദുത്വ രാഷ്ട്രീയവാദികളും ഹൈന്ദവ ശാക്തീകരണത്തിന്റെ വർഗീയ ലക്ഷ്യങ്ങൾ പുലർത്തുന്നവരും വികസിപ്പിച്ചെടുത്തിട്ടുള്ള വിശാല ഹിന്ദുത്വം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ബ്രാഹ്മണ്യം കർമണാൽ നേടാവുന്നതാണ് എന്നും, അവർണർക്കും താഴ്ന്ന ജാതിക്കാർക്കും ഷോഡശക്രിയകളിലൂടെ ബ്രാഹ്മണ്യം ആർജിക്കാവുന്നതാണ് എന്നുമുള്ള ചിന്താഗതി ചിലർ പ്രചരിപ്പിച്ചത്.




എങ്ങനെയാണ് അവർണൻ ഹിന്ദുവായിത്തീരുക? ഹിന്ദുവിനെ നിർവചിക്കുന്ന പ്രമാണങ്ങളുടെയോ ഹിന്ദുത്വത്തിന്റെ അടിസ്ഥാന രേഖകളുടെയോ പിൻബലമില്ലാത്ത ഈ വീക്ഷണം പ്രചരിപ്പിക്കുവാൻ ആധുനിക ഇന്ത്യയിൽ രാഷ്ട്രീയ സ്വയംസേവക സംഘം പോലെയുള്ള പ്രസ്ഥാനങ്ങൾ മുന്നിട്ടിറങ്ങിയതിനു പിന്നിൽ രാഷ്ട്രീയ ലക്ഷ്യമാണുള്ളത്; ഹിന്ദുത്വത്തെക്കുറിച്ചുള്ള ശരിയായ സാംസ്കാരിക വീക്ഷണങ്ങളല്ല. അവർണരെ ഹിന്ദുക്കളാക്കി മാറ്റുന്ന തത്ത്വശാസ്ത്രം അവതരിപ്പിച്ചവരുടെ ലക്ഷ്യങ്ങൾ തിരിച്ചറിയുവാൻ അംബേദ്കറെപ്പോലെ പലർക്കും സാധിച്ചിട്ടുള്ളതുകൊണ്ടാണ് അവർ സവർണർക്കുമാത്രമെ ഹിന്ദുക്കളാകാൻ സാധിക്കൂ എന്ന വാദം ഉന്നയിച്ചത്. ഹിന്ദുധർമത്തെ ആഴത്തിൽ പഠിച്ച ശേഷമാണ് അംബേദ്ക്കർ അവർണർ ഹിന്ദുക്കളല്ല എന്ന് അഭിപ്രായപ്പെട്ടത്.

പ്രമാണങ്ങളുടെ പിൻബലമില്ലാത്ത ഈ പുതിയ ധർമനിർണയ വാദം ഏറ്റുപിടിക്കുവാൻ ഹിന്ദുധർമത്തിലെ പരിഷ്കരണവാദികൾ മുൻപന്തിയിൽ വർത്തിച്ചു. ആര്യസമാജം പോലെയുള്ള ചില പ്രസ്ഥാനങ്ങൾ എല്ലാവർക്കും ബ്രാഹ്മണ്യഹിന്ദുത്വം വിതരണം ചെയ്യുന്ന ഏജൻസികളായി വർത്തിക്കുമ്പോൾ തന്നെയും, മതപരിഷ്കരണവാദത്തിന്റെയും ആര്യനിസത്തിന്റെയും ഇടയിൽ സമന്വയശ്രമങ്ങൾ നടത്തി. ആര്യൻ എന്നാൽ ശ്രേഷ്ഠൻ, അഥവാ ബ്രാഹ്മണൻ എന്നു നിർവചിച്ച ദയാനന്ദ സരസ്വതിയെപ്പോലുള്ളവരാണ് ശുദ്ധി ക്രിയകളിലൂടെ ആർക്കും ആര്യനാവാമെന്ന വാദഗതിക്ക് വമ്പിച്ച പ്രചാരം നൽകിയത്. അതിനിഗൂഢമായ സവർണവത്കരണത്തിനും, അതിന്റെ പിന്നിലെ അതീവനിഗൂഢ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും അവർണരെ വിധേയമാക്കുക എന്നത് ആര്യൻവാദികളുടെ ലക്ഷ്യമായിരുന്നു. ഈ ഉദ്ദേശത്തോടുകൂടിത്തന്നെയാണ് വിചാരധാരയിൽ ഗുരുജി ഗോൾവൽക്കർ ജാതീയതയെയും തൊട്ടുകൂടായ്മയെയും വിമർശിക്കുന്നതും. 1969ൽ ഉഡുപ്പിയിൽ വെച്ചു നടന്ന

വിശ്വഹിന്ദു സമ്മേളനത്തിൽ അംഗീകരിച്ച ഒരു പ്രമേയം വിചാരധാരയിൽ ഉദ്ധരിക്കുന്നുണ്ട്. അത് കാണുക:

“മുഴുവൻ ഹിന്ദു സമുദായവും അഖണ്ഡമായ ഐക്യഭാവനയിൽ ഏകീകൃതമാകണമെന്നും സ്പൃശ്യത, അസ്പൃശ്യത എന്നീ പ്രവണതകളും വികാരങ്ങളും കൊണ്ട് അതിൽ ശിഥിലീകരണമുണ്ടാക്കരുതെന്നും ഉള്ള ലക്ഷ്യത്തെ പുരസ്കരിച്ചു ലോകത്തിലെങ്ങുമുള്ള ഹിന്ദുക്കൾ അവരുടെ പരസ്പര സൗഹൃദത്തിൽ ഏകതയുടെയും സമഭാവനയുടെയും തത്ത്വം പാലിക്കേണ്ടതാണ്” (വിചാരധാര,പേജ് 405,406).

ഇത്തരത്തിലുള്ള ഐക്യാഹ്വാനങ്ങൾ ഒരു ഹിന്ദുരാഷ്ട്രത്തിന്റെ രൂപീകരണം എന്ന കേവല രാഷ്ട്രീയ ലക്ഷ്യത്തിനു വേണ്ടിയാണെന്നും സമൂഹത്തിന്റെയും ഹിന്ദുമതത്തിൻെറ തന്നെയും അഭിവൃദ്ധിക്കുവേണ്ടിയല്ലെന്നും വിചാരധാരയുടെ ഓരോ വരിയും വ്യക്തമാക്കുന്നുണ്ട്. എല്ലാവിധ അകലങ്ങളും ഇല്ലാതാക്കുവാനുള്ള കൽപന യഥാർഥത്തിൽ ഇതിഹാസങ്ങളുടെയും സ്മൃതികളുടെയും വേദങ്ങളുടെയുമൊക്കെ പല കൽപനകൾക്കും വിരുദ്ധമാണെന്നതാണ് വാസ്തവം.

“ശുദ്ധമായ ധാർമിക ഭക്തിയുടെ പ്രവാഹത്തിൽ, സ്പൃശ്യമെന്നും അസ്പൃശ്യമെന്നും മറ്റുമുള്ള വ്യത്യാസങ്ങളെ മുക്കി, പൊതുവായൊരു സാഹോദര്യഭാവത്തിൽ ഒത്തുചേരുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ ഭജനകൾ, കീർത്തനങ്ങൾ, ഉത്സവങ്ങൾ, രാമായണ- മഹാഭാരത കഥാപ്രവചനങ്ങൾ തുടങ്ങിയവ ഈ ഉദ്ദേശത്തിനുവേണ്ടി ഏർപ്പാടുചെയ്യാവുന്നതാണ്” (വിചാരധാര,പേജ് 410). രാമായണമാസാചരണം പോലുള്ള കാര്യങ്ങൾ വ്യാപകമാക്കുകയും അങ്ങനെ എല്ലാ ജാതികളെയും ഒരുമിച്ചുകൂട്ടുവാൻ ശ്രമിക്കുകയും ചെയ്യുന്ന കാഴ്ച ഇന്ന് ദർശനീയമാണ്. ഇതിന്റെയെല്ലാം പിന്നിൽ ഹൈന്ദവ ധർമത്തിൻെറ സമുദ്ധാരണമല്ല ലക്ഷ്യമെന്നും തികച്ചും രാഷ്ട്രീയപരമായ ലക്ഷ്യമാണെന്നും സാധാരണക്കാർ മനസ്സിലാക്കുന്നില്ല എന്നിടത്താണ് സംഘ്പരിവാറിന്റെവിജയം.

“ദളിതരെയും ഇതര അവശവിഭാഗങ്ങളെയും വോട്ടിന്റെകാര്യത്തിലൊഴിച്ച് തുല്യരായി കാണാനുള്ള വൈമുഖ്യമാണ് പൗരോഹിത്യ ഹിന്ദുമതം പുലർത്തിവരുന്നത്. സ്വാതന്ത്ര്യാനന്തര തലമുറ ആർജിച്ചത് ഔപനിഷദിക സമത്വത്തിനു പകരം അമേരിക്കൻ സമത്വമാണല്ലൊ! ഇതിൻെറ തെളിവായിരുന്നു മണ്ഡൽ പ്രക്ഷോഭണകാലത്ത് ഡൽഹിയിൽ നടന്ന ആത്മാഹുതി. അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ കുറച്ച് അധഃസ്ഥിതർക്കു വിട്ടുകൊടുക്കേണ്ടി വരുന്നതിലുള്ള വലുതായ നഷ്ടബോധമാണ് ഈ കടുത്ത നടപടിക്കവരെ പ്രേരിപ്പിച്ചത്. അധഃസ്ഥിതരെ സഹോദരരായി കാണാനും കൈപിടിച്ചുയർത്താനുമുള്ള വൈമുഖ്യം ധർമശാസ്ത്രങ്ങളുടെ സ്വാധീനം എത്ര ശക്തിമത്തായി തലമുറകളിലൂടെ തുടരുന്നു എന്നു സൂചിപ്പിക്കുന്നു” (ഹിന്ദുവിൻെറ പുസ്തകം, ശശിധരൻ ചെമ്പഴന്തിയിൽ, പേജ് 121).

വിചാരധാരയും മറ്റും ഉയർത്തിപ്പിടിക്കുന്ന ഹിന്ദു ഐക്യം എത്രമാത്രം ഉപരിപ്ലവകരവും വഞ്ചനാപരവുമാണെന്ന് ഈ ഉദ്ധരണി വെളിവാക്കുന്നു. പാണനെയും പറയനെയും പുലയനെയുമെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടി ഭജനകൾ, കീർത്തനങ്ങൾ, ഉത്സവങ്ങൾ, രാമായണ-മഹാഭാരത കഥാ പ്രവചനങ്ങൾ തുടങ്ങിയവ ഏർപ്പാടു ചെയ്ത് ഉണ്ടാക്കുന്ന ഐക്യമെന്താണ്? ആ പാവങ്ങൾക്ക് അതുകൊണ്ട് ലഭിക്കുന്ന നേട്ടമെന്താണ്? അത്തരക്കാർക്ക് തൊഴിൽ സംവരണം നൽകാനുള്ള മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരായി വീറുറ്റ സമരം നടത്തിയത് വിചാരധാരയും പൊക്കിപ്പിടിച്ചു നടക്കുന്ന സംഘ്പരിവാർ പ്രവർത്തകരല്ലേ? അതിന്റെ പ്രവർത്തകരെ ആത്മാഹുതിക്കു പോലും പ്രേരിപ്പിക്കുന്ന തരത്തിൽ അവർക്ക് അനിഷ്ടകരമായിരുന്നു അധഃസ്ഥിതർക്ക് അൽപം ആനുകൂല്യം നൽകുന്നതെങ്കിൽ അവർ പ്രചരിപ്പിക്കുന്ന ഹൈന്ദവ ഐക്യത്തിന്റെലക്ഷ്യമെന്താണ്?

അതെ, ഒരുവശത്ത് സവർണർ ജാതീയതയെ പാലൂട്ടി വളർത്തുന്നു. മറുവശത്ത് രാഷ്ട്രീയ ലാഭത്തിനു വേണ്ടി മാത്രം അവർണരിൽ ഹൈന്ദവ വികാരം വളർത്തി അവരെ കൂട്ടുപിടിക്കുന്നു. ജാതി വിവേചനത്തിനെതിരായി ചെറുവിരലനക്കാൻ പോലും ഇക്കൂട്ടർ തയ്യാറാകുന്നത് കാണുന്നില്ല. ഉണ്ടായിരുന്നെങ്കിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് ഇടയ്ക്കിടെ പുറത്തുവരുന്ന അവർണർക്കെതിരെയുള്ള മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളുടെ വാർത്തകൾക്ക് ശമനമുണ്ടാകുമായിരുന്നു.

**അവലംബങ്ങൾ**

1). ഹിന്ദുവിൻെറ പുസ്തകം, ശശിധരൻ ചെമ്പഴന്തിയിൽ, പെൻബുക്സ്.

2). കേരളത്തിലെ ഹിന്ദുസമൂഹം നേരിടുന്ന വെല്ലുവിളികൾ, ഡോ. കെ. ജയപ്രകാശ്, കുരുക്ഷേത്ര പ്രകാശൻ- കൊച്ചി.

3). ഭാരതീയ ചിന്ത, കെ. ദാമോദരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988.

4). ഭഗവദ്ഗീതാസാധ്യായം, നിത്യചൈതന്യ യതി, ഡി.സി.ബുക്സ്-1992.

5). ഭഗവദ്ഗീത ശിവാരവിന്ദം മഹാഭാഷ്യം, പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്- 1997.

6). വിചാരധാര (ആറാം പതിപ്പ്), ഗുരുജി ഗോൾവൽക്കർ, കുരുക്ഷേത്ര പ്രകാശൻ- കൊച്ചി.

7). ജന്മഭൂമി ദിനപ്പത്രം. 2006 ജൂലൈ 7, വെള്ളിയാഴ്ച.

8). വിജ്ഞാനകൈരളി മാസിക (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ മുഖപത്രം), ജൂലൈ 2006

അറബി കഥ

പുനരാഖ്യാനം: തൻസീൽ
mail@nerpatham.com



# തുള വീണ മനസ്സുകൾ

പണ്ടുപണ്ട് ഒരു ഗ്രാമത്തിൽ മഹാവികൃതിയായ ഒരു കുട്ടിയുണ്ടായിരുന്നു. അവൻ തന്റെ മാതാപിതാക്കൾക്ക് അസഹനീയമാംവിധം പ്രയാസങ്ങളുണ്ടാക്കി. അയൽക്കാർക്കും സമപ്രായക്കാർക്കും അവൻ ഒരു ശല്യമായി മാറി. മാതാപിതാക്കൾ നിരന്തരം അവനെ ഉപദേശിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല.

തന്റെ ഇഷ്ടത്തിന് എതിരായി ആര് എന്ത് പറഞ്ഞാലും അത് അനുസരിക്കാൻ അവൻ തയ്യാറാവുകയില്ലെന്ന് മാത്രമല്ല, അവരോട് കയർത്തു സംസാരിക്കുകയും ചെയ്യും. തന്നെക്കാളും ചെറിയവരാണ് അടുത്തേക്ക് വരുന്നതെങ്കിൽ അവരെ ഭീഷണിപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യും.

എല്ലാവരും 'വികൃതിക്കുട്ടി' എന്ന് അവനെ വിളിക്കാൻ തുടങ്ങി. സ്കൂളിലെ കൂട്ടുകാരും അയൽക്കാരുമെല്ലാം തന്നെ അകറ്റുന്നുണ്ടെന്ന തോന്നൽ ഇടയ്ക്ക് അവനുണ്ടാകാറുണ്ട്. അപ്പോഴൊക്കെ നന്നാകണമെന്ന് അവന് തോന്നും. പക്ഷേ, എത്ര ശ്രമിച്ചിട്ടും ദേഷ്യം അടക്കിവെക്കാൻ അവന് കഴിഞ്ഞില്ല. ഇത് അവനെക്കാളേറെ മാതാപിതാക്കളെ ആശങ്കയിലാക്കി. പലപ്പോഴായി പല വിധത്തിൽ പലരും അവനെ ഉപദേശിച്ചെങ്കിലും അവനിൽ മാറ്റമുണ്ടായില്ല. അതിനാൽ അവൻ കൂടുതൽ ഒറ്റപ്പെട്ടു തുടങ്ങി. അവനുമായി കൂട്ടുകൂടുവാനും കളിക്കുവാനും കൂട്ടുകാർ മടികാണിച്ചു.

ഒരുദിവസം അവൻ തനിച്ച് വീടിനു സമീപത്തുള്ള പുഴയോരത്ത് ഓളങ്ങളിൽ കണ്ണുംനട്ടിരിക്കുകയായിരുന്നു. അന്നേരം ഉപ്പ അവന്റെ അടുത്ത് ചെന്നിരുന്ന് അവന്റെ മുടിയിഴകളിൽ സ്നേഹത്തോടെ തലോടിക്കൊണ്ട് അവനോട് തമാശകൾ പറയാൻ തുടങ്ങി. കൊച്ചു കുഞ്ഞായിരിക്കുമ്പോൾ അവൻ ചെയ്ത കുസൃതികളെ സംബന്ധിച്ചും മറ്റും പറഞ്ഞുകൊണ്ടിരുന്നു. ഉപ്പയുടെ വാത്സല്യത്തോടെയുള്ള ഇടപെടലും ഉമ്മയും ഉപ്പയും തനിക്കു വേണ്ടി സഹിച്ച പ്രയാസങ്ങളും മറ്റുമൊക്കെ കേട്ടപ്പോൾ ഇപ്പോൾ തന്നോട് ആരും ഇങ്ങനെയല്ലല്ലോ പെരുമാറുന്നത് എന്ന് അവൻ ചിന്തിച്ചു. തന്റെ മോശം സ്വഭാവംകൊണ്ടായിരിക്കും അതെന്നും അവൻ ഊഹിച്ചു.

എനിക്ക് മാറണം. ഇനി ഞാൻ ആരോടും ചീത്തയായി പെരുമാറുകയില്ല; എത്ര ദേഷ്യം വന്നാലും ശരി, അവൻ തീരുമാനിച്ചു. അവനും ഉപ്പയും പുഴവക്കിൽ നിന്നും വീട്ടിലേക്ക് തിരിച്ചുനടന്നു. അകത്തെത്തിയപ്പോൾ അടുക്കളയിൽ നിന്നും ഓടിവന്ന പൂച്ച അവനെ നോക്കി ഒന്ന് മുരണ്ടു. തന്നെ നോക്കി മുരണ്ടതിലുള്ള ദേഷ്യംകൊണ്ട് അവൻ നിലത്തുകിടന്നിരുന്ന ക്രിക്കറ്റ് ബോൾകൊണ്ട് പൂച്ചക്ക് ഒരേറു കൊടുത്തു. അത് കണ്ട ഉമ്മ അവനോട് പറഞ്ഞു: "എത്ര പറഞ്ഞാലും നീ എന്താ മോനേ ഇങ്ങനെ? എന്തിനാ അതിനെ എറിയുന്നേ?"

അത് കേട്ടപ്പോൾ അവന് ദേഷ്യം കൂടി. പക്ഷേ, ഉപ്പ അവന്റെ കൈപിടിച്ചു. അതോടെ അവന്റെ ദേഷ്യം മാറി.

പിറ്റേന്ന് ഉപ്പ ജോലി കഴിഞ്ഞ് വന്നത് ഒരു പ്ലാസ്റ്റിക് ബാഗ് നിറയെ ആണികളുമായിട്ടായിരുന്നു. ആ ബാഗിൽ ഒരു ചെറിയ ചുറ്റികയും ഉണ്ട്. ഉപ്പ അവനോട് പറഞ്ഞു:

"ഇന്ന് മുതൽ നിനക്ക് ദേഷ്യം വരുമ്പോൾ വീടിനു പിന്നിൽ ചെന്ന് കയ്യാലയിൽ ഈ ബാഗിലുള്ള ആണികളിൽ നിന്നും ഓരോന്നെടുത്ത് ചുറ്റികകൊണ്ട് തറക്കുക. ദേഷ്യം തീരുന്നത് വരെ നല്ല ശക്തിയിൽ കയ്യാലയിൽ തറച്ചുകൊണ്ടിരിക്കുക. ദേഷ്യം വരുമ്പോഴെല്ലാം ഇതുപോലെ ചെയ്യുക."

അന്ന് മുതൽ അവൻ അങ്ങനെ ചെയ്യാൻ തുടങ്ങി. ആദ്യമൊക്കെ എല്ലാ ദിവസങ്ങളിലും ധാരാളം ആണികൾ വളരെ ശക്തമായി കയ്യാലയിൽ അവൻ തറച്ചു. പിന്നീട് ഇടയ്ക്കിടയ്ക്കായി; അത്പോലെ തന്നെ തറക്കുന്ന ആണികളുടെ എണ്ണവും തറക്കുന്നതിന്റെ ശക്തിയും കുറഞ്ഞു വന്നു. ദിവസങ്ങൾ കഴിഞ്ഞു വരുന്നതിനനുസരിച്ച് ഇടവേളകളുടെ ദൈർഘ്യം വർധിക്കുകയും തറക്കുന്ന ആണികളുടെ എണ്ണം കുറയുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് അവന് ദേഷ്യം വന്നാൽ തന്നെ പെട്ടെന്ന് മാറുന്ന സ്ഥിതിയായി.

# അല്ലാഹുവിൻ വൈഭവം

അബൂഫായിദ
mail@nerpatham.com

വറ്റിവരണ്ടു കിടക്കുന്ന ഭൂമിയി-
ലേക്കൊന്നു നോക്കുവെൻ കുട്ടികളേ
ഇറ്റുജലമില്ല ഒറ്റ പുൽകൊടിയില്ല
ഏറ്റമുറപ്പുള്ള മണ്ണു മാത്രം
ഇറ്റുജലമില്ല ഒറ്റ പുൽകൊടിയില്ല
ഏറ്റമുറപ്പുള്ള മണ്ണു മാത്രം

മാനത്തിൽ വാതിൽ തുറന്നുകൊണ്ടാ മണ്ണി-
ലേക്കു മഴ പെയ്തിറങ്ങിടുമ്പോൾ
ജീവൻ തുടിക്കുന്നു, നൂറായിരം സസ്യ
ജാലങ്ങൾ പൊട്ടിമുളച്ചിടുന്നു
ജീവൻ തുടിക്കുന്നു, നൂറായിരം സസ്യ
ജാലങ്ങൾ പൊട്ടിമുളച്ചിടുന്നു

പച്ച പുതക്കുന്നു പൂക്കളും കായ്കളും
കണ്ണിനു കുളിർമഴയായിടുന്നു
എന്തൊരതിശയം എത്ര മനോഹരം
എല്ലാതുമല്ലാഹുവിൻ വൈഭവം
എന്തൊരതിശയം എത്ര മനോഹരം
എല്ലാതുമല്ലാഹുവിൻ വൈഭവം

ചിന്തിച്ചു നോക്കുവെൻ കൂട്ടുകാരേ നമ്മ-
ളീ ലോകം വിട്ടുപിരിഞ്ഞുവെന്നാൽ
ഇതുപോലെ നമ്മളെ വീണ്ടും ജനിപ്പിക്കാൻ
ഏകനാമല്ലാക്ക് കഴിയുകില്ലേ?
ഇതുപോലെ നമ്മളെ വീണ്ടും ജനിപ്പിക്കാൻ
ഏകനാമല്ലാക്ക് കഴിയുകില്ലേ?



അങ്ങനെയിരിക്കെ ഒരു വൈകുന്നേരം ഉപ്പ അവനെയും കൂട്ടി വീടിനു പിൻവശത്തെ കയ്യാലക്കരികിലേക്ക് ചെന്നു. കയ്യാലയിൽ നിറയെ ആണികൾ...! ആദ്യഭാഗത്ത് ആണികൾ കയ്യാലയിൽ ആഴ്ന്നിറങ്ങിയിട്ടുണ്ട്. കഠിനമായ ദേഷ്യത്തിന്റെ അടയാളമാണത്. പിന്നീടങ്ങോട്ട് ആണികൾ വല്ലാതെ ആഴ്ന്നിറങ്ങിയിട്ടില്ല. എണ്ണം വളരെ കുറയുകയും ചെയ്തിട്ടുണ്ട്.

ഉപ്പ അവനോട് തറച്ച ആണികൾ ഓരോന്നായി വരും ദിവസങ്ങളിൽ പറിച്ചെടുക്കാൻ പറഞ്ഞു. അന്ന് മുതൽ ഉപ്പ പറഞ്ഞ പോലെ അവൻ ആണികൾ ഓരോന്നായി പറിച്ചെടുക്കാൻ ആരംഭിച്ചു. അവസാന നാളുകളിൽ തറച്ച ആണികൾ വളരെ പെട്ടെന്ന് തന്നെ അവന് പറിച്ചെടുക്കാനായി. എന്നാൽ ആദ്യനാളുകളിൽ അവൻ തറച്ച ആണികൾ അവന് ഇളക്കാൻ പോലും കഴിഞ്ഞില്ല.

അടുത്ത ദിവസം അവൻ ഉപ്പയോട് താൻ ആണികൾ പറിച്ചെടുത്ത വിവരം അറിയിച്ചു. ഉപ്പ അവനെയും കൂട്ടി കയ്യാലയ്ക്കരികിലേക്ക് പോയി. ആദ്യദിവസങ്ങളിൽ തറച്ച ആണികൾ ഇളക്കാൻ പറ്റാത്തതും പിന്നീട് തറച്ചവ പറിച്ചെടുത്തതും പറിച്ചെടുത്തേടത്തെല്ലാം തറച്ച പാടുകളും കണ്ടു. ഉപ്പ അവനോട് വളരെയധികം സ്നേഹവാത്സല്യത്തോട് കൂടി പറഞ്ഞു: "മോനേ, ഈ കയ്യാലയെ നീ മുമ്പ് ദേഷ്യപ്പെട്ടവരുടെ മനസ്സായി കരുതുക. അതിൽ തറച്ച ആണികളെല്ലാം അവരുടെ മനസ്സിൽ നിന്റെ സംസാരം കാരണം തറഞ്ഞ വേദനകളാണെന്നും കരുതുക. ആ മനസ്സുകളിൽ തറഞ്ഞ ആണികൾ പറിച്ചെടുത്താലും അതിന്റെ പാടുകൾ കാലപ്പഴക്കം കൊണ്ടേ മാറൂ. എന്നാലും ചില ആണികൾ പറിച്ചെടുക്കാനാവാത്ത വിധം മനസ്സുകളിൽ അവശേഷിക്കും."

അപ്പോൾ ദുഃഖഭാരത്താൽ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

ലേഖനം



എസ്.എ ഐദീദ് തങ്ങൾ
mail@nerpatham.com

# സ്വന്തമായി എന്തുണ്ടിവിടെ?

"ജനങ്ങൾക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു. അവരാകട്ടെ അശ്രദ്ധയിലായിക്കൊണ്ട് തിരിഞ്ഞുകളയുന്നവരാകുന്നു" (അൽഅമ്പിയാഅ്: 1).

അല്ലാഹുവിനെക്കുറിച്ചോർക്കുന്നതിലും അവന്റെ കൽപനകൾ യഥാവിധി അനുസരിക്കുന്നതിലും അശ്രദ്ധമാണ് അധിക പേരുടെ ഹൃദയവും. അനാവശ്യ കാര്യങ്ങളിൽ വ്യാപൃതനായി ദേഹേഛക്കടിമപ്പെട്ട് ഇഹപരജീവിതത്തിൽ നഷ്ടം മാത്രം ക്ഷണിച്ച് വരുത്തുകയാണ് പലരും. കുറച്ചൊക്കെ ദൈവഭയവും ധർമനിഷ്ഠയുമൊക്കെയുള്ള വിശ്വാസികളെ പോലും ചതിയിൽപ്പെടുത്താവുന്ന വിധം അണിഞ്ഞൊരുങ്ങി നിൽക്കുകയാണ് ആശകളും സ്വാർഥതകളും അധികാര മോഹങ്ങളുമായി ഈ ദുൻയാവ്! അല്ലാഹുവിനെ കുറിച്ചുള്ള ചിന്തയിൽ നിന്ന് അശ്രദ്ധനാക്കുന്ന ഈ മഹാവിപത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരാൾക്ക് സാധിച്ചാൽ അവൻ വിജയിച്ചു.

ആയുസ്സും ആരോഗ്യവം സമയവും എന്തിന് വേണ്ടി ചെലവഴിച്ചു എന്ന് ഓരോരുത്തരും ചോദിക്കപ്പെടും എന്ന പ്രവാചക മൊഴി പഠിച്ചുവെച്ചവർ, മരണാനന്തരം ശാശ്വതമായ ഒരു ജീവിതമുണ്ടെന്ന് ബോധ്യപ്പെട്ട് സ്വർഗീയ ജീവിതം ലക്ഷ്യമായി സ്വീകരിച്ചവർ ആയുരാരോഗ്യവും സമയവും പ്രസ്തുത ലക്ഷ്യപ്രാപ്തിക്ക് ഉതകും വിധം വിനിയോഗിക്കുന്നുണ്ടോയെന്ന് ഒരാത്മ പരിശോധന നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

അല്ലാഹുവിനോട് മാത്രമാണ് പ്രാർഥിക്കേണ്ടത് എന്ന സംശയമുക്തമായ ആദർശം ഉൾക്കൊള്ളുമ്പോഴും -ജീവിത പ്രതിസന്ധികൾ നേരിടുമ്പോൾ നമ്മുടെ കൈകൾ അല്ലാഹുവിലേക്ക് ഉയരാറുണ്ടോ? കഠിനമായ പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ നാം സർവസ്വവും അവനിൽ ഭരമേൽപിക്കാറുണ്ടോ? ദിനരാത്രങ്ങളിൽ ചെയ്ത് കൂട്ടുന്ന കുറ്റങ്ങളെയോർത്ത് അർധരാത്രിയിൽ എഴുന്നേറ്റിരുന്ന് കണ്ണീരൊഴുക്കാറുണ്ടോ? അനാവശ്യങ്ങൾ കേൾക്കേണ്ടി വരുമ്പോൾ, കാണേണ്ടി വരുമ്പോൾ പശ്ചാത്താപ ബോധമുദിക്കാറുണ്ടോ? പറയാൻ തുടങ്ങിയ പരദൂഷണം പടച്ചവനെയോർത്ത് വേണ്ടെന്ന് വെക്കാറുണ്ടോ? നമസ്കാരത്തിലേക്ക് വരൂ, വിജയത്തിലേക്ക് വരൂ എന്ന വിളി മുഴങ്ങിക്കേൾക്കുമ്പോൾ ചെയ്യുന്ന ജോലി എന്തായാലും അതെല്ലാം മാറ്റിവെച്ച് നമസ്കാരത്തിനായി പള്ളിയിലേക്ക് കാലടികൾ വെക്കാറുണ്ടോ? മാതാപിതാക്കളെ യഥാവിധി അനുസരിക്കുന്നുണ്ടോ? ശിർക്ക്,ബിദ്അത്തുകളിൽ നിന്നെല്ലാം പൂർണമായും മോചനം നേടിയിട്ടുണ്ടോ? പലിശ,ലോട്ടറി, കളവ്, വഞ്ചന, അസൂയ, പക, വിദ്വേഷം, കോപം എന്നിവയിൽ നിന്നെല്ലാം മനസ്സും ശരീരവും പരിശുദ്ധമാക്കിവെച്ചിട്ടുണ്ടോ? അതെ എന്നാണ് ഉത്തരമെങ്കിൽ നാം വിജയിച്ചു.

ദൃശ്യപ്രപഞ്ചത്തിലുള്ള അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവന്റെ അപാരമായ കഴിവുകൾക്ക് മുന്നിൽ വിനയാന്വിതരാവുകയും തങ്ങളുടെ തെറ്റുകളിൽ പശ്ചാതപിക്കുകയും നരക ശിക്ഷയിൽ നിന്ന് രക്ഷിക്കണേ എന്ന് പ്രാഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ.

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും: ) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ" (3: 190,191).

അല്ലാഹുവിലും പരിശുദ്ധഖുർആനിലും പ്രവാചകന്മാരിലും വിശ്വസിക്കുന്നു എന്ന് പറയുന്ന പലരിലും ആ വിശ്വാസം അവരുടെ നാവുകളിൽ മാത്രമേ കാണാറുള്ളു എന്നതാണ് വസ്തുത. ദേഹേഛ

ക്ക് അടിമപ്പെട്ട് ആരാധനാകർമങ്ങൾ വിസ്മരിച്ച് വിലപ്പെട്ട സമയം പലതരം വിനോദങ്ങളിൽ നശിപ്പിച്ച് കഴിയുന്നവരെത്ര!

നല്ലൊരു വീടുണ്ടാക്കണം; അതാണെന്റെ ലക്ഷ്യം എന്ന് പറയുന്ന ആൾക്ക് വീടിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ അടുത്ത ലക്ഷ്യം ആ വീട്ടിലേക്ക് വിലപിടിപ്പുള്ള ഗൃഹോപകരണങ്ങൾ വാങ്ങി കൂട്ടുന്നതായിരിക്കും. അതും കഴിഞ്ഞാൽ, അടുത്ത ലക്ഷ്യം ഒരു ലക്ഷ്വറി കാറ് വാങ്ങലായിരിക്കും. ഇങ്ങനെ ഒരിക്കലും അവസാനിക്കാത്ത മോഹങ്ങളും പ്രതീക്ഷകളുമായി ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്ന് പോകുന്നത് മനുഷ്യൻ അറിയുന്നതേയില്ല!

ഭൗതികലോകത്ത് നല്ല വീടും വാഹനവുമടക്കമുള്ള അനുഗ്രഹങ്ങൾ പലതും സ്വന്തമാക്കിയാലും സത്യത്തിൽ മനുഷ്യന് 'സ്വന്തമായി' എന്ന് പറയാൻ ഈ ദുൻയാവിൽ എന്താണുള്ളത്? വീട്, സ്വത്ത്, ഭാര്യ... ഇതൊക്കെ എത്രകാലം സ്വന്തമാണെന്ന് പറയാൻ കഴിയും?

എത്രയെത്ര ഭാര്യമാർ ഭർത്താവിനെ ചതിക്കുന്നു; അന്യപുരുഷനുമായി ഒളിച്ചോടുന്നു! ഭാര്യമാരാൽ ഭർത്താക്കന്മാരും ഭർത്താക്കന്മാരാൽ ഭാര്യമാരും കൊലചെയ്യപ്പെടുന്ന വാർത്തകൾ നാം ദിനേന കേൾക്കുന്നു. മക്കളുടെ കൈകളാൽ മാതാപിതാക്കൾ കൊല്ലപ്പെടുന്നു. താൻ ലാളിച്ചു വളർത്തിയ മകന്റെ കൈകൾ കൊണ്ടായിരിക്കും തന്റെ അന്ത്യമെന്ന് സ്വപ്നത്തിൽ പോലും അവർ കരുതിയിട്ടുണ്ടാകുമോ? മരണത്തോടെ ബന്ധവും സ്വന്തവും ഇല്ലാതാവുകയല്ലേ? അവകാശികൾ വേറെയായിത്തീരുകയല്ലേ?

ഗൾഫിൽ ചോരനീരാക്കി നേടിയ സമ്പാദ്യമെല്ലാം തന്റെ സ്വപ്ന വീടിനായി ചെലവഴിച്ച് ഒടുവിൽ വീടിന്റെ പണി പൂർത്തിയാകുമ്പോഴായിരിക്കും ആ കോൺക്രീറ്റ് കെട്ടിടം തകർന്നോ മറ്റോ ഉടമസ്ഥൻ മരണപ്പെടുന്നത്. പുത്തൻ കാറ് രജിസ്ട്രേഷന് വേണ്ടി കൊണ്ടുപോകുമ്പോഴായിരിക്കും അപകടത്തിൽപെട്ടു ഉടമസ്ഥന്റെ അന്ത്യം സംഭവിക്കുന്നത്.

അപ്പോൾ നമുക്ക് സ്വന്തം എന്ന് പറയാനായി എന്തുണ്ടിവിടെ? താൽക്കാലികമായിട്ടല്ലാതെ നമുക്ക് എന്തുണ്ടിവിടെ? ഉത്തരം ഒന്നേ ഒന്ന് മാത്രം. നമ്മുടെ വിശ്വാസവും സൽകർമങ്ങളും മാത്രം! അത് മാത്രമെ ശാശ്വതമായി നമ്മുടേതായിത്തീരുകയുള്ളൂ. അതിലൂടെയാണ് സ്വർഗത്തിലെത്താൻ കഴിയുക. ഒരാൾ സ്വർഗസ്ഥനായി കഴിഞ്ഞാൽ പിന്നെ സ്വർഗത്തിലാരൊക്കെയുണ്ടോ അവരൊക്കയും അവന്റെ സ്വന്തക്കാരും കൂട്ടുകാരുമായിരിക്കും! ഒരിക്കലും വിട്ടുപിരിയാത്തവർ. സ്വർഗപ്രാപ്തി അത്ര എളുപ്പമല്ല. അതിന് നേരത്തെ പറഞ്ഞതുപോലെ സത്യവിശ്വാസവും സൽകർമങ്ങളും അനിവാര്യമാണ്. അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ പതറാതെ ജീവിക്കുവാൻ സാധിക്കുകയും വേണം.

"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ? അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുകതന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും" (29:2,3).

നമ്മുടെ വിശ്വാസം സത്യസന്ധമാണോ, അതിൽ ആത്മാർഥതയുണ്ടോ, സൽകർമങ്ങൾ ചെയ്യുന്നത് മറ്റുള്ളവരെ ബോധിപ്പിക്കാനും സമൂഹത്തിൽ മാന്യത നേടാനുമാണോ? അല്ലാഹു കനിഞ്ഞ് നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നുണ്ടോ? അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യാൻ തയ്യാറുണ്ടോ? അതെ, ഇതെല്ലാം പരീക്ഷണമാണ്!

എന്നാൽ താങ്ങാൻ കഴിയുന്ന പരീക്ഷണങ്ങളേ അല്ലാഹു നമുക്ക് നൽകൂ. അടിയുറച്ച വിശ്വാസവും ക്ഷമയും വേണമെന്നു മാത്രം. ഏത് പരീക്ഷണത്തിലും പതറാതെ പിടിച്ചുനിന്ന് എല്ലാം റബ്ബിൽ നിന്നാണെന്ന പൂർണ വിശ്വാസത്തോടെ അല്ലാഹുവിൽ ഭരമേൽപിക്കുന്ന വിശ്വാസിയുടെ ഹൃദയം അതോടെ ശാന്തമാകുന്നു. അത് ശുദ്ധീകരിക്കപ്പെടുന്നു. അങ്ങനെ ശുദ്ധീകരിക്കപ്പെട്ട ഹൃദയവും സമാധാനമടഞ്ഞ ആത്മാവുമായി മരണമടയുന്ന സത്യവിശ്യാസികൾക്കായി അല്ലാഹു ഒരുക്കി വെച്ച ആഹ്ലാദത്തിന്റെ കേദാരമാണ് പരിശുദ്ധമായ സ്വർഗം.

അത് നേടിയെടുക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നവർക്ക് ഭൗതിക ജീവിതത്തിലെ യാതൊരു കാര്യവും തടസ്സമാവുകയില്ല. താൻ സമ്പാദിച്ചതൊന്നും തനിക്ക് ഉപകാരപ്പെടാത്ത, ഉറ്റവരും ഉടയവരുമൊന്നും കൂട്ടിനില്ലാത്ത, എല്ലാവരും അവനവന്റെ കാര്യം മാത്രം നോക്കുന്ന ഒരു ദിനം വരാനിരിക്കുന്നു.

"അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ" (26:88,89).

ആ നാളിൽ തനിക്കു തുണയേകുക തന്റെ സൽകർമങ്ങൾ മാത്രമാണ്. അതിനാൽ ആ ദിവസത്തിനുവേണ്ടി മുന്നൊരുക്കം നടത്തുക:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു" (59:18). ●

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com

കൂട്ടായ്മ

ഐക്യം, ആദർശം, പ്രസ്ഥാനം: 2



# ഭിന്നതകൾക്കുള്ള പരിഹാരം

**ലോ**കസമാധാനത്തിന് തന്നെ ഭീഷണി ഉയർത്തുന്ന ഭീകരതക്കെതിരെ സമാധാനവാദികളുടെ ഐക്യം അനിവാര്യമാണ്. ഫാഷിസ്റ്റ് ശക്തികൾ അധികാരത്തിന്റെ ദണ്ഡുപയോഗിച്ച് ഇന്ത്യയുടെ ജീവവായുവായ നാനാത്വത്തിൽ ഏകത്വത്തെ തകർത്ത് ഏകശിലാ തടവറയിൽ രാജ്യത്തെ തളച്ചിടാൻ നടത്തുന്ന ശ്രമങ്ങൾക്കിടയിൽ സമാധാനമാഗ്രഹിക്കുന്ന ഇന്ത്യൻ പൗരന്മാരുടെ വിശാലമായൊരു ഐക്യവും യോജിപ്പും കാലം നമ്മിൽനിന്നാവശ്യപ്പെടുന്നുണ്ട്. മുസ്‌ലിം സമുദായം സാധ്യമാകുന്ന മേഖലകളിൽ ഒന്നിച്ചു നിൽക്കണം. ഇന്ത്യയിൽ സുരക്ഷിതമായി നിലകൊള്ളുന്ന കേരളത്തിന്റെ സമാധാന ഭൂമിക തകിടം മറിക്കുക വഴി വർഗീയ ചേരിതിരിവിന്റെ വിത്ത് വിതയ്ക്കാൻ കാത്തിരിക്കുന്നവരെ ഒറ്റപ്പെടുത്താൻ യോജിച്ച മുന്നേറ്റം അനിവാര്യമാണ്... ഇതൊക്കെയാണ് കഴിഞ്ഞ ലേഖനത്തിൽ നാം ചർച്ച ചെയ്തത്. അതോടാപ്പം മുജാഹിദ് പ്രസ്ഥാനത്തിൽ അടുത്തകാലത്തായി സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ സംഭവവികാസങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരുന്നു. ആദർശത്തിന്റെ പേരിൽ ഭിന്നിച്ചവർ ഐക്യപ്പെടുമ്പോൾ ആദർശഭിന്നതയുള്ള വിഷയങ്ങളിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടത് എന്ന് വിശദീകരിക്കൽ അനിവാര്യമാണ്. എന്നാൽ അങ്ങനെയൊരു തീരുമാനം പ്രഖ്യാപിക്കൽ സംഭവിച്ചിട്ടില്ല താനും!

**തീരുമാനം പറയാതിരുന്നാൽ**

ആദർശ വിഷയങ്ങളിൽ തീരുമാനം പറയാതിരുന്നാൽ ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. പതിനാല് വർഷം മുജാഹിദുകൾക്കിടയിൽ കാര്യമായ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ലന്ന് പൊതുജനങ്ങൾ ധരിക്കാനിടയാകും. ആരൊക്കെയോ തമ്മിലുള്ള ഈഗോ പ്രശ്നങ്ങളായിരുന്നു പ്രശ്നങ്ങളുടെ പിന്നിലെന്നും ന്യായമായും സംശയിക്കും.

ഈ സംശയത്തിന്റെ മുന ഇരുഭാഗത്തു നിന്നും ഐക്യത്തിന് മുൻകയ്യെടുത്തവരിലേക്ക് സ്വാഭാവികമായും നീളുകയും ചെയ്യും. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് സുപ്രീം കോടതി വരെ നടത്തിയ കേസും പള്ളിയുള്ള

സ്ഥലങ്ങളിൽ ഭിന്നിപ്പിന്റെ പേരിൽ പണിതുയർത്തിയ പുതിയ പള്ളികൾക്ക് വേണ്ടി ചെലവഴിച്ച സമ്പത്തും ഒരേ കാലയളവിൽ ചേരിതിരിഞ്ഞ് നടത്തിയ സമ്മേളനങ്ങളും അധ്വാനവും എല്ലാം എന്തിന്റെ പേരിലായിരുന്നുവെന്ന ചോദ്യം പൊതുസമൂഹത്തിൽ ഉയരുക സ്വാഭാവികമാണ്.

**എന്തുകൊണ്ട് ആദർശം വിശദീകരിക്കണം?**

ആദർശപരമായ വ്യക്തതയും ഒരുമയുമുണ്ടായതാണ് സംഘടനാപരമായി ഒന്നിക്കാനുണ്ടായ കാരണമെങ്കിൽ അത് വിശദീകരിക്കപ്പെടണം. 2001ലെ തീരുമാനങ്ങളിലേക്ക് മടങ്ങിയെങ്കിൽ അന്ന് ചെയ്തതു പോലെ യോജിച്ചെടുത്ത തീരുമാനങ്ങൾ പ്രിന്റ് ചെയ്ത് ശാഖകൾക്ക് എത്തിച്ചുകൊടുത്ത് സംശയങ്ങൾ ദൂരീകരിച്ചുകൊടുക്കാമല്ലോ.

ആർക്കാണ് തെറ്റ് പറ്റിയതെന്ന് വിശദീകരിക്കാതെയുള്ള യോജിപ്പ് അണികളിൽ വമ്പിച്ച ആദർശ പ്രതിസന്ധിയുണ്ടാക്കും. ഊഹാപോഹങ്ങൾക്കും ചേരിതിരിയലിനും വീണ്ടും കാരണമാകും. ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങിയെന്ന ഒറ്റവാക്കിൽ മുഴുവൻ ആദർശ വിഷയങ്ങളെയും പൊതിഞ്ഞ് സൂക്ഷിക്കാൻ സാധ്യമല്ല. ആദർശം പൊതിഞ്ഞ് സൂക്ഷിക്കാനുള്ളതല്ല, സമൂഹത്തിൽ പ്രചരിപ്പിക്കാനുള്ളതാണ്. അല്ലാഹു അല്ലാത്തവരോട് പ്രാർഥിച്ചാൽ എന്താണ് കുഴപ്പം എന്ന ചോദ്യത്തിന് അത് ശിർക്കാണന്ന് വ്യക്തമായ മറുപടിയാണ് മുജാഹിദ് പ്രസ്ഥാനം നൽകിപ്പോരുന്നത്. അതല്ലാതെ ക്വുർആനിലും സുന്നത്തിലും എന്താണോ പറഞ്ഞത് അതാണ് മറുപടി എന്ന് മാത്രം പറഞ്ഞ് അവസാനിപ്പിച്ചാൽ ശ്രോതാവിന് കാര്യം മനസ്സിലാകില്ല. അതുപോലെ സിഹ്റ് ഫലിക്കുമോയെന്ന ചോദ്യത്തിന് പ്രമാണത്തിലേക്ക് മടങ്ങിയെന്ന് മാത്രം പറഞ്ഞതുകൊണ്ടായില്ല. ഫലിക്കും; എന്നാൽ സിഹ്റ് ചെയ്യൽ മഹാപാപമാണ് എന്ന പ്രമാണബദ്ധമായ മറുപടിയാണ് നൽകേണ്ടത്. അതിലേക്ക് യോജിച്ചുവെന്ന് പറയുമ്പോഴാണ് ഐക്യം സത്യസന്ധമാകുന്നത്.

പ്രമാണത്തിൽ യോജിച്ചുവെന്നത് സത്യമാണങ്കിൽ ആ സത്യം പറഞ്ഞാൽ പിന്നെയെങ്ങനെയാണ് ഭിന്നതയുണ്ടാവുക?

**വിഴുപ്പലക്കണോ?**

ഇനിയും പഴയ കാര്യങ്ങൾ ചിക്കിച്ചികഞ്ഞ് വിഴുപ്പലക്കേണ്ടതുണ്ടോയെന്ന ചോദ്യം കൊണ്ടാണ് ആദർശ തീരുമാനം അന്വേഷിക്കുന്നവരെ ചിലർ നേരിടുന്നത്. രണ്ട് സംഘങ്ങൾ പഴയതെല്ലാം മറന്ന് ഒന്നാകാനും വിട്ടുവീഴ്ച ചെയ്യാനും തീരുമാനിച്ച സ്ഥിതിക്ക് കുപ്പ ചികയുന്നത് ശരിയായ നടപടിയല്ല; വ്യക്തിപരമായി നടത്തിയ ആരോപണ പ്രത്യാരോപണങ്ങളുടെ കാര്യത്തിൽ ഈ നിലപാട് തന്നെയാണ് സ്വീകരിക്കേണ്ടത്. അതിൽ ആർക്കും ഭിന്നാഭിപ്രായമില്ല. പക്ഷേ, ആയത്തും ഹദീഥും ഉദ്ധരിച്ച് നടത്തിയ മതപരമായ വിഷയങ്ങളിൽ എടുത്ത തീരുമാനം വിശദീകരിക്കുന്നത് എങ്ങനെയാണ് വിഴുപ്പലക്കലാവുന്നത്? സിഹ്റ് ഫലിക്കുമെന്ന വിശ്വാസം ശിർക്കാണന്ന മടവൂർ വിഭാഗത്തിന്റെ വാദം തിരുത്തിയെന്ന് പറയുമ്പോഴേക്ക് വിഴുപ്പലക്കലാവുന്നത് എങ്ങനെയാണ്?

മലക്കും ജിന്നും മനുഷ്യരിൽ ഇടപെടുന്നത് അഭൗതിക മാർഗത്തിലൂടെയാണന്ന വാദത്തിന് ഐക്യത്തിൽ എന്ത് സംഭവിച്ചു? ഖബർ ആഹാദായ ഹദീഥുകൾ വിശ്വാസ കാര്യങ്ങൾക്ക് സ്വീകരിക്കാനാവില്ലന്ന വാദം എന്തായി? ക്വബ്ർ ശിക്ഷ ആത്മീയം മാത്രമാണെന്ന വാദം തിരുത്തിയോ? ഇസ്‌റാഅ്, മിഅ്‌റാജ് യാത്ര സ്വപ്നം മാത്രമെന്ന വാദം തിരുത്തിയോ? സംസം വെള്ളത്തിന് രോഗശമനമില്ലന്ന വാദം ഇനിയും തുടരുമോ? ഹജറുൽ അസ്‌വദ് കേവലമൊരു കല്ല് മാത്രമാണന്ന വാദം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ? അജ്‌വ കാരക്കയെക്കുറിച്ചുള്ള ഹദീഥ് അംഗീകരിക്കുന്നുണ്ടോ? കണ്ണേറിന്റെ വിഷയത്തിൽ എന്താണ് തീരുമാനം? മസീഹുദ്ദജ്ജാലിനെപ്പറ്റി ഹദീഥിൽ പറഞ്ഞത് അംഗീകരിക്കുന്നുണ്ടോ? 'സ്വിറാത്ത്' പാലം ഉണ്ടോ ഇല്ലയോ? ഇങ്ങനെ ധാരാളം വിഷയങ്ങൾ കഴിഞ്ഞ 14 വർഷം വിവാദത്തിലുള്ളതാണ്. പതിനൊന്ന് മാസം ചർച്ച ചെയ്യാൻ മാത്രം വിഷയങ്ങൾ ഉണ്ടായിരുന്നുവെന്ന് അവർ തന്നെ സമ്മതിച്ചതുമാണ്. ഇതിന്റെ തീരുമാനം ജനങ്ങൾക്കിടയിൽ വിശദീകരിക്കുന്നത് വിഴുപ്പലക്കലല്ല; അഴുക്ക് നീക്കലാണ്.

**പ്രമാണങ്ങളിൽ യോജിച്ചുവെന്ന് പറഞ്ഞാൽ പോരേ?**

ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങിയെന്ന് പറയുന്നതിലൂടെ ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരമായില്ലേ എന്ന് ചോദിക്കുന്നവരുണ്ട്. ഉത്തരമായിട്ടില്ലെന്നാണ് മറുപടി. മേൽവിഷയങ്ങളെ അംഗീകരിക്കുന്നവരും നിഷേധിക്കുന്നവരും പിൻബലമായി ഉയർത്തിപ്പിടിക്കുന്നത് ക്വുർആനും സുന്നത്തും തന്നെയാണ്. തീരുമാനം പറയാതിരുന്നാൽ ഇരുകൂട്ടരും അവർ വിശ്വസിച്ചതിൽ തന്നെ ഉറച്ച് നിൽക്കും. നിലവിലുള്ള സ്ഥിതിയിൽ യാതൊരു മാറ്റവും ഉണ്ടാവില്ല. അത് ഭാവിയിൽ വമ്പിച്ച പ്രശ്നങ്ങൾക്ക് കാരണമാകും. ഇരുവിഭാഗവും തങ്ങളുടെ അണികളെ ഒരർഥത്തിൽ വഞ്ചിച്ചുവെന്ന് തന്നെ പറയാം. മടവൂർ വിഭാഗം എല്ലാം തിരുത്തി നിരുപാധികം സംഘടനയിലേക്ക് തിരിച്ച് വരികയാണന്ന സന്ദേശമാണ് ടി.പി വിഭാഗം അവരുടെ അണികൾക്ക് നൽകിയത്. എന്നാൽ നമ്മുടെ നിലപാടുകൾ യാതൊന്നും തിരുത്താതെയാണ് കെ.എൻ.എം നമ്മെ സ്വീകരിക്കുന്നതെന്ന

വിശദീകരണമാണ് മടവൂർ വിഭാഗം അണികളെ ധരിപ്പിച്ചിരിക്കുന്നത്. രണ്ട് വർഷം തൽകാലം ഈ കാര്യം പുറത്തു പറയില്ലെന്ന കരാർ ഉണ്ടെന്നാണ് മടവൂർ വിഭാഗത്തിന്റെ വിശദീകരണം. ഇത് 'മക്കം ഫത്ഹി'ന് മുമ്പുണ്ടായ 'ഹുദൈബിയ സന്ധി'പോലെ തൽകാലമുള്ള വിട്ടുവീഴ്ചയാണെന്നും അന്തിമ വിജയം നമുക്കായിരിക്കുമെന്നും മടവൂർ വിഭാഗം അണികൾക്ക് ആത്മവിശ്വാസം നൽകുന്നുണ്ട്.

**ഭിന്നാഭിപ്രായം മുൻകാലത്തും ഇല്ലേ?**

മുൻകാലത്തും പല വിഷയങ്ങളിലും മുജാഹിദ് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുവെന്നും അവർക്കിടയിൽ അക്കാര്യങ്ങൾ ഭിന്നിപ്പിന് കാരണമായിട്ടില്ലന്നും അതുപോലെ ഭിന്ന വീക്ഷണങ്ങൾ നിലനിർത്തി മുന്നോട്ട് പോകാമെന്നുമാണ് ചിലർ വിചാരിക്കുന്നത്.

അഭിപ്രായ വ്യത്യാസങ്ങൾ അനുവദിക്കപ്പെട്ടതും അല്ലാത്തതുമുണ്ട്. അടിസ്ഥാനത്തിൽ മാറ്റം വരാതെ മസ്അലകളിൽ (പ്രശ്നങ്ങളിൽ) ഭിന്ന വീക്ഷണങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ഇജ്തിഹാദിന് പഴുതുള്ള വിഷയങ്ങളിൽ തെറ്റ് സംഭവിക്കലും അതുപോലെ തന്നെയാണ്. എന്നാൽ കഴിഞ്ഞ വിവാദ വിഷയങ്ങൾ അടിസ്ഥാന വിഷയങ്ങളിലാണ്. പ്രമാണത്തെ സ്വീകരിക്കൽ, ഈമാൻ കാര്യങ്ങൾ, തൗഹീദ്, സുന്നത്ത് തുടങ്ങിയ വിഷയങ്ങൾ മസ്അലയിലെ തർക്കങ്ങളല്ല. അടിസ്ഥാന ഭിന്നതകളാണ്. സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചതിന്റെ പേരിൽ കെ.എൻ.എം വിഭാഗം മുശ്‌രിക്കുകളാണെന്നാണ് മടവൂർ വിഭാഗം പ്രചരിപ്പിച്ചത്. അതെങ്ങനെയാണ് മസ്അല വിഷയമാകുന്നത്? അഹ്‌ലുസ്സുന്നയുടെ ഏത് പണ്ഡിതനാണ് 2002ന് മുമ്പ് സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാണെന്ന് പറഞ്ഞിട്ടുള്ളത്?

എഴുത്തുകാരുടെയോ പ്രഭാഷകരുടെയോ ഒറ്റപ്പെട്ട അഭിപ്രായം സംഘടന ഏറ്റെടുത്ത് പ്രചരിപ്പിച്ചിട്ടില്ല; അവർ എഴുതിയ ഗ്രന്ഥങ്ങളിലുള്ള പിഴച്ച വിശ്വാസങ്ങൾ ചർച്ചക്ക് വരുമ്പോൾ സംഘടന അതിനെ കയ്യൊഴിയുകയാണ് ചെയ്തിട്ടുള്ളതെങ്കിൽ ഇപ്പോൾ അവരുടെ വീക്ഷണങ്ങൾ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലൂടെ പ്രചരിപ്പിച്ച് സംഘടനയുടെ ഔദ്യോഗിക നയമായി സ്വീകരിക്കുന്നുവെന്നതാണ് വ്യത്യാസം. വിവാദ വിഷയങ്ങൾ ഇനി ഔദ്യോഗിക വേദികളിലും പ്രസിദ്ധീകരണങ്ങളിലും ഉന്നയിക്കില്ലെന്ന 'ഐക്യ



ഫോർമുല' പോലും ഐക്യത്തിന് ശേഷം പുറത്തിറങ്ങിയ ശബാബും അൽമനാറും വിചിന്തനവും ലംഘിച്ചു. അതുവഴി ശിർക്കും തൗഹീദും തമ്മിൽ ഒന്നിച്ച് പോവുകയെന്ന വിചിത്രമായ കാഴ്ചയാണ് നാം കാണുന്നത്. ഇത്തരം ഒരവസ്ഥ മുൻകാലത്ത് മുജാഹിദ് പ്രസ്ഥാനത്തിൽ ഉണ്ടായിട്ടേയില്ല.

അതുകൊണ്ട് മുൻകാലത്തെ കൂട്ട് പിടിച്ചുകൊണ്ട് ആദർശരഹിതമായ ഈ കൂട്ടുകെട്ടിനെ ന്യായീകരിക്കാനാവില്ല. വീക്ഷണ വ്യത്യാസങ്ങൾക്ക് സാധ്യതയുള്ള വിഷയങ്ങളുടെ മറപിടിച്ച് അടിസ്ഥാന വിഷയങ്ങളിൽ പോലും അങ്ങനെയുമാകാം ഇങ്ങനെയുമാകാമെന്ന നിലപാട് മുജാഹിദുകളുടേതല്ല; ജമാഅത്തുകാരുടേതാണ്.

**മൂസാ വാണിമേലിന്റെ ലേഖനവും
വിവാദത്തിന്റെ മർമവും**

2017 ഫെബ്രുവരി 3ന് ഇറങ്ങിയ 'വിചിന്തന'ത്തിൽ 'ഒരു വിശദീകരണം' എന്ന തലക്കെട്ടിൽ എ.അസ്ഗറലി സാഹിബും എം.അബ്ദുറഹ്മാൻ സലഫിയും എഴുതിയ ലേഖനത്തിൽ സിഹ്ർ ഫലിക്കുമെന്നു വിശ്വസിച്ചാൽ ശിർക്കാണെന്ന് പറയാൻ പാടില്ലെന്ന് തുറന്നെഴുതിയിരുന്നു. അതിൽ ക്ഷുഭിതരായ മടവൂർ വിഭാഗം 2017 ഫെബ്രുവരി 10ലെ 'ശബാബി'ൽ മൂസാ വാണിമേലിന്റെ സിഹ്റുമായി ബന്ധപ്പെട്ട് 1982 നവംബറിൽ 'അൽമനാറി'ൽ വന്ന ലേഖനം പുനഃപ്രസിദ്ധീകരിച്ചിരുന്നു. ഈ ലേഖനത്തിൽ സിഹ്ർ ഫലിക്കുമെന്ന് ഉറപ്പിച്ച് പറയുന്നില്ലെന്ന് വിശദീകരിക്കുക വഴി വിചിന്തനത്തെ ഖണ്ഡിക്കാനാണ് ശ്രമിക്കുന്നത്.

ഈ ലേഖനത്തിൽ എവിടെയാണ് സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാകുമെന്നുള്ളത്? സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാകുമെന്ന് വാദിച്ചാണല്ലോ മടവൂർ വിഭാഗം മുജാഹിദുകളിൽ ഇത്രയും

കാലം ശിർക്കാരോപിച്ചത്!

ഈ വാദം മാറ്റാതെയാണ് ഐക്യപ്പെട്ടതും. അതിന്റെ തെളിവാണ് അലി മദനി മടവൂർ വിഭാഗത്തിന്റെ കൗൺസിലിൽ നടത്തിയ പ്രസംഗം. സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാണെന്നാണ് നമ്മുടെ വിശ്വാസമെന്നും അത് ഇപ്പോൾ പുറത്ത് പറയില്ലെന്നും രണ്ട് വർഷത്തിന് ശേഷം പറയാമെന്നുമൊക്കെയാണ് അദ്ദേഹം നൽകുന്ന വിശദീകരണം.

എന്നാൽ ഇതിനെതിരാണ് ഫെബ്രുവരി 3ലെ വിചിന്തനത്തിൽ വന്ന ലേഖനം. അതിൽ പറയുന്നത് സിഹ്ർ ഫലിക്കുമെന്നും അങ്ങനെ വിശ്വസിച്ചാൽ ശിർക്കാണന്ന് പറയാൻ പാടില്ലെന്നുമാണ്. മുൻഗാമികൾക്കോ പിൻഗാമികൾക്കോ ഇതിൽ ഭിന്നാഭിപ്രായമില്ലെന്നും പറയുന്നു.

സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാകുമെന്ന വാദം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ? അങ്ങനെ വാദിച്ച മുൻഗാമികൾ ആരാണ്? കെ.എം മൗലവി, അമാനി മൗലവി, ഡോ. ഉസ്മാൻ തുടങ്ങിയവരെല്ലാം സിഹ്റിന് യാഥാർഥ്യമുണ്ടന്ന് പഠിപ്പിച്ചവരാണ്. അതോടൊപ്പം സിഹ്ർ ചെയ്യൽ മഹാപാപമാണെന്നും അവർ പ്രമാണബദ്ധമായി പഠിപ്പിച്ചിട്ടുണ്ട്.

പതിനൊന്ന് മാസം ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിച്ചുവെന്ന വാദം ശരിയല്ലെന്ന് തർക്കത്തിലിരിക്കുന്ന ഒരു വിഷയത്തിൽ ചർച്ച വന്നപ്പോഴേക്ക് മനസ്സിലായല്ലോ. മറ്റു വിഷയങ്ങളുടെ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഐക്യം യാഥാർഥ്യമായിട്ടില്ലെന്നും യാഥാർഥ്യമാകണമെങ്കിൽ ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങണമെന്നും നാം പറഞ്ഞതിന് അടിവരയിടുന്നതാണ് ഇപ്പോഴത്തെ ഒച്ചപ്പാടുകൾ. സമയം വൈകിയിട്ടില്ല. വിഷയം പ്രാമാണികമായി പഠിക്കുക. തെറ്റ് തിരുത്തുക. മുവഹ്ഹിദുകളിൽ ശിർക്കാരോപിച്ചതിനും നവയാഥാസ്ഥിതികരെന്നു വിളിച്ചതിനും തൗബ ചെയ്യുക. ദിനംപ്രതി നിലപാടുകൾ മാറ്റിക്കൊണ്ടിരിക്കുന്ന നേതൃത്വത്തെ അന്ധമായി ന്യായീകരിക്കാതിരിക്കുക.

അസ്ഗറലി സാഹിബ് വിചിന്തനത്തിൽ എഴുതിയതിന് വിരുദ്ധമായി പിറ്റേ ദിവസം സ്വന്തം പേരിൽ കുറിപ്പെഴുതിയില്ലേ? രാജിവെക്കുകയാണന്ന് പറഞ്ഞില്ലേ? അദ്ദേഹം ഞങ്ങളെ വഞ്ചിച്ചു എന്ന് മടവൂർ വിഭാഗം അണികൾ പറഞ്ഞില്ലേ?

മുൻഗാമികളായ അപൂർവം ചിലർക്ക് സിഹ്റിന് യാഥാർഥ്യമുണ്ടോ ഇല്ലേ എന്ന കാര്യത്തിൽ ഭിന്ന വീക്ഷണങ്ങൾ ഉണ്ടായിരുന്നുവെന്നത് പുതിയ കണ്ടെത്തലല്ല. മുജാഹിദ് സംഘടന ഒരു കാലത്തും സിഹ്ർ നിഷേധത്തെ ഔദ്യോഗിക നിലപാടായി കണ്ടിട്ടില്ല. അതിന് തെളിവാണ് അമാനി മൗലവിയുടെ ക്വുർആൻ പരിഭാഷ, കെ.എം മൗലവിയുടെ ഫത്വകൾ എന്നിവ. മദ്റസ പാഠപുസ്തകത്തിൽ പോലും സിഹ്ർ പിശാചിന്റെ പ്രവർത്തനം കൊണ്ടുണ്ടാകുന്നതാണന്ന് പഠിപ്പിക്കുന്നുണ്ട്. സിഹ്ർ വിഷയത്തിൽ ഭിന്ന വീക്ഷണമുണ്ടായിരുന്നോ എന്നതല്ല വിവാദത്തിന്റെ മർമം; അത് ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാകുമോ ഇല്ലയോ എന്നതാണ്. ഹദീഥിൽ പറഞ്ഞ കാര്യം മനസ്സിലാക്കാൻ കഴിയാത്തതിനെയല്ല, മനസ്സിലായിട്ടും തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ അവഗണിക്കുന്നതിനെയാണ് ഹദീഥ് നിഷേധമെന്ന് പറയേണ്ടിവരുന്നത്.


### ഇത് കുടുംബ വിഷയം പോലെയാണോ?

ആദർശ തീരുമാനങ്ങൾ അന്വേഷിക്കുന്നവരോട് ഞങ്ങളുടെ കുടുംബ വിഷയമാണിതെന്നും താഴെ തട്ട് വരെയുള്ള ഞങ്ങളുടെ പ്രവർത്തകരെ കാര്യം ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള വിശദീകരണം നൽകി ഒഴിഞ്ഞ് മാറുന്ന പ്രവണതയും കാണുന്നുണ്ട്. മുജാഹിദ് പ്രസ്ഥാനത്തിലുണ്ടായ പ്രശ്നങ്ങൾ കേവലം കുടുംബപ്രശ്നമായിരുന്നുവെങ്കിൽ എന്തിനാണ് പൊതുസമൂഹത്തിൽ ഒന്നര പതിറ്റാണ്ടിലധികം ഈ പ്രശ്നം ചർച്ച ചെയ്തത്? സംഘടനാ മീറ്റിംഗുകളിൽ മാത്രമെ പറഞ്ഞിട്ടുള്ളൂവെങ്കിൽ ഒന്നിക്കുമ്പോഴും സംഘടനാ ബോഡികളിൽ മാത്രം വിശദീകരിച്ചാൽ മതിയായിരുന്നു. നാടിന്റെ മുക്കുമൂലകളിൽ ക്വുർആൻ സൂക്തങ്ങളുദ്ധരിച്ച് വിശദീകരിച്ച കാര്യങ്ങൾക്ക് ഐക്യപ്പെട്ടപ്പോഴുണ്ടായ തീരുമാനമെന്താണെന്ന് പൊതുജനങ്ങളെ അറിയിക്കൽ അനിവാര്യമാണ്. മുജാഹിദുകൾക്ക് പ്രവർത്തിക്കാനുള്ളത് പൊതുജനങ്ങൾക്കിടയിലാണല്ലോ. അവർ ആദർശപരമായി ചോദിക്കുന്ന വിഷയങ്ങൾക്ക് വ്യക്തത നൽകുമ്പോൾ മാത്രമെ അവരെ സത്യസന്ദേശത്തിലേക്ക് എത്തിക്കാൻ കഴിയൂ. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com




# ആശിച്ചാൽ കിട്ടുമോ പ്രവാചകത്വം?

**മനുഷ്യരിൽ ഏറ്റവും ഉത്തമരാണ് പ്രവാചകന്മാർ. ആഗ്രഹിച്ചാൽ ലഭിക്കുന്നതല്ല പ്രവാചകത്വം. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹമത്രെ അത്. പ്രവാചകത്വത്തെ കുറിച്ചും പ്രവാചകന്മാരെ കുറിച്ചുമുള്ള പ്രമാണബദ്ധമായ പഠനം.**

**ഹുസൈൻ സലഫി, ഷാർജ**
hsalafi@gmail.com

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഓരോന്നിനും വ്യത്യസ്ത കഴിവുകളാണ്. ഓരോ സൃഷ്ടിക്കും ഉള്ള കഴിവ് അതിന്റെ പ്രകൃതിക്ക് യോജിച്ച രൂപത്തിലാണ് അല്ലാഹു നൽകിയിട്ടുള്ളത്. സഹജബോധം, പ്രകൃതിബോധം എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം. ഈ ജന്മവാസനക്ക് മാറ്റം വരുത്തി ജീവിക്കുവാൻ ഒന്നിനും സാധ്യമല്ല. വെള്ളത്തിൽ ജീവിക്കുന്ന മത്സ്യങ്ങൾക്ക് കരയിൽ കയറി ജീവിക്കുവാനോ, കരയിൽ ജീവിക്കുന്ന മനുഷ്യന് വെള്ളത്തിനടിയിൽ ജീവിക്കുവാനോ; പാറിപ്പറക്കുന്ന പറവകൾക്കോ, വനാന്തരങ്ങളിൽ ജീവിക്കുന്ന മൃഗങ്ങൾക്കോ മനുഷ്യനെപോലെ ആയുധമുപയോഗിച്ച് ജീവിതമാർഗം തേടുവാനോ സാധ്യമല്ല. ഓരോ സൃഷ്ടിയും അതിന് നൽകപ്പെട്ട പ്രകൃതിബോധത്തിലൂടെ ജീവിക്കുന്നു എന്നർഥം.

സൃഷ്ടികളിൽ മനുഷ്യൻ വിശേഷബുദ്ധിയാൽ ആദരിക്കപ്പെട്ടവനാണ്. മനുഷ്യൻ പഠനത്തിന്റെയും അന്വേഷണത്തിന്റെയും ഫലമായി ഉയർച്ചയിൽ നിന്നും ഉയർച്ചയിലേക്ക് പോകുമ്പോൾ ഇതര സൃഷ്ടികൾ പഴയ അവസ്ഥയിൽ തന്നെ തുടരുന്നു.

പഞ്ചേന്ദ്രിയങ്ങളായ കാഴ്ച, കേൾവി, സ്പർശനം, രുചി, ഘ്രാണം മുതലായവയിലൂടെയാണ് സൃഷ്ടികൾ കാര്യങ്ങൾ തിരിച്ചറിയുന്നത്. ഈ തിരിച്ചറിവിന്റെ കഴിവിനും പരിധിയും പരിമിതിയുമുണ്ട്.

പഞ്ചേന്ദ്രിയങ്ങൾ കൊണ്ടോ വിശേഷബുദ്ധികൊണ്ടോ കണ്ടെത്താൻ കഴിയാത്ത മേഖലയാണ് അദൃശ്യലോകത്തെ കുറിച്ചുള്ള അറിവ്. ഈ അറിവ് നമുക്ക് ഒരു പരീക്ഷണത്തിലൂടെയോ അന്വേഷണത്തിലൂടെയോ കണ്ടെത്താൻ കഴിയില്ല.

മനുഷ്യജീവിതത്തിൽ സമാധാനവും സ്വസ്ഥതയും ലഭിക്കുന്നത് ധാർമിക ജീവിതത്തിലൂടെയാണ്. ശരി തെറ്റുകൾ വേർതിരിച്ച് ശരിയായത് ജീവിതത്തിൽ പകർത്തുമ്പോഴാണല്ലോ ധാർമിക ജീവിതം കൈവരിക്കപ്പെടുന്നത്. എന്താണ് ശരി, എന്താണ് തെറ്റ് എന്ന് എങ്ങനെ നാം കണ്ടെത്തും? ഭൗതിക കാര്യങ്ങൾ തീരുമാനിക്കാനിരുന്നാൽ പോലും നമുക്ക് എത്ര അഭിപ്രായങ്ങളാണ്! പലർക്കും പല അഭിപ്രായങ്ങൾ... ഒരാൾ തന്നെ ആദ്യം എടുത്ത തീരുമാനം ശരിയല്ലെന്ന് പറഞ്ഞ് മറ്റൊരു തീരുമാനം എടുക്കുന്നു!

ഓരോരുത്തരും നന്മതിന്മകൾ തീരുമാനിക്കുന്നുവെങ്കിലോ? ആർക്കും താൻ ചെയ്യുന്നതിനെ ശരിയായും മറ്റുള്ളവൻ ചെയ്യുന്നത് തെറ്റായും കാണാം. കൊലയാളിക്ക് കൊലയെയും മോഷ്ടാവിന് മോഷണത്തെയും അക്രമിക്ക് അക്രമത്തെയും ന്യായീകരിക്കാം. അപ്പോൾ ആര് തീരുമാനിക്കും?

അല്ലാഹു, അവനാണല്ലോ സ്രഷ്ടാവ്. ആദിമ മനുഷ്യൻ മുതൽ അന്തിമ മനുഷ്യൻ വരെയുള്ള മുഴുവൻ ജനങ്ങളുടെയും വികാരവിചാരങ്ങളറിയുന്ന അല്ലാഹുവിനേ അറിയൂ, അവനേ കഴിയൂ മനുഷ്യൻ സ്വീകരിക്കേണ്ട ശരിതെറ്റുകൾ തീരുമാനിക്കാൻ. അങ്ങനെയൊരു മാർഗദർശനം സ്രഷ്ടാവ് നൽകിയിട്ടുണ്ടോ? ക്വുർആൻ പറയുന്നത് കാണുക.

"നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും"(അൽ ബക്വറ 38,39).

അല്ലാഹുവിങ്കൽ നിന്നുള്ള സന്ദേശം സ്വീകരിക്കുന്നവനാണ് വിജയിയെന്നും അതിനെ തള്ളിക്കളയുന്നവൻ പരാജിതനാണെന്നും ഈ സൂക്തം വ്യക്തമാക്കുന്നു. ഈ മാർഗദർശനത്തെ സ്വീകരിക്കാനും തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യവും അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്.

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു"(അൽ ഇൻസാൻ 3).

സന്മാർഗം എത്തിക്കുന്നതിന് വേണ്ടി അല്ലാഹു അയച്ചവരാണ് പ്രവാചകന്മാർ. നുബുവ്വത്ത് (പ്രവാചകത്വം), രിസാലത്ത് (ദിവ്യദൗത്യം) എന്നത് അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്നതാണ്. ആരെങ്കിലും ആശിച്ചത് കൊണ്ടോ ആഗ്രഹിച്ചതു കൊണ്ടോ അത് (പ്രവാചകത്വം) അല്ലാഹു ആർക്കും നൽകുന്നതല്ല; നൽകിയിട്ടുമില്ല.

അല്ലാഹു തന്റെ സന്ദേശം എത്തിക്കുവാനായി തെരഞ്ഞെടുക്കുന്നവരാണ് ദൂതന്മാർ. ഈ ദൂതന്മാർ മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും ഉണ്ടാകുമെന്നാണ് ക്വുർആൻ പറയുന്നത്.




"മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമത്രെ"(അൽ ഹജ്ജ് 75).

പ്രവാചകത്വം അല്ലാഹു ആർക്കെങ്കിലും നൽകുന്നുവെങ്കിൽ അത് അവന്റെ ഇഷ്ടപ്രകാരമാണെന്ന് നാം പറഞ്ഞല്ലോ. പ്രവാചകത്വം അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്.

"അവൻ ഉദ്ദേശിക്കുന്നവരോട് അവൻ പ്രത്യേകം കരുണ കാണിക്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹം ചെയ്യുന്നവനാകുന്നു"(3:74).

ഇവിടെ 'കരുണ' എന്ന് പറഞ്ഞത് പ്രവാചകത്വം അടക്കമുള്ളതാണെന്ന് ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ കാണാം.

അനുഗ്രഹദാതാവ് അല്ലാഹുവാണ്. അതാർക്ക് നൽകണം, എവിടെ നൽകണം, എപ്പോൾ നൽകണം, എങ്ങനെ നൽകണം എന്നെല്ലാം നന്നായി അറിയുന്നവൻ അവനാണ്. അല്ലാഹു പറയുന്നു:

"അവർക്ക് വല്ല ദൃഷ്ടാന്തവും വന്നാൽ, അല്ലാഹുവിന്റെ ദൂതന്മാർക്ക് നൽകപ്പെട്ടത് പോലുള്ളത് ഞങ്ങൾക്കും ലഭിക്കുന്നത് വരെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്നായിരിക്കും അവർ പറയുക. എന്നാൽ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്. കുറ്റകൃത്യങ്ങളിൽ ഏർപെട്ടവർക്ക് തങ്ങൾ പ്രയോഗിച്ചിരുന്ന കുതന്ത്രത്തിന്റെ ഫലമായി അല്ലാഹുവിങ്കൽ ഹീനതയും കഠിനമായ ശിക്ഷയും വന്നുഭവിക്കുന്നതാണ്"(6:124).

മറ്റൊരിടത്ത് ശത്രുക്കളുടെ എതിർപ്പും അതിനുള്ള മറുപടിയും ക്വുർആൻ പറയുന്നത് കാണുക:

"ഈ രണ്ട് പട്ടണങ്ങളിൽ നിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടിട്ടില്ല എന്നും അവർ പറഞ്ഞു. അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്ക് വെച്ചു കൊടുക്കുന്നത്? നാമാണ് ഐഹിക ജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്ക് വെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു. അവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ ഉത്തമം"(43:31,32).

'നുബുവ്വത്തും' 'രിസാലത്തും"(പ്രവാചകത്വവും ദിവ്യദൗത്യവും) അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടു മാത്രം കിട്ടുന്നതാണ്.

'ജാഹിലിയ്യാ അറബികളുടെ അന്ധവിശ്വാസങ്ങളും നീചവൃത്തികളും കണ്ട് മനസ്സ് വേദനിച്ചപ്പോൾ മുഹമ്മദ് ഒരു പരിഹാരം കാണാനായി ഒറ്റക്കിരുന്നപ്പോൾ കിട്ടിയതാണ് നുബുവ്വത്ത്' എന്ന ചില തൽപരകക്ഷികളുടെ വാദം ശുദ്ധമായ അസംബന്ധമാണ്.

അല്ലാഹു ഒരു പ്രവാചകനെ നിശ്ചയിക്കുമ്പോൾ ആ ജനതയിലെ ഏറ്റവും നല്ല വ്യക്തിയെയാണ് തെരഞ്ഞെടുക്കുക. മുഹമ്മദ് നബിﷺയെ പ്രവാചകനായി തെരഞ്ഞെടുത്തതിനെ കുറിച്ച് അബ്ദുല്ലാഹിബ്നു മസ്ഊദ്ؓ പറയുന്നത് കാണുക:

"അല്ലാഹു അടിമകളുടെ ഹൃദയങ്ങളിലേക്ക് നോക്കിയപ്പോൾ അടിമകളിൽ ഏറ്റവും നല്ല ഹൃദയമായി മുഹമ്മദ് നബിﷺയുടെ ഹൃദയത്തെ കണ്ടു. അപ്പോൾ അവൻ അദ്ദേഹത്തെ നബിയായി തെരഞ്ഞെടുക്കുകയും തന്റെ ദിവ്യദൗത്യവുമായി നിയോഗിക്കുകയും ചെയ്തു."

**പ്രവാചകന്മാരുടെ ഉത്തരവാദിത്തം**

പ്രവാചകന്മാർ ജനങ്ങൾക്ക് സത്യവും അസത്യവും വേർതിരിച്ചു മനസ്സിലാക്കിക്കൊടുക്കുവാൻ ഏൽപിക്കപ്പെട്ടവരാണ്. അതോടൊപ്പം അവരെ പിന്തുടരുന്നവർക്ക് സന്തോഷവാർത്ത അറിയിക്കലും തിരസ്കരിക്കുന്നവർക്ക് താക്കീത് നൽകലുമാണ് പ്രവാചകന്മാരുടെ ദൗത്യം.

അല്ലാഹു നീതിമാനാണ്. അവൻ ഒരാളെയും അന്യായമായി ശിക്ഷിക്കുകയില്ല. അന്ത്യനാളിൽ അല്ലാഹുവിനെതിരിൽ അടിമക്ക് ഒരു ന്യായവും പറയാനാവാത്ത വിധം ലക്ഷ്യമായും അല്ലാഹു പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. ഇതിലേക്ക് തെളിവ് നൽകുന്ന ചില ക്വുർആൻ വചനങ്ങൾ കാണുക:

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതന്മാരായിരുന്നു അവർ. ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (4:165).

"ഇതിനു മുമ്പ് വല്ല ശിക്ഷ കൊണ്ടും നാം അവരെ നശിപ്പിച്ചിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു: ഞങ്ങളുടെ രക്ഷിതാവേ? നീ എന്തുകൊണ്ട് ഞങ്ങളുടെ അടുത്തേക്ക് ഒരു ദൂതനെ അയച്ചു തന്നില്ല? എങ്കിൽ ഞങ്ങൾ അപമാനിതരും നിന്ദിതരുമായിത്തീരുന്നതിന് മുമ്പ് നിന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ പിന്തുടരുമായിരുന്നു"(20:134).

"ഒരു ദൂതനെ അയക്കുന്നത് വരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല"(17:15).

**പ്രവാചകന്മാരുടെ എണ്ണം**

അല്ലാഹു എല്ലാ നാടുകളിലേക്കും സമൂഹങ്ങളിലേക്കും പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. ഒരു ജനതക്കും പ്രവാചകന്മാരുടെ സന്ദേശം ലഭിക്കാതെ പോയിട്ടില്ലെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു.

"ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല."(35:24)

"ഒരു ദൂതനെ അയക്കുന്നത് വരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല."(17:15)

ഓരോ നബിയെയും ഓരോ ജനതയിലേക്കാണ് അല്ലാഹു അയച്ചതെങ്കിൽ അന്തിമദൂതൻ മുഹമ്മദ് നബിﷺ ദേശ-ഭാഷ-വർണ വ്യത്യാസമില്ലാതെ അന്ത്യദിനം വരെയുള്ള മുഴുവൻ മനുഷ്യരിലേക്കായാണ് അയക്കപ്പെട്ടത്.

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല."(34:28)

മുഹമ്മദ് നബിﷺക്ക് മുമ്പ് എത്ര ജനസമൂഹങ്ങൾ ഇവിടെ കഴിഞ്ഞു പോയോ അവരിലേക്കെല്ലാം ദൂതന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടെന്നർഥം. എങ്കിൽ എത്ര പ്രവാചകന്മാർ ഈ ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ടാകും? അല്ലാഹുവിനല്ലാതെ ആർക്കും ഖണ്ഡിതമായി പറയാൻ കഴിയില്ല. പ്രവാചകൻﷺക്ക് പോലും അല്ലാഹു അത് അറിയിച്ചു കൊടുത്തിട്ടില്ലെന്നാണ് ക്വുർആൻ പറയുന്നത്:

"നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചു തന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചു തന്നിട്ടില്ല."(40:78) ●

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

# ബന്ധം മുറിക്കാൻ പ്രേരിപ്പിക്കുന്ന ഭർത്താവ്

*ഞാൻ വളരെ വിഷമത്തിലാണ്. എന്റെ ഭർത്താവ് വലിയ മുൻകോപക്കാരനും വാശിക്കാരനുമാണ്. ചില തെറ്റിദ്ധാരണകൾ കാരണമായി അദ്ദേഹം എന്റെ വീട്ടുകാരോട് വർഷങ്ങളായി പിണങ്ങിക്കഴിയുകയാണ്. മതപരമായി വലിയ അറിവൊന്നുമില്ലാത്ത അദ്ദേഹം തെറ്റിദ്ധാരണകൾ തിരുത്താൻ തയ്യാറല്ല. മാത്രമല്ല, ഞാനും അദ്ദേഹം ചെയ്യുന്നതുപോലെ എന്റെ സ്വന്തക്കാരോട് പിണങ്ങിക്കഴിയാൻ അദ്ദേഹം നിർബന്ധിക്കുന്നു. ഈ വിഷയത്തിൽ അദ്ദേഹം പറയുന്നത് ഞാൻ അനുസരിക്കേണ്ടതുണ്ടോ?*

സഹോദരിയുടെ ചോദ്യത്തിലുള്ള പ്രധാന കാര്യം ഭർത്താവിന്റെ നിർബന്ധത്തിന് വഴങ്ങി സ്വന്തം വീട്ടുകാരുമായുള്ള ബന്ധം മുറിക്കേണ്ടതുണ്ടോ എന്നതാണ്. കുടുംബ ബന്ധം മുറിക്കുക എന്നത് ഇസ്‌ലാം വിരോധിച്ച കാര്യമാണ്. തെറ്റിൽ ഒരാളെ അനുസരിക്കേണ്ടതില്ല. ഇത്തരം കാര്യങ്ങളിൽ നാം അവലംബിക്കേണ്ട അടിസ്ഥാന തത്ത്വം 'ഉപദ്രവിക്കാനോ ഉപദ്രവം ഏൽക്കാനോ പാടില്ല' എന്നതാണ്. ഇവിടെ ചോദ്യകർത്താവിനും ഭർത്താവിനും ബുദ്ധിമുട്ട് വരാത്ത വഴികളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

ഒരു ഭാര്യയെന്ന നിലയ്ക്ക് നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകി സംരക്ഷിക്കുന്നുവെങ്കിൽ, പ്രത്യേകിച്ചും മക്കളുണ്ടെങ്കിൽ സുരക്ഷിതം അയാളോടൊപ്പം ജീവിക്കലാണ്. വീട്ടുകാരുമായി ബന്ധം പുലർത്തുന്നത് അയാൾക്കിഷ്ടമില്ലെങ്കിൽ അയാളോടൊപ്പം ജീവിക്കലും വീട്ടുകാരുമായി ബന്ധം പുലർത്തലും വളരെ പ്രയാസമാവും. ഇവിടെ പ്രായോഗികമായ ചില വഴികൾ കണ്ടെത്തേണ്ടതുണ്ട്.

ഇത്തരം സാഹചര്യങ്ങൾ ജീവിതത്തിൽ വളരെയധികം മാനസിക പ്രയാസങ്ങൾ സൃഷ്ടിക്കും. ഭർത്താവിനെയും സ്വന്തം വീട്ടുകാരെയും ഒന്നിച്ച് തൃപ്തിപ്പെടുത്താൻ കഴിയാതിരിക്കൽ വളരെ വിഷമകരമാണ്. ഭർത്താവിന് മുൻകോപവും വാശിയുമുണ്ടെന്ന് പറഞ്ഞ സ്ഥിതിക്ക് അദ്ദേഹത്തെ അനുനയിപ്പിക്കൽ പ്രയാസകരമാകും. ഏതെങ്കിലും രൂപത്തിൽ ഭർത്താവിനെ മാറ്റിയെടുക്കാൻ സാധിക്കുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. തെറ്റ് ചെയ്യുന്ന ഏതൊരു വ്യക്തിയും മാറുമെന്ന് തന്നെയാണ് നാം പ്രതീക്ഷിക്കേണ്ടത്. "എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (ക്വുർആൻ 20:44) ഫിർഔനിന്റെ കാര്യത്തിൽ അല്ലാഹു നിർദേശിച്ചത് ഇതാണെങ്കിൽ ആരിലും മാറ്റമുണ്ടാകുമെന്ന് നാം പ്രതീക്ഷിക്കണം.

ഭർത്താവിൽ നിന്നും അനിഷ്ടകരമായ അനുഭവങ്ങളുണ്ടാകുമ്പോൾ ഭാര്യ അകലാൻ തുടങ്ങും. അപ്പോൾ ഭർത്താവ് കൂടുതൽ പ്രകോപിതനും വെറുക്കുന്നവനുമായിത്തീരും. ഇത് പല ഭാര്യമാർക്കും പറ്റുന്ന അബദ്ധമാണ്. ചിലപ്പോൾ ആ അകൽച്ച വിവാഹമോചനത്തിലേക്ക് പോലും നയിക്കും. ആദരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ട ഒരു വ്യക്തിയാണ് ഭർത്താവ് എന്ന നിലയ്ക്ക് എന്ത് അനിഷ്ടകരമായ അനുഭവമുണ്ടായാലും തന്റെ ബാധ്യതകൾ കൃത്യമായി നിർവഹിച്ച് കൂടുതൽ നന്നായി പെരുമാറി അടുക്കുവാൻ ശ്രമിക്കണം.


"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റ ബന്ധുഎന്നോണം ആയിത്തീരുന്നു" (41:34).

അങ്ങനെ സംഭവിച്ചാൽ കാര്യങ്ങൾക്ക് ശാശ്വത പരിഹാരമാകും. ഭർത്താവിന്റെ അവസ്ഥക്ക് മാറ്റം വരുന്നില്ലെങ്കിൽ നിങ്ങൾക്ക് നല്ലത് വീട്ടുകാരെ കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ കൂടെ കഴിയുകയും ചെയ്യുകയാണ്. വീട്ടുകാർ നിങ്ങളുടെ നല്ല ഭാവിക്ക് വേണ്ടി എന്ത് സഹകരണത്തിനും തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം. ഭർത്താവിനെ പ്രകോപിതനാക്കാത്ത വിധത്തിൽ കുടുംബവുമായി ബന്ധപ്പെടാൻ അവസരങ്ങൾ സൃഷ്ടിക്കുകയും ആത്മാർഥമായി അല്ലാഹുവിനോട് പ്രാർഥിക്കുകയും ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുക. ഏതൊരു പ്രയാസത്തിനും കൂടെ എളുപ്പം തരുന്ന നാഥൻ നിങ്ങളുടെ പ്രയാസങ്ങളെ എളുപ്പത്തിൽ പരിഹരിച്ചുതരുമാറാകട്ടെ!

**അഷ്‌റഫ് എകരൂൽ**
ashrafekarul@gmail.com

**ഇസ്‌ലാമിക് പാരന്റിംഗ്: 6**

# ഗർഭകാല ചിന്തകൾ




പ്രാർഥനയും പ്രതീക്ഷയും നിറഞ്ഞ നല്ല തുടക്കത്തിന്റെ പ്രസക്തിയാണ് മുമ്പ് പ്രതിപാദിച്ചത്. സഹധർമിണിയുടെ ഗർഭധാരണത്തിന്റെ ശുഭവാർത്തയോട് കൂടി ആ പ്രാർഥന സഫലമാവുകയായി. പ്രതീക്ഷകൾ നാമ്പെടുത്തു തുടങ്ങി. ഒരു കുഞ്ഞിനെ കാത്തിരിക്കുന്ന ദമ്പതികൾ അനിവാര്യമായും അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്.

ഗർഭധാരണം, ഗർഭസ്ഥ ശിശു തുടങ്ങിയവയെക്കുറിച്ച് ക്വുർആനിലും നബിവചനങ്ങളിലും പരാമർശങ്ങൾ കാണാം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കുഞ്ഞിന്റെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ടുള്ള സ്രഷ്ടാവിന്റെ പരാമർശങ്ങളാണ്. കുഞ്ഞിന്റെ സൃഷ്ടിപ്പിന്റെ സമയവും ലിംഗ നിർണയവും രൂപ സാദൃശ്യങ്ങളുമെല്ലാം അല്ലാഹുവിന്റെ മാത്രം അധികാര പരിധിയിൽ ഉള്ളതാണ്. അല്ലാഹു മനുഷ്യന് നൽകിയ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലവസാനിക്കുന്നു മനുഷ്യന്റെ ഭാഗധേയം. കാലം, ലിംഗം, നിറം, രൂപം, ആകാരം, ആരോഗ്യം തുടങ്ങി കുഞ്ഞുമായി ബന്ധപ്പെട്ടതെല്ലാം ഗർഭാശയത്തിൽ നടക്കുന്നത് അല്ലാഹുവിന്റെ വിവേചനാധികാരത്തിലും തീരുമാനത്തിലുമാണ്. അവ ചിലപ്പോൾ മനുഷ്യന്റെ പരിചയങ്ങൾക്കും പ്രതീക്ഷകൾക്കും അപ്പുറമോ ഇപ്പുറമോ ആയേക്കാം. അല്ലാഹുവിന്റെ തീരുമാനം എന്തായാലും അതിൽ ആകുലപ്പെടാതെ സസന്തോഷം സ്വീകരിക്കുന്നവനാണ് സത്യവിശ്വാസി. അല്ലാഹു പറയുന്നു: "നിന്റ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും (ഇഷ്ടമുള്ളത് )തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല..." (28:68).

മർയമിന്റെ ഗർഭധാരണത്തെ പരാമർശിക്കുന്നിടത്ത് അല്ലാഹു പറഞ്ഞു: "അവൾ(മർയം) പറഞ്ഞു: എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാകുക? എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല! അല്ലാഹു പറഞ്ഞു: അങ്ങനെ തന്നെയാകുന്നു കാര്യം. താൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാകുന്നു" (3:47).

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവന് പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവന് സർവജ്ഞനും സർവശക്തനുമാകുന്നു" (42:49,50).

കുട്ടികളുടെ ലിംഗം, നിറം, രൂപസാദൃശ്യം തുടങ്ങിയവയിലൊന്നും ആരും ആരെയും പഴി പറഞ്ഞിട്ട് കാര്യമില്ലെന്നർഥം. ഉണ്ടാവരുതെന്നു നിനച്ച നേരത്ത് ലഭിക്കുന്ന കുട്ടിയോട് നീരസം കാണിക്കുന്നത് ഇസ്‌ലാമിക വിരുദ്ധവും അതിനാൽ തന്നെ മാനവിക വിരുദ്ധവുമാണെന്ന് ദമ്പതികൾ മനസ്സിലാക്കണം.

അല്ലാഹു പറഞ്ഞു: "ഗർഭാശയങ്ങളിൽ താൻ ഉദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ പ്രതാപിയും യുക്തിമാനുമത്രെ" (3:6).

"ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതെന്തെന്ന് അല്ലാഹു അറിയുന്നു. ഗർഭാശയങ്ങൾ കമ്മിവരുത്തുന്നതും വർധനവുണ്ടാക്കുന്നതും അവനറിയുന്നു. ഏതൊരുകാര്യവും അവന്റെ അടുക്കൽ ഒരു നിശ്ചിത തോതനുസരിച്ചാകുന്നു" (13:8).

ഗർഭധാരണം തുടങ്ങുന്നതോടെ ദമ്പതികൾക്കിടയിൽ വരാനിരിക്കുന്ന കുഞ്ഞിനെ ചുറ്റിപ്പറ്റിയുള്ള കണക്കു കൂട്ടലുകളും വർത്തമാനങ്ങളും ആരംഭിക്കുന്നത് സ്വാഭാവികമാണ്. ഈ കണക്ക് കൂട്ടലുകളുടെ പ്രതിഫലനം ചിലപ്പോഴെങ്കിലും ഏതെങ്കിലും ഒരാളിലെങ്കിലും നെഗറ്റിവായ സമീപനത്തിന് വഴിവെക്കാറുണ്ട്. ആൺകുഞ്ഞിന്റെ ജനന വാർത്ത കേട്ടാൽ ഉണ്ടാകുമ്പോഴുള്ള ആവേശവും സന്തോഷവും പെൺകുഞ്ഞിന്റെ ജനന വാർത്ത കേട്ടാൽ ഉണ്ടാവാത്ത അവസ്ഥ ഇപ്പോഴും ചില കുടുംബങ്ങളിലെങ്കിലും ഉണ്ടെന്നത് വസ്തുതയാണ്.

കുഞ്ഞിന്റെ സൃഷ്ടിപ്പിന് പിന്നിലുള്ള സ്രഷ്ടാവിന്റെ

അതുല്യമായ സംവിധാനങ്ങൾ ഏറെ ചിന്തനീയമാണ്. നിസ്സാരമെന്ന് ഗണിക്കുന്ന ബീജത്തിൽ നിന്ന് 'മനുഷ്യൻ' രൂപപ്പെട്ടു വരുന്നതിനെ ക്വുർആൻ വിശദീകരിക്കുന്നുണ്ട്. ലഭിക്കുന്ന സന്താനത്തിന്റെ മൂല്യമറിയാനും കുഞ്ഞിനെ പരിപാലിക്കുന്നതിന്റെ ഉത്തരവാദിത്തത്തിൽ അലംഭാവമില്ലാതിരിക്കാനും ഇതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ ദമ്പതികളെ സഹായിക്കും; സന്താനത്തിന്റെ 'ക്വാളിറ്റി'യുടെ ഏറ്റവ്യത്യാസം മാതാപിതാക്കളിൽ അന്യായമായ അഹങ്കാരമോ ന്യായീകരണമില്ലാത്ത അപമാനചിന്തയോ വളർത്തുന്നതിനെ തടയുകയും ചെയ്തേക്കും. ഇവ്വിഷയകമായി വന്ന ചില സൂക്തങ്ങൾ കാണുക:

"എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ, താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും വാരിയെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറത്തു വരുന്നു"(86:57).

"കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു"(76:2).

"നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്ന് തരം അന്ധകാരങ്ങൾക്കുള്ളിൽ. സൃഷ്ടിയുടെ ഒരു ഘട്ടത്തിന് ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു" (39:6).

"തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടു വരുന്നു..."(22:5).

"പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു..." (23:13,14).

അതിസൂക്ഷ്മവും സങ്കീർണവുമായ ഈ മഹാ പ്രതിഭാസങ്ങളെല്ലാം നടക്കുന്നത് തന്റെ സഹധർമിണിയുടെ അടിവയറ്റിലാണല്ലോ? അതിനാൽ തന്നെ 'ഗർഭിണി' എന്ന് പരിഗണനക്കും പരിചരണത്തിനും അവൾ അർഹയാണ്. ഗർഭധാരണവും പ്രസവവും പ്രയാസമേറിയ ദൗത്യമാണെന്ന് അല്ലാഹു നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്: "ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്"(31:14).

"അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു..."(46:15).

ഈ രണ്ടു വചനത്തിലൂടെയും ഗർഭ കാലഘട്ടത്തിലെ ക്ഷീണത്തെയും പ്രസവത്തിന്റെ പ്രയാസത്തെയും പടച്ചവൻ തന്നെ പരിചയപ്പെടുത്തുന്നു. അതിനാൽ ക്ഷീണവും പ്രയാസവും മുൻകൂട്ടി കണ്ടുകൊണ്ടും അല്ലാഹു ഏൽപിച്ച ദൗത്യത്തിന്റെ മഹത്ത്വം ഉൾക്കൊണ്ട് കൊണ്ടും നന്മ നിറഞ്ഞ മനസ്സോടു കൂടിയാവണം ഗർഭധാരണത്തെയും ആ ഘട്ടത്തിലെ പ്രയാസങ്ങളെയും മുസ്‌ലിം ദമ്പതികൾ നോക്കിക്കാണേണ്ടത്. 'ഇഷ്ടപ്പെടാത്ത നേരത്ത്' സംഭവിച്ച ഗർഭധാരണത്തോട്, അല്ലാഹുവിന്നു അതൃപ്തി ഉണ്ടാവും വിധം പ്രതികരിക്കുന്നവരുടെ കൂട്ടത്തിൽ നമ്മളുണ്ടാവരുത്. പലപ്പോഴും ഈ 'ഇഷ്ടപ്പെടാത്ത നേരം' യാതൊരുവിധ ന്യായീകരണവുമില്ലാത്തതായിരിക്കും. എഴുതിത്തീർക്കാൻ കാത്തിരിക്കുന്ന പരീക്ഷകൾ, കുടുംബത്തിൽ നടക്കാനിരിക്കുന്ന വിവാഹം, ചാർട്ട് ചെയ്തുപോയ വിദേശ യാത്രകൾ, വിനോദ യാത്രകൾ... ഇതൊക്കെയായിരിക്കും പലപ്പോഴും ഈ നീരസത്തിന്ന് നിദാനം. അവർ അല്ലാഹുവിന്റെ ദാനത്തിന്റെ വിലയും നിലയും അറിയാത്ത അവിവേകികളാണ്.

ഗർഭിണിയുടെ പ്രയാസത്തെ കുറിച്ചുള്ള ദൈവിക സൂചനകളിൽ നമുക്ക് മറ്റൊരു പാഠവും കൂടിയുണ്ട്. തന്റെ ഇണ അനുഭവിക്കുന്ന ക്ഷീണത്തെയും പ്രയാസത്തെയും കണ്ടറിയാൻ ഭർത്താവിന് കഴിയണം, സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും തണൽ അവൾക്ക് അത്യാവശ്യമാണ് എന്ന പാഠം. ഗർഭധാരണത്തിന്റെ നാളുകൾ മുന്നോട്ട് നീങ്ങും തോറും കുഞ്ഞിന്റെ ഭാരം പേറുന്ന മാതാവും അവളെ പരിചരിക്കുന്നതിന്റെ ഭാരം പേറുന്ന ഭർത്താവും സ്വാലിഹായ സന്താനത്തിന്ന് വേണ്ടിയുള്ള പ്രാർഥന ശക്തിപ്പെടുത്തുക കൂടി വേണം. അല്ലാഹു പറയുന്നു: "ഒരൊറ്റ സത്തയിൽ നിന്ന് തന്നെ നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ. അതിൽ നിന്ന് തന്നെ അതിന്റെ ഇണയെയും അവനുണ്ടാക്കി; അവളോടൊത്ത് അവൻ സമാധാനമടയുവാൻ വേണ്ടി. അങ്ങനെ അവൻ അവളെ പ്രാപിച്ചപ്പോൾ അവൾ ലഘുവായ ഒരു (ഗർഭ)ഭാരം വഹിച്ചു. എന്നിട്ട് അവളതുമായി നടന്നു. തുടർന്ന് അവൾക്ക് ഭാരം കൂടിയപ്പോൾ അവർ ഇരുവരും അവരുടെ രക്ഷിതാവായ അല്ലാഹുവോട് പ്രാർഥിച്ചു: ഞങ്ങൾക്കു നീ ഒരു നല്ല സന്താനത്തെ തരികയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും."

ചുരുക്കത്തിൽ, ദൈവിക മാർഗദർശനത്തിലുള്ള ഉറച്ച ബോധ്യവും നിശ്ചയ ദാർഢ്യത്തോട് കൂടിയുള്ള പ്രാർഥനയും അനുയോജ്യമായ പരിപാലനവുമായി നീങ്ങുന്ന ദമ്പതികൾക്ക് പ്രസവം അടങ്ങാത്ത ആശങ്കയായിരിക്കില്ല; ഒടുങ്ങാത്ത ആശയായിരിക്കും, തീർച്ച!

ചലനങ്ങൾ

# മുജാഹിദ് മധ്യമേഖല ദഅ്‌വ കോൺഫറൻസ്

പെരിന്തൽമണ്ണ: ചില തൽപര കക്ഷികൾ ബോധപൂർവം ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന വർഗീയ ധ്രുവീകരണശ്രമങ്ങളെ കൂട്ടായ്മകളിലൂടെ ശക്തമായി പ്രതിരോധിക്കണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി പെരിന്തൽമണ്ണയിൽ നടന്ന മുജാഹിദ് മധ്യമേഖല ദഅ്‌വ കോൺഫറൻസ് ആഹ്വാനം ചെയ്തു. പാർലമെന്റിനു പോലും മാറ്റാൻ അധികാരമില്ലാത്ത, രാജ്യത്തെ പൗരന്മാരുടെ മൗലികാവകാശങ്ങളെ ഹനിക്കാനുള്ള ശ്രമങ്ങൾ ഇന്ത്യയെ തന്നെ തകർക്കാനുള്ള ഗൂഢശ്രമങ്ങളുടെ ഭാഗമാണ്.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് ചെയർമാൻ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. ഹുസൈൻ കാവനൂർ ആധ്യക്ഷ്യം വഹിച്ചു. സി.പി സലീം, അബ്ദുല്ലത്വീഫ് സുല്ലമി, സ്വാദിക് മദീനി, താജുദ്ദീൻ സ്വലാഹി തുടങ്ങിയവർ ക്ലാസെടുത്തു. എ.പി മുനവ്വിർ സ്വലാഹി, ഒ. മുഹമ്മദ് അൻവർ പ്രസംഗിച്ചു. റഷീദ് കൊടക്കാട്ട്, റഷീദ് മാസ്റ്റർ നിലമ്പൂർ, അബ്ദുൽ ഖാദർ പറവണ്ണ, ഷാനവാസ് സുല്ലമി എന്നിവർ ചർച്ചക്ക് നേതൃത്വം നൽകി. ടി. കെ. ത്വൽഹത്ത് സ്വലാഹി സമാപന പ്രസംഗം നടത്തി.

## പ്രൊഫ്കോൺ സംസ്ഥാന ലീഡേഴ്സ് മീറ്റ്

പാലക്കാട്: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി, മുജാഹിദ് സ്റ്റുഡന്റ്സ് മൂവ്മെന്റ് (എം.എസ്.എം) സംസ്ഥാന കമ്മിറ്റി മാർച്ച് 10,11,12 തീയതികളിൽ പാലക്കാട്ട് സംഘടിപ്പിക്കുന്ന എം. എസ്. എം പ്രൊഫഷണൽ സ്റ്റുഡന്റ്സ് ഗ്ലോബൽ കോൺഫ്രൻസിന്റെ ഭാഗമായി എം. എസ്. എം സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ലീഡേഴ്സ് മീറ്റ് പാലക്കാട്ട് സമാപിച്ചു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജനറൽ കൺവീനർ ടി.കെ അശ്റഫ് ഉദ്ഘാടനം ചെയ്തു. മുജാഹിദ് ദഅ്‌വ സമിതി ജില്ലാ ചെയർമാൻ ഹംസക്കുട്ടി സലഫി അധ്യക്ഷത വഹിച്ചു. എം. എസ്. എം സംസ്ഥാന പ്രസിഡന്റ് എ. പി. മുനവ്വർ സ്വലാഹി, സംസ്ഥാന വൈസ് പ്രസിഡന്റ് പി. പി. നസീഫ്, പ്രൊഫ്കോൺ ജനറൽ കൺവീനർ സി. എം. അബ്ദുൽ ഖാലിഖ്, മുജാഹിദ് ദഅ്‌വ സമിതി ജില്ലാ കൺവീനർ റഷീദ് കൊടക്കാട്ട്, ജില്ല ട്രഷറർ അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, ഐ. എസ്. എം ജില്ല പ്രസിഡന്റ് ടി. കെ. നിഷാദ് സലഫി, ജില്ല സെക്രട്ടറി കെ. പി. അഷ്ക്കർ അരിയൂർ, ഐ. എസ്. എം ജില്ല ട്രഷറർ ഒ. അൻവർ എന്നിവർ പ്രസംഗിച്ചു.

എം. എസ്. എം സംസ്ഥാന ഭാരവാഹി അഷ്കർ ഇബ്റാഹീം, ജില്ല പ്രസിഡന്റ്ടി. അനസ് മുബാറക്, ജില്ല സെക്രട്ടറി മുഹമ്മദ് ഷാഹിൻഷ, ജില്ല ട്രഷറർ കെ.ടി. മുഹമ്മദ് ശഫീക് എന്നിവർ ചർച്ച നിയന്ത്രിച്ചു.

പ്രൊഫ്കോണിന്റെ ഭാഗമായി കാമ്പസ് ദഅ്‌വ, സ്പാർക്ക് പ്രി പ്രൊഫ്കോൺ മീറ്റ്, സന്ദേശ പ്രയാണം, ലഘുലേഖ വിതരണം, ഇന്റർകോളജ് ദഅ്‌വ, ജില്ല, മണ്ഡലം കൺവെൻഷനുകൾ എന്നിവ സംഘടിപ്പിക്കും.

## എം.ജി.എം എടത്തനാട്ടുകര മണ്ഡലം മാരിറ്റൽ ഗൈഡൻസ് ക്യാമ്പ് സമാപിച്ചു

എടത്തനാട്ടുകര: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി എം. ജി. എം എടത്തനാട്ടുകര മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച മാരിറ്റൽ ഗൈഡൻസ് ക്യാമ്പ് കോട്ടപ്പള്ള ദാറുൽ ക്വുർആൻ ഓഡിറ്റോറിയത്തിൽ സമാപിച്ചു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജനറൽ കൺവീനർ ടി. കെ. അശ്റഫ് ഉദ്ഘാടനം ചെയ്തു. മുജാഹിദ് ദഅ്‌വ സമിതി മണ്ഡലം കൺവീനർ സാദിഖ് ബിൻ സലീം അധ്യക്ഷത വഹിച്ചു.

ദഅ്‌വ സമിതി ജില്ല ട്രഷറർ അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, ഐ.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് ഒ. മുഹമ്മദ് അൻവർ, ദഅ്‌വാ സമിതി മണ്ഡലം ചെയർമാൻ ഹംസ മാടശ്ശേരി, എ.പി. ഖമറുദ്ദീൻ, കെ. സക്കീർ ഹുസൈൻ എന്ന മാനുട്ടി എന്നിവർ പ്രസീഡിയം നിയന്ത്രിച്ചു.

പ്രമുഖ വിദ്യാഭ്യാസ-കുടുംബ മാർഗ നിർദേശകൻ ഡോ. ജൗഹർ മുനവ്വിർ, ആലപ്പുഴ ഗവ. മെഡിക്കൽ കോളജ് റേഡിയോളജിസ്റ്റ് ഡോ. മീന, വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് ചെയർമാൻ ഹാരിസ് ബിൻ സലീം, എം.ജി.എം മണ്ഡലം വൈസ് ചെയർമാൻ ഒ.നൂർജഹാൻ എന്നിവർ ക്ലാസെടുത്തു.

## ക്വുർആൻ ഹദീഥ് ലേണിംഗ് സ്‌കൂൾ വാർഷിക പരീക്ഷാഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: ക്വുർആൻ ഹദീഥ് ലേണിംഗ് സ്‌കൂൾ വാർഷിക പരീക്ഷാഫലം പ്രഖ്യാപിച്ചു. റൗള കമർ (പെരിങ്ങാടി, കണ്ണൂർ) ഒന്നാം റാങ്കും റജ്‌വ ജമാൽ വി.പി (അരീക്കോട്, മഞ്ചേരി) രണ്ടാം റാങ്കും നസിയ നിസാർ (അഴിയൂർ, കോഴിക്കോട് നോർത്ത്) മൂന്നാം റാങ്കും കരസ്ഥമാക്കി.

ഈ വർഷത്തെ മർഹല തല പരീക്ഷ സെപ്റ്റംബർ മാസത്തിലും വാർഷിക പരീക്ഷ നവംബറിലും നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. അമാനി മൗലവിയുടെ ക്വർആൻ തഫ്‌സീറിന്റെ മുഖവുരയും അൽഫുർഖാൻ, അസ്സജദ, അത്ത്വലാഖ് എന്നീ സൂറത്തുകളുമായിരിക്കും സിലബസ്.

## പ്രൊഫ്‌കോൺ പ്രചാരണ സംഗമം

കൊച്ചി: എം.എസ്.എം സംസ്ഥാന സമിതി മാർച്ച് 10,11,12 തീയതികളിൽ പാലക്കാട്ട് വെച്ച് നടത്തുന്ന പ്രൊഫ്‌കോണിന്റെ ഭാഗമായി എറണാകുളം ജില്ല പ്രചാരണ സംഗമം ഇടപ്പള്ളി ടോളിൽ വെച്ച് നടന്നു. എം.എസ്.എം സംസ്ഥാന എക്‌സിക്യുട്ടീവ് അംഗം ആശിക് ഷാഹുൽ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് നിയാസ് ബിൻ മാഹിൻ ആധ്യക്ഷ്യം വഹിച്ചു.

## വിദ്യാഭ്യാസ മേഖലയിലെ വിവാദങ്ങൾ നിലവാരത്തകർച്ചക്ക് കാരണമാകും: ദഅ്‌വ കോൺഫറൻസ്

തലശ്ശേരി: കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിരന്തര വിവാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് സ്ഥാപനങ്ങളുടെ ഗുണനിലവാരം താഴോട്ട് പോകുന്നതിന് കാരണമാകുന്നുണ്ടെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ഉത്തര മേഖല ദഅ്‌വാ കോൺഫറൻസ് അഭിപ്രായപ്പെട്ടു.

സമ്മേളനം മുൻ മന്ത്രി സി.കെ നാണു എം.എൽ.എ ഉദ്ഘാടനം ചെയ്തു. നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജനറൽ കൺവീനർ ടി.കെ അശ്‌റഫ്, സി.പി അബ്ദുള്ള, ഐ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ്, മൊയ്തു പി.എം, എം.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി പി.ലുബൈബ്, ഹംസ മദീനി, ശബീബ് സ്വലാഹി, യു.മുഹമ്മദ് മദനി, കെ.അബ്ദുള്ള ഫാസിൽ, മുജീബ് ഒട്ടുമ്മൽ, സി.എം അബ്ദുൽ ഖാലിക്ക്, സി. മുഹാസ്, സയ്യിദ് മുഹമ്മദ് മശ്ഹൂർ എന്നിവർ പ്രസംഗിച്ചു.


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**പ്രമേഹം: 3**
**ഡോ.അബ്ദുൽ ജലീൽ,**
**ഡോ.റാം നാരായൺ**
(അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ എം.ഇ.എസ് മെഡി.കോളേജ്)
20.02.17 തിങ്കൾ 9:00 PM, 11:15 PM
21.02.17 ചൊവ്വ 10:30 AM

**നേർരേഖ**
**ബിദ്അത്തിന്റെ കാരണം; നല്ലതല്ലേ എന്ന ചിന്ത**
**താജുദ്ധീൻ സ്വലാഹി**
20.02.17 തിങ്കൾ, 5:30 PM
21.02.17 ചൊവ്വ 11:45 PM

**ജീവിത പാഠങ്ങൾ**
**കടം സമ്മാനിക്കുന്ന വേദനകൾ**
**ശമീർ മുണ്ടേരി**
23.02.17 വ്യാഴം, 5:30 PM
24.02.17 വെള്ളി, 11:45 PM

**തജ്‌വീദ് പഠനം**
**സൂറത് ഇൻഫിത്വാർ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
24.02.17 വെള്ളി, 7:45 PM
25.02.17 ശനി, 5:00 PM

**നിയമപാഠം**
**സേവനാവകാശങ്ങൾ, ഭാഗം: 7**
**അഡ്വ: രാജേഷ് നെടുമ്പ്രം**
(സേവനാവകാശ സമിതി സ്‌റ്റേറ്റ് സെക്രട്ടറി)
**സഹീർ ചിങ്ങത്ത്** (വിവരാവകാശ പ്രവർത്തകൻ)
**അൻവർ പുലാപ്പറ്റ**
24.02.17 വെള്ളി, 9:00 PM, 11:15 PM
25.02.17 ശനി, 10:30 AM

**സ്മൃതിപഥം**
**വിശ്വാസം: ഇമാം ബുഖാരിയുടെ വാക്കുകൾ**
**മൂസ സ്വലാഹി കാര**
26.02.17 ഞായർ, 7:20 AM, 5:30 PM
27.02.17 തിങ്കൾ, 11:45 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

നമുക്ക് ചുറ്റും

# ജനാധിപത്യ ജെല്ലിക്കെട്ട്



ശ്വാസം അടക്കിപ്പിടിച്ച രാഷ്ട്രീയ നാടകങ്ങളിലൂടെ തമിഴ് രാഷ്ട്രീയം വീണ്ടും തനിസ്വരൂപം സ്വീകരിച്ചിരിക്കുന്നു. നീണ്ട വർഷങ്ങൾ തമിഴകം അടക്കിഭരിച്ച ജയലളിതയുടെ മരണത്തിന് ശേഷം പിൻഗാമിയെ ചൊല്ലിയുള്ള രാഷ്ട്രീയ ജെല്ലിക്കെട്ട് കൂടുതൽ ഗംഭീരമായി മുന്നേറുകയാണ്.

അഴിമതിയുടെയും വ്യക്തിജീവിതത്തിലെ ദുഃശാഠ്യങ്ങളുടെയും കറപുരണ്ടതായിരുന്നെങ്കിലും സാധാരണക്കാർക്കൊപ്പം നിൽക്കാൻ സാധിച്ച ഭരണാധികാരി എന്ന നിലയിലാണ് 'തലൈവി' രാഷ്ട്രീയ ചരിത്രത്തിൽ അറിയപ്പെടുക. രണ്ടു രൂപക്ക് അരിയും പകുതി വിലക്ക് സിമന്റും സൗജന്യ നിരക്കിൽ ഇഡ്ഡലിയും ദോശയുമടക്കം നൽകി പാവങ്ങളുടെ മനസ്സിൽ കുടിയിരിക്കാൻ നിഷ്പ്രയാസം സാധിച്ച 'ജയമാജിക്കി'ന് അന്ത്യംകുറിക്കുന്നത് ഉദ്വേഗജനകമായ രാഷ്ട്രീയ വടംവലിയുടെ നാടകീയ രംഗങ്ങൾക്ക് തുടക്കമിട്ടുകൊണ്ടാണ്.

കൂടെ നിഴലായി നിന്ന തോഴി ശശികലയോ, പ്രതിസന്ധി ഘട്ടങ്ങളിൽ പ്രതിനിധിയായി നിന്ന വിശ്വസ്തൻ പനീർസെൽവമോ ആരാണ് തമിഴ്നാടിന്റെ ഭരണചക്രം തിരിക്കുക എന്നതാണ് ദേശീയ രാഷ്ട്രീയം ഉറ്റു നോക്കുന്നത്. എം.എൽ.എമാരെ മുഴുവൻ മഹാബലിപുരത്തെ റിസോർട്ടിൽ 'ബന്ദികളാക്കി' വെച്ചുകൊണ്ടാണത്രെ ശശികല നടരാജൻ മുഖ്യമന്ത്രിപദത്തിന് അവകാശവാദവുമായി രംഗത്ത് വന്നിട്ടുള്ളത്.

രണ്ട് തവണ ഇടക്കാല മുഖ്യമന്ത്രിയായി പ്രവർത്തിച്ച ഒ.പി.എസ് എന്ന ഒ. പനീർസെൽവം സ്ഥാനത്യാഗിയായി മൗനം തുടരുന്നതിനിടയിലാണ് ദേശീയ രാഷ്ട്രീയത്തിൽ അലയൊലികളുയർത്തിയ അവകാശവാദങ്ങളുമായി രാജി തിരിച്ചെടുക്കാൻ തയ്യാറായി ഗോദയിൽ ഇറങ്ങിയത്.

ആരു ഭരിച്ചാലും നെറികെട്ട കുറെ പൊറാട്ട് നാടകങ്ങൾക്ക് തമിഴകം സാക്ഷിയാകേണ്ടി വരും. ജയലളിതയുടെ ഭരണകാലത്ത് മറക്ക് പിന്നിൽ ചരട് വലിച്ചിരുന്ന ശശികലയുടെ ഭർത്താവ് നടരാജൻ നേതൃത്വം കൊടുക്കുന്ന മന്നാർഗുടി മാഫിയ ലക്ഷ്യമിടുന്നത് കോടികളുടെ 'അഴിമതി കച്ചവട'മാണ്.

കൂടെ നിൽക്കുന്ന എം.എൽ.എമാരിൽ ഓരോരുത്തർക്കും അഞ്ച് കോടി രൂപ വീതമാണ് വീതം വെപ്പ് എന്നറിയുമ്പോൾ കാണാനിരിക്കുന്ന അഴിമതിപ്പൂരവും സ്വജനപക്ഷ മാമാങ്കവും പറഞ്ഞറിയിക്കേണ്ടി വരില്ല. എം.എൽ.എമാർ കൂറുമാറാതിരിക്കാൻ ഗുണ്ടകൾ ജനാധിപത്യത്തിന് കാവൽ നിൽക്കുകയാണ്.

തമിഴ് ഐക്യവും ദ്രാവിഡ മുന്നേറ്റവും മുഖ്യ അജണ്ടയാക്കി മുന്നേറുന്ന തമിഴ് പാർട്ടികൾ പ്രാദേശിക വാദത്തിൽ ഏതറ്റം വരെ പോകാനും തയ്യാറായിരുന്നെങ്കിലും വർഗീയതയിൽ നിന്ന് ഏറെ ബഹുദൂരമായിരുന്നു എന്നത് ഏറെ ശ്രദ്ധേയമായിരുന്നു. അധികാരം നിലനിർത്താൻ പനീർസെൽവം തുറന്ന് കൊടുത്ത പിൻവാതിലിലൂടെ ബി.ജെ.പി തമിഴ് മണ്ണിൽ ചുവടുറപ്പിക്കുമോ എന്നതാണ് മതേതരവിശ്വാസികൾ ആകുലതയോടെ ഉറ്റു നോക്കുന്നത്. നാശത്തിന്റെയും നിരാശയുടെയും ചാരക്കൂമ്പാരത്തിൽ നിന്ന് ചിറകടിച്ചുയർന്ന ഒ.പി.എസ് എന്ന ഫിനിക്സ് പക്ഷി പറക്കുന്നത് താമരക്കുളങ്ങൾക്ക് മുകളിലാണ് എന്നത് തമിഴ്നാട്ടിന്റെ രാഷ്ട്രീയചിത്രം ചോര കൊണ്ട് മാറ്റി എഴുതാൻ കാരണമാകാതിരുന്നാൽ അത്രയും നല്ലത്.

നമുക്ക് കണ്ണും കാതും തമിഴ്നാട്ടിലേക്ക് തുറന്ന് വെക്കാം. പഴയ എം.ജി.ആർ സിനിമകളെ വെല്ലുന്ന ക്ലൈമാക്സും ആന്റി ക്ലൈമാക്സും ദ്രാവിഡ രാഷ്ട്രീയത്തിന്റെ പതിവ് രീതിയാണ്. പ്രവചനങ്ങൾക്ക് പ്രസക്തിയില്ലാത്ത കളിക്കളത്തിൽ അനുനിമിഷം എന്തും സംഭവിക്കാം. മുഖ്യമന്ത്രിയാവാൻ ശ്രമിക്കുന്നവർ മുഖ്യപ്രതികളാവുന്നതും തൂണും ചാരി നിന്നവർ ഭരണം കൊണ്ട് പോവുന്നതും കണ്ണിമ വെട്ടാതെ നോക്കി നിൽക്കേണ്ടിയും വരാം. അന്നന്ന് കാണുന്നവനെ അപ്പനും അമ്മയുമായി സങ്കൽപിക്കാൻ മടിയില്ലാത്ത ജനപ്രതിനിധികൾ ഉള്ള നാട്ടിൽ വില കുറയുന്നത് പൗരബോധത്തിനും ജനാധിപത്യമൂല്യങ്ങൾക്കുമാണ്.


peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code
യാഥാർഥ്യത്തിലേക്ക് കാതോർക്കുക...
peaceradio
Tune to reality
Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 18 February 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-




ഇന്ത്യയിലെ എല്ലാ മികച്ച ബ്രാൻഡുകളുടെ ഗൃഹോപകരണങ്ങൾ,ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ,
മൊബൈൽ ഫോണുകൾ,ലാപ്ടോപ്പുകൾ,ക്യാമറകൾ തുടങ്ങിയവ വാറണ്ടിയോടൊപ്പം കേരളത്തിലെ
നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു..ഗൾഫ് മലയാളികൾക്കായുള്ള വെൽക്കം ഗ്രൂപ്പിന്റെ നൂതന സംരംഭം..

കേരള trobone
kerala.trobone.com

Visit us at
kerala.trobone.com
Helpdesk(Kerala) : +917593888855
Helpdesk(Dubai) : +97142288767

a division of trobone.com